KNANAYADEEPAM

# ക്നാനായ ദീപം


SINCE 1989

Vol: 32 / Issue: 3 March 2021 ₹ :15/-



# 11-ാം ചരമ വാർഷികം (29-03-2021)

**ദൈവമേ നിന്റെ കൃപയുടെ ബഹുത്വംപോലെ**
**എന്നോടു കരുണയുണ്ടാകേണമേ**



# ഇ. ജെ. കുറിയാക്കോസ്

**ഇടശ്ശേരിൽ, ഒഴുവൻപാറ, റാന്നി**

"കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ"

ഭാര്യ എ.സി.ഏലിയാമ്മ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ (ഐസക്ക്, റെയ്ചൽ, കുറിയാക്കോസ് & എൽസ)

Advt -O

# ക്നാനായ ദീപം

SINCE 1989

2021 മാർച്ച് പുസ്തകം 32 ലക്കം 3

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

യേശുവിങ്കലേക്ക് വരുക സമൃദ്ധിയായ ജീവനിലേക്കും! 08
സുനിൽ ഡി. കുരുവിള

ഉയിർപ്പു തരുന്ന പ്രത്യാശ 10
ലീലാമ്മ എബ്രഹാം, പാലക്കുടി

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജയിംസ് തോടത്തിൽ

ഇങ്ങനെയും ജീവിതം 17
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

ഏവൻഗേലിയോൻ ദീപം 19
ഫാ. സിജോ എബ്രഹാം

പുസ്തക അവലോകനം 22
ഫാ. ഡോ. തോമസ് മണിമല

ആശ്രയം 23
കുഞ്ഞ് എബ്രഹാം പള്ളിക്കപ്പറമ്പിൽ

മലർവാടിക്കൂട്ടം 24

ബാലദീപം ക്വിസ് 24

25 കാല്പ്പാടുകൾ
എബി

26 മല്പാനോടു ചോദിക്കാം

39 ഐക്യത അനിവാര്യം
റ്റി. സി. തോമസ് തോപ്പിൽ

40 കഷ്ടാനുഭവ ധ്യാനം
ഫാ. ജോൺ മാത്യു മൂലംകുളം

41 പ്രാർത്ഥനാ ചരട്
ഫാ. ക്രിസ്റ്റോ സി. കുര്യൻ ചക്കിട്ടപറമ്പിൽ

43 വിവേകപൂർവ്വമായ ഉത്തരം
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

44 ആരും അന്യരല്ല
ഓമന സഖറിയ പുതിയമഠം

45 19-ാമത് ക്നാനായ കൺവൻഷൻ
റ്റി.കെ. കുര്യൻ തൈക്കുറിഞ്ഞിയിൽ

46 മാട്രിമോണിയൽ


ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Visit www. knanayadeepam.in**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com




**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

**നേതൃത്വം അതിൽ തന്നെ തെറ്റല്ല. മനുഷ്യർക്ക് നേതാക്കന്മാരെ ആവശ്യമുണ്ട്. ഇടയനില്ലാത്ത ആടുകളെപ്പോലെ ജനങ്ങളെ കർത്താവു കണ്ടു ദുഃഖിച്ചു. ചുമതലകളെ ഏറ്റെടുത്ത് നടത്താൻ കഴിവുള്ള, മനസ്സുള്ള, ധൈര്യമുള്ള, ദൈവവിളിയുള്ള നേതാക്കന്മാരെയാണ് വേണ്ടത്.**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ക്ഷേമം എന്നു വിശ്വസിക്കട്ടെ. ഇന്നുവരെയും നമ്മെ ക്ഷേമത്തോട് കാത്തു പരിപാലിച്ച നമ്മുടെ രക്ഷകനായ യേശു മിശിഹായിക്ക് സ്തോത്രത്തോടെ നന്ദി കരേറ്റാം.

നേതാവാകാൻ മനുഷ്യൻ കാട്ടിക്കൂട്ടുന്ന പരിശ്രമങ്ങൾപോലെ മറ്റേതിനെങ്കിലും ഉണ്ടോ എന്നറിഞ്ഞുകൂടാ. രാഷ്ട്രത്തിൽ ഇന്നു നടക്കുന്ന വടംവലിയൊക്കെ എന്തിനാണ്. മനുഷ്യരെ നന്നാക്കാനാണോ. തിരഞ്ഞെടുപ്പ് വരുന്നുണ്ടല്ലോ അതിന് നില്ക്കുന്നതെന്തിന്? ആർക്കെങ്കിലും എന്തെങ്കിലും ഉപകാരം ചെയ്യാനോ ഉണ്ടാക്കാനോ ആണോ ഒന്നുമല്ല, നേതാവാകാൻ. എന്റെ ചെറുപ്പകാലം മുതൽ ഞാൻ കാണുന്ന ഒരു സത്യം ഉണ്ട്. പള്ളിവക സ്ഥാപനങ്ങളിൽ തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ മൂന്നു വർഷത്തിനകം ഏതെങ്കിലും നിയമനങ്ങൾ നടക്കുമോ എന്നു പരിശോധിച്ചിട്ട് സ്വന്തക്കാർക്ക് അത് നേടിക്കൊടുക്കുവാനും നേതാവാകാനും വേണ്ടി മാത്രം അല്ലാതെ സ്ഥാപനങ്ങളുടെ ഉയർച്ചക്കുവേണ്ടി കമ്മറ്റിക്കാരേയോ മാനേജർമാരേയോ തിരഞ്ഞെടുക്കുന്ന രീതി എങ്ങും തന്നെ കാണുന്നില്ല. ആ സ്ഥിതിക്ക് മാറ്റം വന്നേ മതിയാകൂ.

നേതാവായാലോ? നേതാക്കന്മാർക്കിടയിൽ പിന്നെയും കടിപിടി, അടിപിടി ആരാണ് നേതാക്കന്മാരുടെ നേതാവ്. ആ ചോദ്യത്തിനു മറുപടി കിട്ടാനാണ് പിന്നത്തെ ശ്രമം. മനുഷ്യ ജീവിതത്തിന്റെ ഏതുകോണിൽ ചെന്നു നോക്കിയാലും വലിയവനാകാനുള്ള മോഹം മനുഷ്യനെ ഭരിക്കുന്നു. മറ്റുള്ളവരുടെ മുമ്പിൽ ഉയർന്നവനായി കാണപ്പെടണം. അതിന് അർഹനല്ലെങ്കിലും എന്നെ അംഗീകരിക്കണം.

നിഗളമാണ് ഈ നേതൃത്വകാംക്ഷയുടെ നാരായ വേര്. അരുണോദയ പുത്രനായ ശുക്രൻ എങ്ങനെ ആകാശത്തുനിന്നുവീണു. യെശയ്യാവ്.14:12 നിഗളം കൊണ്ടാകുന്നു. ഞാൻ അത്യുന്നതനോട് സമനാകും എന്നവൻ ഹൃദയത്തിൽ പറഞ്ഞു. നേതൃത്വകാംക്ഷയായിരുന്നു അവന്റെ പാപം. അവനാണല്ലോ സാത്താൻ. അങ്ങനെ സാത്താനു രൂപം കൊടുത്ത പാപമാണ് തനിക്ക് വലിയവനാകണമെന്നുള്ള ഈ ആകാംക്ഷ. പാപങ്ങളുടെ മൂലപാപം സർവ്വ ദോഷങ്ങളുടെയും മാതൃകാദോഷം. അതുതന്നെ സഭയിലെ കലഹ കാരണം.

നേതൃത്വം അതിൽ തന്നെ തെറ്റല്ല. മനുഷ്യർക്ക് നേതാക്കന്മാരെ ആവശ്യമുണ്ട്. ഇടയനില്ലാത്ത ആടുകളെപ്പോലെ ജനങ്ങളെ കർത്താവു കണ്ടു ദുഃഖിച്ചു. യോഗ്യന്മാരായ നേതാക്കന്മാരില്ലാത്തതാണ് ഇന്ന് സമുദായത്തിൽ, സഭയിൽ, എവിടെയുമുള്ള കുഴപ്പം. പക്ഷേ നേതൃത്വത്തിന് അതിന്റേതായ ഉത്തരവാദിത്വമുണ്ട്. ചുമതലകളെ ഏറ്റെടുത്ത് നടത്താൻ കഴിവുള്ള, മനസ്സുള്ള, ധൈര്യമുള്ള, ദൈവവിളിയുള്ള നേതാക്കന്മാരെയാണ് വേണ്ടത്.

യോശുവായുടെ പുസ്തകം 17:14 ൽ യോശുവയോട് യോസഫിന്റെ കുടുംബക്കാർ പറഞ്ഞു ഞങ്ങൾ വലിയ ജനമാണ്. ഞങ്ങൾക്കു കിട്ടിയ നറുക്കും ഓഹരിയും പോരാ. കൂടുതൽ വേണം എന്ന്. യോശുവാ പറഞ്ഞു ശരി നിങ്ങൾ വലിവരാണല്ലോ. പോയി കാടുവെട്ടി സ്ഥലം എടുത്തുകൊൾക. അതിനവർക്ക് മനസ്സില്ലായിരുന്നു. വലിയവർ എന്ന കുടുംബക്കാർ എന്ന അംഗീകരണം കിട്ടണം. പണി എടുക്കാൻ വയ്യാ. വലിപ്പം മതി അക്കൂട്ടർ ഇന്നും ഉണ്ട്.

ന്യായാധിപന്മാർ 8-ാം അദ്ധ്യായത്തിൽ എഫ്രയിമ്യർ എന്നൊരു കൂട്ടരുണ്ട്. അവർ മിദ്യാന്യരോട് ചോദിക്കുന്നു നിങ്ങൾ യുദ്ധം ചെയ്യാൻ പോയിട്ട് ഞങ്ങളെ വിളിക്കാഞ്ഞതെന്ത്. ഇതു കേട്ടാൽ തോന്നും യുദ്ധം ചെയ്യാൻ തയ്യാറാണെന്ന് അല്ല. സങ്കീ. 78:9 ൽ ആയുധം ധരിച്ച വില്ലാളികളായ എഫ്രയിമർ യുദ്ധ ദിവസത്തിൽ പിന്തിരിഞ്ഞുപോയി എന്നു പറഞ്ഞിരിക്കുന്നു. അവരെ ആളുകളായി പരിഗണിക്കാത്തതിന്റെ മുറുമുറുപ്പാണ്. മിദ്യാന്യർ അവരെ പൊക്കി പറഞ്ഞപ്പോൾ പ്രശ്നം തീർന്നു. ഇന്നും ചിലരുണ്ട്. ഒരു കാര്യവും അവരോട് ചോദിക്കാതെ ചെയ്യരുത്. അവർ നേതാക്കന്മാരാണ്. എല്ലാറ്റിനും അവരെ വിളിച്ചിരിക്കണം. അവരോട് പറഞ്ഞിരിക്കണം അത്രമാത്രം.

ഒരിക്കൽ കർത്താവിന്റെ രണ്ട് ശിഷ്യന്മാർ അവർക്കൊരാഗ്രഹം കർത്താവ് മഹത്വത്തിൽ വരുമ്പോൾ ഒരുത്തന് വലത്തും മറ്റവന് ഇടത്തും ഇരിക്കണം. ഇരിപ്പിടമാണ് അവർക്ക് പ്രധാനം. കർത്താവ് കുടിക്കുന്ന പാനപാത്രവും കർത്താവ് ഏൽക്കുന്ന കുരിശിലെ വേദനകളാകുന്ന സ്നാനവും ഏൽക്കാൻ അവർക്ക് മനസ്സില്ല. സ്ഥാനം മാത്രം മതി.

കാടുവെട്ടി മലകൾ പിടിച്ചെടുക്കയല്ല. പണ്ട് ആരോ പിതാക്കന്മാർ പണിത പള്ളികൾ പിടിച്ചെടുത്ത് കുറച്ചു നാളുകൾ കഴിയുമ്പോൾ കാടു കേറി നശിക്കണം. യുദ്ധം അന്ധകാരാധിപതികളോടല്ല ജഢരക്തങ്ങളോടാണ്. സഭയിൽ ഇന്നത്തെ ഏറ്റവും വലിയ ആവശ്യം ആത്മീക നേതൃത്വം ആണ്. പരിശുദ്ധാത്മ നിയമിതരായ മൂപ്പന്മാർ, കൂട്ടുമൂപ്പന്മാർ, ശുശ്രൂഷകർ ഇന്ന് സഭയിലില്ല. അതിനു പകരം നേതൃത്വം കൊതിക്കുന്ന ചില ജഡികന്മാർ കടന്നു കൂടിയിട്ടുണ്ട്. അവരാണ് സഭയിലെ ധനികർ, പഠിത്തക്കാർ, കുടുംബക്കാർ. ഇതൊന്നുമില്ലെങ്കിൽ അല്പം വാചാലത്വമുള്ളവർ. ഒരു അർഹതയുമില്ലെങ്കിൽ സ്ഥാനക്കൊതി എന്ന യോഗ്യത മാത്രം കാണും. ഇവരുടെ കൈകളിൽനിന്നും സഭ വിടുവിക്കപ്പെടണം. ആത്മീകന്മാർ എഴുന്നേൽക്കണം, ആത്മാക്കളെപ്പറ്റി

*(ശേഷം പേജ് 9-ൽ)*



## സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

**2021** ലെ വലിയ നോമ്പിന്റെ പാതി പിന്നിട്ടിരിക്കുന്നു. ആശങ്കകൾ നിറഞ്ഞ ജീവിത സാഹചര്യങ്ങളിലും അളവറ്റ ദൈവകൃപ അനുഭവിക്കുവാൻ, അതിൽ സമാധാനം കണ്ടെത്തുവാൻ പരമകാരുണികനായ ദൈവം സഹായിക്കുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

കഴിഞ്ഞ വർഷം മാർച്ച് മുതൽ കോവിഡ്-19 എന്ന സാംക്രമിക രോഗത്തിന്റെ പിടിയിൽ നാം എല്ലാം അമർന്നിരിക്കുകയാണല്ലോ. ദൈവത്താൽ അസാദ്ധ്യമായതൊന്നുമില്ല എന്ന് നമ്മെ ശക്തിപ്പെടുത്തുന്നതും പ്രത്യാശ പകരുന്നതുമായ ദൂതാണ് മാർച്ച് 25 ന് നാം ആചരിക്കുന്ന 'വചനിപ്പ് പെരുന്നാൾ' നമ്മുടെ വിശ്വാസ ജീവിതത്തിൽ നല്കുന്നത്. വചനിപ്പ് പെരുന്നാളിന്റെ ആചരണം നമ്മെ ശക്തിപ്പെടുത്തേണ്ടതുണ്ട്. നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നവൻ ദൈവമാണ് എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്. നാം വിശ്വസിക്കുന്ന ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ലാ എന്നത് ദൈവത്തിൽ ആശ്രയം വയ്ക്കുവാൻ നമുക്ക് പ്രേരണയാകണം. ലോകം അസാദ്ധ്യമെന്ന് എണ്ണുന്നവയിലും സാദ്ധ്യതകളുടെ പടവുകൾ സൃഷ്ടിക്കുന്ന ദൈവം നമ്മെ വഴി നടത്തുമെന്ന പ്രത്യാശ നമ്മുടെ ജീവിതത്തിൽ ശോഭ പകരുന്ന പൊൻ വെളിച്ചമാകട്ടെ.

വലിയ വെള്ളി ആഗതമാകുകയാണല്ലോ. മനുഷ്യ പാപം പരിഹരിച്ച് മനുഷ്യനെ പാപരഹിതരാക്കാനുള്ള ദൈവിക പദ്ധതിയുടെ സാക്ഷാത്കാരത്തിന്റെ സ്മരണയാണല്ലോ നാം വലിയ വെള്ളി ആചരണത്തിലൂടെ നിർവ്വഹിക്കുന്നത്. ദൈവം തന്റെ പുത്രനായ യേശുവിനെ ലോകത്തിലേക്ക് അയച്ചത് മനുഷ്യകുലത്തെ സാത്താന്റെ അടിമത്വത്തിൽ നിന്നും വീണ്ടെടുക്കുവാൻ ആണല്ലോ. വലിയ വെള്ളിയിൽ ഇതിനെ ധ്യാനിക്കുവാനും, ലോകത്തിന്റെ വിമോചകനായ യേശുവിൽ അഭയപ്പെടാനും നമുക്കിടയാകട്ടെ.

വലിയ വെള്ളിയിൽ നിന്ന് നാം പ്രവേശിക്കുന്നത് ഈസ്റ്ററിലേക്കാണല്ലോ. ഈസ്റ്റർ നല്കുന്നത് പ്രത്യാശയുടെ സന്ദേശമാണ്. യേശു ഉയിർത്തെഴുന്നേറ്റതുപോലെ ലോകത്തിൽനിന്ന് വാങ്ങിപ്പോയ എല്ലാവർക്കും ഉയിർപ്പിന്റെ അനുഭവമുണ്ട്. അതിനെ തുടർന്നുള്ള ന്യായവിധിയെ നാം അഭിമുഖീകരിക്കേണ്ടതായിട്ടുമുണ്ട് നമുക്കായി ദൈവം ഒരുക്കുന്ന നിത്യ രാജ്യത്തിന് അവകാശികളായി നാം തീരേണ്ടതുണ്ട്. അതിനുള്ള ഒരുക്കകാലമായി ഈ നോമ്പിന്റെ ദിനങ്ങൾ തീരട്ടെ.

എല്ലാവർക്കും ഈസ്റ്ററിന്റെ എല്ലാ മംഗളങ്ങളും ആശംസിക്കുന്നു.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്താ**

**നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നവൻ ദൈവമാണ് എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്. നാം വിശ്വസിക്കുന്ന ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ലാ എന്നത് ദൈവത്തിൽ ആശ്രയം വയ്ക്കുവാൻ നമുക്ക് പ്രേരണയാകണം.**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

വലിയ നോമ്പിന്റെ ദിനങ്ങളിൽ കൂടി നമ്മൾ കടന്നുപോയിക്കൊണ്ടിരിക്കുകയാണല്ലോ. ഈ നോമ്പു കാലത്തു നമ്മുടെ നോമ്പും പ്രാർത്ഥനയും നമ്മുടെ സമുദായത്തിനു വേണ്ടി, സമുദായത്തിന്റെ നിലനില്പിനുവേണ്ടി മുട്ടിപ്പായി പ്രാർത്ഥനകൾ ആവണമേ എന്ന് ആദ്യമെ അപേക്ഷിക്കുകയാണ്.

വലിയ പ്രതിസന്ധിയിൽ കൂടിയാണ് നമ്മുടെ സമുദായം കടന്നുപോകുന്നത്. സമുദായത്തിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടായാൽ അതിന് പരിഹാരം കണ്ടെത്താനാകും. എന്നാൽ പരിശുദ്ധാത്മാവിന്റെ ഇടപെടൽ ഉണ്ടായാൽ മാത്രമെ നമ്മുടെ ഇടയിലെ ചേരിപ്പോരും ആഭ്യന്തര അന്ത:ഛിദ്രവും അതിജീവിക്കാനാവൂ. നമ്മുടെ സമുദായത്തിൽ ഒരു ശാശ്വത സമാധാനം കൊണ്ടുവരാൻ ഉള്ള ക്നാനായ കമ്മിറ്റിയുടെയും വൈദിക കൗൺസിലിന്റെയും നിരന്തരമായ സമാധാനശ്രമങ്ങളിൽ ആരും തന്നെ സഹകരിക്കുന്നില്ല എന്ന വസ്തുത ഖേദത്തോടെ പറയട്ടെ. ഓരോ മാസത്തെയും സമുദായ വാർത്തകളിൽ കമ്മിറ്റി സമാധാനത്തിനുവേണ്ടി ആഹ്വാനം ചെയ്യും. എന്നാൽ സമുദായത്തിലെ സഹായ മെത്രാച്ചന്മാർ അതിനോട് സഹകരിക്കുന്നില്ല എന്നു പറയാതെ വയ്യ.

നമ്മുടെ സഹോദരങ്ങളായ പരി.യാക്കോബായ സഭയ്ക്ക് നീതി ലഭിക്കുന്നതിന് വേണ്ടി പോരാടുന്ന അവരുടെ അനിശ്ചിതകാല സമരം നടക്കുന്ന തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിലെ സമരവേദിയിൽ പരി. യാക്കോബായ സഭയിലെ ജനങ്ങൾക്കൊപ്പം ഒരു ദിവസം വന്ന് പങ്കെടുക്കണമെന്നുള്ള അവരുടെ ക്ഷണമനുസരിച്ച് സമുദായ മെത്രാപ്പോലീത്ത അഭി. സേവേറിയോസ് തിരുമേനിയും, സമുദായ സെക്രട്ടറിയും, അപ്രേം സെമിനാരി മാനേജർ അച്ചനും 5/2/2021 രാവിലെ മുതൽ അവരുടെ സമരത്തിൽ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് നടയിൽ പങ്കെടുക്കുകയുണ്ടായി. ഇതിന്റെ വാർത്ത പത്ര ദൃശ്യമാധ്യമങ്ങളിലും യാക്കോബായ സഭയുടെ ഫേസ്ബുക്കിലൂടെയും ഒക്കെ വരികയും ചെയ്തു. യാക്കോബായ സഭയുടെ കൃതജ്ഞത അവർ അറിയിക്കുകയും ചെയ്തു.




കഴിഞ്ഞ മാസം ഒമ്പതാം തീയതി യാക്കോബായ സഭയിലെ വൈദികരുടെ പ്രതിഷേധപ്രകടനം സെക്രട്ടറിയേറ്റ് പടിക്കൽ ഉണ്ടായിരുന്നു. അതിൽ ക്നാനായ സമുദായത്തിലെ വൈദികരെക്കൂടി പങ്കെടുപ്പിക്കണമെന്നുള്ള അവരുടെ അഭ്യർത്ഥന മാനിച്ച് അതിനുള്ള ക്രമീകരണങ്ങൾ നമ്മൾ സമുദായ തലത്തിൽ ചെയ്തു എങ്കിലും, കോട്ടയം ഭദ്രാസനത്തിലെ പേരൂർ, മോർ ഇഗ്നാത്തിയോസ് യാക്കോബായ പള്ളിയുടെ പെരുന്നാളിന് വരരുത്, അവർക്ക് അവരുടെ സഭയിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട് എന്നുള്ള പള്ളിവികാരിയുടെ ഫോണിൽ ഉള്ള അറിയിപ്പ് സമുദായ മെത്രാപ്പോലിത്തായ്ക്ക് എട്ടാം തീയതി ലഭിക്കയും നമ്മുടെ സമുദായ മെത്രാപ്പോലീത്തയെ ആ പെരുന്നാളിൽ പങ്കെടുക്കുന്നതിൽ നിന്നും തടയുകയും ചെയ്യുക ഉണ്ടായി.

ഇക്കാരണത്താൽ ഒമ്പതാം തീയതിയിലെ യാക്കോബായ സഭയിലെ സെക്രട്ടറിയേറ്റ് സമരത്തിൽനിന്നും ക്നാനായ സമുദായ വൈദികർ പങ്കെടുക്കുന്നതിൽ നിന്നും പിന്മാറി.

ഉടൻ തന്നെ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി കൂടുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ ഏകകണ്ഠേന എടുക്കുകയും ചെയ്തു.

ക്നാനായ സമുദായ മെത്രാപ്പോലീത്താ മോർ സേവേറിയോസ് കുറിയാക്കോസ് തിരുമേനിയെ സുറിയാനി സഭയിൽനിന്നും അനഭിമതനാക്കുന്നതിനുള്ള സംഘടിത നീക്കത്തെ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി ശക്തമായി അപലപിക്കുന്നു.

കോട്ടയം ഭദ്രാസനത്തിലെ പേരൂർ മോർ ഇഗ്നാത്തിയോസ് യാക്കോബായ പള്ളിയുടെ പെരുന്നാളിന് ക്നാനായ സമുദായ മെത്രാപ്പോലീത്തായെ ക്ഷണിക്കുകയും പിന്നീട് അവിടുത്തെ പള്ളിവികാരി "തിരുമേനി വരരുത്" എന്ന് പറഞ്ഞ് തടയുകയും ചെയ്ത പ്രവർത്തി ഒട്ടും ശരിയായില്ല. ക്ഷണിക്കാതിരിക്കയായിരുന്നു ഇതിലും ഭേദം. ഇത് ആഴ്ചകൾക്ക് മുമ്പേ ക്ഷണിച്ചിട്ട് പിന്നീട് സമയമായപ്പോൾ വരരുത് എന്ന് പറഞ്ഞത് ക്നാനായ സമുദായത്തെ അപമാനിക്കുന്നതിന് തുല്യമാണ്.

പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ വിശ്വാസത്തിലും അന്ത്യോഖ്യ ക്നാനായ ബന്ധത്തിലും ഉറച്ചു നിൽക്കുന്ന ക്നാനായ സമുദായത്തെ ഭിന്നിപ്പിച്ച് മുതലെടുക്കുവാൻ നടത്തുന്ന നീക്കത്തെ അംഗീകരിക്കുവാൻ സാധിക്കുകയില്ല.

ക്നാനായ സമുദായ മെത്രാപ്പോലീത്തായെ യാക്കോബായ സഭയിലേയും സിംഹാസന പള്ളികളുടെയും ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും പ്രവേശിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തി അപമാനിച്ചത് ഓരോ ക്നാനായക്കാരന്റെയും മനസ്സിനെ വ്രണപ്പെടുത്തിയിരിക്കുകയാണ്.

ഈ വാർത്ത പുറത്തു വന്നപ്പോൾ മുതൽ ഉണ്ടായ സമുദായ ജനങ്ങൾക്കിടയിലെ വൻ പ്രതിഷേധം കണ്ടില്ലെന്നു നടിക്കാൻ അവരാൽ തിരഞ്ഞെടുക്കപ്പെട്ട അസ്സോസിയേഷനാൽ തിരഞ്ഞെടുക്കപ്പെട്ട ക്നാനായ കമ്മിറ്റിക്ക് ആകില്ല.

ഈ നീചമായ നടപടികൾക്ക് എതിരായി ക്നാനായ സമുദായം പത്രസമ്മേളനം നടത്തി പബ്ലിക്കായി വൻപിച്ച പ്രതിഷേധ മീറ്റിങ്ങും, പള്ളികളിൽ പ്രതിഷേധ യോഗവും കൂടി സമുദായത്തിനു ഏറ്റ അപമാനത്തിൽ പ്രതിഷേധിക്കുവാൻ പരിപാടി ആസൂത്രണം ചെയ്തപ്പോൾ അഭിവന്ദ്യ സമുദായ മെത്രാപ്പോലീത്ത സേവേറിയോസ് തിരുമേനിയുടെ കർശനമായ നിർദ്ദേശപ്രകാരം തൽക്കാലം ഈ പരിപാടികൾ മാറ്റി വച്ചിരിക്കുകയാണ്.

എന്നിരുന്നാലും, സമുദായത്തിന് ഏറ്റ ഈ അപമാനത്തിന് ഒരു പരിഹാരം എത്രയും വേഗം ഉണ്ടായില്ലെങ്കിൽ ഞങ്ങൾക്ക് മുകളിൽ പറഞ്ഞ കാര്യങ്ങളിലേക്ക് പ്രവേശിക്കേണ്ടതായി വരും. അത് യാക്കോബായ സുറിയാനി സഭയുമായുള്ള പരസ്പര സഹകരണവും ബന്ധവും ദുർബലമാക്കുന്നതിന് ഇടയാക്കും. അതിനെല്ലാം ഉപരി പരിശുദ്ധ യാക്കോബായ സഭ ഇപ്പോൾ കടന്നു പോകുന്ന ഈ പ്രതിസന്ധി ഘട്ടത്തിൽ ക്നാനായ സമുദായവും, സമുദായ മെത്രാപ്പോലീത്തായും, പരിശുദ്ധ യാക്കോബായ സഭയോട് ചേർന്ന് നിന്ന് എല്ലാവിധ പിന്തുണയും നല്കിപ്പോന്ന അവസരത്തിൽ ഇങ്ങനെ ഒരു നടപടി ഉണ്ടായതു തികച്ചും ദൗർഭാഗ്യകരമാണ്.

ആയതിനാൽ എത്രയും വേഗത്തിൽ ഈ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാകണം എന്ന് ക്നാനായ മാനേജിംഗ് കമ്മിറ്റി യാക്കോബായ സഭയുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റി അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനിയെയും പരിശുദ്ധ യാക്കോബായ സഭ സിനഡിനേയും രേഖാമൂലം അറിയിക്കുവാൻ തീരുമാനിച്ചു. കൂടാതെ ക്നാനായ സമുദായ മെത്രാപ്പോലീത്തായ്ക്ക് യാക്കോബായ സഭയുടെ പള്ളികളിൽ പ്രവേശനം നിഷേധിച്ചതിനാൽ ക്നാനായ സമുദായത്തിലെ ഇടവക ജനങ്ങളും പള്ളി കമ്മിറ്റികളും പ്രതിഷേധിക്കുന്ന ഈ അവസരത്തിൽ ഈ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകുന്നതുവരെ യാക്കോബായ സഭയിലെ മെത്രാപ്പോലീത്താന്മാരെ ക്നാനായ സമുദായത്തിലെ ദൈവാലയങ്ങളിലോ സ്ഥാപനങ്ങളിലോ ഒരു ചടങ്ങുകളിലും ക്ഷണിക്കേണ്ടതില്ലാ എന്ന് ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി ഏകകണ്ഠേന തീരുമാനമെടുത്തിരിക്കുന്ന വിവരവും അഭി. ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമേനി സഭയിലെ മറ്റു തിരുമേനിമാരെ രേഖാമൂലം അറിയിക്കണമെന്ന് അറിയിക്കുവാനും തീരുമാനിച്ചു.

കമ്മറ്റിയുടെ തീരുമാനം അനുസരിച്ച് പരി. യാക്കോബായ സഭാ സിനഡിനും, യാക്കോബായ സഭാ മെത്രാപ്പോലീത്തൻ ട്രസ്റ്റി അഭി. ജോസഫ് മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് കമ്മിറ്റി കത്ത് അയക്കുകയും ചെയ്തു.

ഇതിനിടയിൽ സോഷ്യൽ മീഡിയകളിൽ പരി. ബാവായുടെ കല്പന ഇതുമായി ബന്ധപ്പെട്ട് കാണുവാനിടയായി. നമുക്ക് പരിശുദ്ധ സിംഹാസനത്തിൽ നിന്നും ഒരു കല്പനകളും ഇതുവരെ ലഭിച്ചിട്ടില്ല. എന്തു തന്നെയായാലും സമുദായ മെത്രാപ്പോലീത്തായെ യാക്കോബായ സഭയിലേക്ക് പ്രവേശിപ്പിക്കരുത് എന്ന് പരിശുദ്ധ ബാവായുടെ കല്പനയിൽ പറഞ്ഞിരിക്കുന്നതിന്റെ അവാസ്തവമായ കാരണങ്ങൾ.

1. സേവേറിയോസ് തിരുമേനി പരിശുദ്ധ സിംഹാസനത്തിന് എതിരായി പബ്ലിക് മീറ്റിംഗ് നടത്തി പ്രസംഗിച്ചു. അതിന് എന്തെങ്കിലും ഒരു തെളിവ്?

2. പരിശുദ്ധ ബാവായുടെ കല്പനകൾ അതുപോലെ നടപ്പിലാക്കുന്നില്ല!! ആ കല്പനകൾ സമുദായ ഭരണഘടനയ്ക്ക് നിരക്കാത്തതും, ബഹുമാനപ്പെട്ട കോടതിയുടെ സ്റ്റേയും ലംഘനവും, ക്നാനായ അസ്സോസിയേഷന്റെ തീരുമാനത്തിനും എതിരായാൽ എങ്ങനെ അത് നടപ്പിൽ ആക്കും?

3. സമുദായ അംഗങ്ങൾ കോടതിയിൽ കേസ് കൊടുക്കുന്നതിന് പണം കൊടുത്തു. സമുദായ മെത്രാപ്പോലീത്ത ഒരു രൂപ ആർക്കെങ്കിലും കേസ് നടത്തുവാൻ കൊടുത്തു എന്ന ഒരു തെളിവ് കാണിക്കാൻ പറ്റുമോ?

4. ബാവായുടെ കല്പന സമുദായ മെത്രാപ്പോലീത്ത കോടതിയിൽ സ്റ്റേ ചെയ്തു എന്നു മാത്രമല്ല വ്യക്തിപരമായി അധിക്ഷേപിച്ചു എന്നു പറഞ്ഞിരിക്കുന്നു. അതിന് ഏതെങ്കിലും ഒരു തെളിവ് കാണിക്കാമോ


5. പരിശുദ്ധ ബാവായ്ക്ക് എതിരായി സോഷ്യൽ മീഡിയയിൽ സമുദായ മെത്രാപ്പോലീത്താ എന്തോ പറഞ്ഞിരിക്കുന്നു എന്നും കുറ്റം ആരോപിച്ചിരിക്കുന്നു സോഷ്യൽ മീഡിയ അത്ര വശംവദം അല്ലാത്ത സമുദായ മെത്രാപ്പോലീത്തായെ പ്പറ്റി പറയുന്ന ഈ ദുർപ്രചരണം പരപ്രേരിതം ആണ് എന്ന് കുഞ്ഞു കുട്ടികൾക്കുപോലും അറിയാവുന്ന ഒരു പരമാർത്ഥം മാത്രമല്ലെ?

ആദിമ സഭയുടെ വിശ്വാസത്തെ ചോദ്യം ചെയ്തു, ആ വിശ്വാസത്തെ ഇല്ലായ്മ ചെയ്യാൻ തുനിഞ്ഞിറങ്ങിയ പോർച്ചുഗീസുകാരുടെ നേരെ ചങ്കുറപ്പോടെ നിന്ന് കുനൻകുരിശു സത്യം ചെയ്തു നമ്മുടെ വിശ്വാസം കാത്തു സംരക്ഷിച്ചു വീണ്ടും അന്ത്യോഖ്യ ബന്ധം സ്ഥാപിച്ചു ഊട്ടി ഉറപ്പിച്ച ഇട്ടിത്തൊമ്മൻ കത്തനാരുടെ പിൻഗാമികളായ നമ്മൾ മലങ്കരയിലെ സിറിയൻ വിശ്വാസത്തിന്റെ തല തൊട്ട അപ്പന്മാർ തന്നെ ആണ്. അത് ചരിത്രം പറയും. ആ നമ്മുടെ സമുദായ മെത്രാപ്പോലീത്തയ്ക്ക് ഊരു വിലക്ക് കല്പിച്ചാൽ അത് കണ്ടു നിൽക്കുവാൻ കലർപ്പില്ലാത്ത ക്നാനായക്കാർക്ക് കഴിയുകയില്ല. കല്പന യഥാർത്ഥം ആണെങ്കിൽ നമ്മുടെ ഇടയിലെ ചിലർ പരിശുദ്ധ ബാവായെ തെറ്റിദ്ധരിപ്പിക്കുകയാണ്. നൂറ്റാണ്ടുകളായി ബന്ധമുള്ള സഹോദര സഭയിലെ പള്ളികളിൽ പ്രവേശിക്കരുത് എന്ന് പറയുന്നതിന്റെ കാരണം ഇതിൽനിന്നു മനസ്സിലാക്കുവാൻ കഴിയും.

ക്നാനായ കമ്മിറ്റി യാക്കോബായ സഭാ മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായിട്ട് ബന്ധപ്പെട്ട് ഈ പ്രശ്നങ്ങൾ എത്രയും വേഗം രമ്യതയിൽ തീർക്കുവാൻ മുൻകൈ എടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ സമുദായ ജനങ്ങളും ഈ നോമ്പു കാലത്ത് പ്രാർത്ഥിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

എന്ന്
ക്നാനായ കമ്മിറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി.ഒ. ഏബ്രഹാം**
**തോട്ടത്തിൽ**

# യേശുവിങ്കലേക്ക് വരുക സമൃദ്ധിയായ ജീവനിലേക്കും!



സുനിൽ ഡി. കുരുവിള

*"Children are a gift from the Lord; they are a reward from him"* (Psalm 127:3).

കുട്ടികളെ ബഹുമാനിക്കുന്നിടത്ത് നിന്നാണ് വിദ്യാഭ്യാസം ആരംഭിക്കുന്നത്! ഓരോ കുട്ടിയും ദൈവത്തിന്റെ അതിവിശിഷ്ടമായ സൃഷ്ടിയാണ്. അവരുടെ വ്യക്തിത്വത്തെ മാനിക്കുകയും സവിശേഷതകളെ അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. അവർ താരതമ്യപ്പെടാനോ തമ്മിൽ മത്സരിക്കേണ്ടവരോ അല്ല. അവരുടെ വൈവിധ്യവും വ്യത്യസ്തതയുമാണ് ലോകത്തിന്റെ ഭംഗി കൂട്ടുന്നത്.

ഒരുപക്ഷെ ഇന്ന് എല്ലാവരുടെയും ഭൗതിക സാഹചര്യങ്ങളൊക്കെ ഏറെക്കുറെ മെച്ചപ്പെട്ടിട്ടുണ്ട്. നല്ലതുതന്നെ. എന്നാൽ ബന്ധങ്ങളിൽ ഊഷ്മളതയും ആത്മാർത്ഥതയും നന്നേ കുറഞ്ഞിട്ടുണ്ട്. ആർക്കും സമയമില്ല... ഏറ്റവും കൂടുതൽ ഈ 'ഓട്ടം' ബാധിച്ചിരിക്കുന്നത് കുട്ടികളെയും പ്രായമുള്ളവരെയുമാണ്. കുട്ടികൾ പലരും വൈകാരികമായ ഒരു അനാഥത്വം നേരിടുന്നു... അവരെ ആരും അറിയുന്നില്ല... മനസ്സിലാക്കുന്നില്ല... അതിലുപരി അവരെ കേൾക്കാനാരും മെനക്കെടുന്നില്ല. അവർക്ക് അനുകരിക്കാൻ നല്ല മാതൃകകളില്ല. അവരെ വഴികാട്ടാൻ ആളില്ല... സമൂഹത്തിൽ സ്നേഹവും കരുതലും സേവനവും കുറഞ്ഞുവരുന്നു. നമ്മുടെ കുടുംബങ്ങളിലും കാര്യങ്ങൾ അത്ര വ്യത്യസ്ഥമല്ല. മദ്യവും മയക്കുമരുന്നും തെറ്റായ ജീവിതരീതിയും 'use & throw' സംസ്കാരവുമൊക്കെ ലോകം പ്രോത്സാഹിപ്പിക്കുമ്പോൾ... കമ്പോള സംസ്കാരം പിടിമുറുക്കുമ്പോൾ ജീവന്റെ ശക്തി സമഗ്രമായി സംഘടിക്കേണ്ടിയിരിക്കുന്നു. ഓർക്കാം! ഇവിടെയാണ് സൺഡേസ്കൂൾ പുനർനിർവചിക്കപ്പെടേണ്ടതിന്റെ അനിവാര്യത.

സൺഡേസ്കൂൾ ലൈഫ്സ്കൂളുകൾ ആകട്ടെ!

സൺഡേസ്കൂളുകൾ ജീവിത നൈപുണ്യങ്ങളെയും മൂല്യങ്ങളെയും പ്രോത്സാഹിപ്പിക്കുകയും നന്മയെ വളർത്തുകയും ചെയ്യുന്ന ഇടങ്ങളാക്കാൻ ശ്രദ്ധിക്കാം. നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിതത്തിലൂടെ ലോകത്തിന് ദൈവത്തെ ദർശിക്കാൻ – ദൈവസ്നേഹം അനുഭവിക്കാൻ കഴിയട്ടെ.

ഓരോ കുട്ടിയിലും ദൈവികമായ ഒരു പൂർത്തീകരണം നടക്കേണ്ടതുണ്ട്. അതിൽ ഒരു facilitator role വഹിക്കാൻ പള്ളിക്ക് കഴിയണം. ജീവനമല്ല അതിജീവനമാണ് കാലം ആവശ്യപ്പെടുന്നത്. സമൃദ്ധിയായ ജീവനെക്കുറിച്ചാണ് ദൈവം നമ്മോട് അരുളിച്ചെയ്തത്!

സഭയുടെ ഭാവിയെക്കുറിച്ച് ചിന്തിക്കുന്നവർക്ക് എങ്ങനെ കുട്ടികളുടെ സമഗ്രമായ വളർച്ചയെക്കുറിച്ച് ചിന്തിക്കാതിരിക്കാൻ കഴിയും?

സിമന്റിലും കമ്പിയിലും കട്ടയിലും അല്ല ഇനി നിക്ഷേപം വേണ്ടത്; കുഞ്ഞുങ്ങളിലാണ്. അവരെ സന്തോഷവും നന്മയും വിശ്വാസവുമുള്ള ഒരു തലമുറയായി രൂപാന്തരപ്പെടുത്താൻ വൈകിയാൽ, അലസത കാണിച്ചാൽ വലിയ വില കൊടുക്കേണ്ടി വരും. ഇന്നത്തെ കുട്ടികളുടെ നിലവാരമാണ് നാളത്തെ പള്ളിയുടെ ആരാധനയുടെ – ആത്മീയതയുടെ നിലവാരം നിർണ്ണയിക്കുക. സംശയം വേണ്ട.

നമ്മുടെ യുവതയ്ക്ക് പഠനത്തിൽ താല്പര്യം കുറയുമ്പോൾ, തൊഴിൽ ലഭിക്കാതെ വരുമ്പോൾ, വിവാഹബന്ധങ്ങൾ തകരുമ്പോൾ, മദ്യത്തിലും മയക്കുമരുന്നിനും അടിമപ്പെടുമ്പോൾ, വഴിതെറ്റുമ്പോൾ, കുറഞ്ഞു പോകുമ്പോൾ, വീണ് പോകുമ്പോൾ കണ്ണീർ പൊഴിച്ചിട്ട് – പരസ്പരം പഴിചാരിയിട്ട് എന്ത് ഗുണം? സമയബന്ധിതമായ കാഴ്ചപ്പാടുള്ള പ്രവർത്തനം മാത്രമാണ് പരിഹാരം.

ഓരോ കുട്ടിയേയും അടുത്തറിയാൻ... സ്വാധീനിക്കാൻ... രൂപാന്തരപ്പെടുത്താൻ... സഹായിക്കാൻ... പ്രോത്സാഹിപ്പിക്കാൻ... അംഗീകരിക്കാനൊക്കെ ഇടമുള്ളതാകണം സൺഡേസ്കൂൾ. കുട്ടികൾ ഒരു കാരണവശാലും തരംതിരിക്കപ്പെടുകയോ, വിവേചനം നേരിടുകയോ ചെയ്യാൻ പാടില്ല.

സൺഡേസ്കൂളിലെ പരീക്ഷകൾ നിർത്തലാക്കിക്കൂടെ? Internal assessment അല്ലെ കുറച്ചുകൂടി മെച്ചം. പ്രത്യേകിച്ച് മുതിർന്ന കുട്ടികൾ പരീക്ഷയെ ഇഷ്ടപ്പെടുന്നില്ല. അല്ലെങ്കിൽ തന്നെ സൺഡേസ്കൂളിന്റെ ലക്ഷ്യം ബുദ്ധിയും അറിവും പരീക്ഷിക്കലാണോ? നന്മയും ദൈവചിന്തയും കുട്ടികളിൽ ഉറപ്പിക്കലല്ലേ? കുഞ്ഞുങ്ങളിൽ കാണാതെ പഠിത്തവും മത്സരവുമൊക്കെ പ്രോത്സാഹിപ്പിക്കുന്നത് നിർത്തിയിട്ട് സ്നേഹവും കരുണയും കരുതലും സത്യവുമൊക്കെ പ്രോത്സാഹിപ്പിക്കാം. അവർ തോൽക്കാനും പഠിക്കട്ടെ! വചനം ജീവിക്കാൻ പഠിക്കട്ടെ! അതിന് ഉതകുന്ന രീതിയിൽ സൺഡേസ്കൂൾ കരിക്കുലം പരിഷ്കരിക്കേണ്ടതുണ്ട്. അദ്ധ്യാപനത്തിന്റെ quality യിൽ മാറ്റം വരണം. നല്ല മാതൃകയും ദർശനവുമുള്ള അദ്ധ്യാപകസമൂഹം ആദ്യം ഉണ്ടാകട്ടെ.

ബുദ്ധിവികാസമല്ല; ഹൃദയ വികാസമല്ലേ സൺഡേസ്കൂൾ ലക്ഷ്യമാക്കേണ്ടത്? മത്സരവും താരതമ്യവും പ്രോത്സാഹിപ്പിക്കാമോ? അതിൽ ഒരു ദൈവനിഷേധമില്ലേ? സ്നേഹിക്കാനും കരുതാനും വിട്ടുകൊടുക്കാനും ത്യജിക്കാനുമൊക്കെയല്ലേ കുഞ്ഞുങ്ങൾ പഠിക്കേണ്ടത്? ജ്ഞാനത്തിൽ നിന്നും വിജ്ഞാനത്തിലേക്ക് കുഞ്ഞുങ്ങളെ നയിക്കാൻ നമുക്ക് കഴിയുന്നുണ്ടോ?

*"I have no greater joy than to hear that my children are walking in the truth"* (3 John 1:4).

പ്രൈമറി സൺഡേസ്കൂൾ സന്തോഷപ്രദമായിരിക്കണം. കഥയും പാട്ടും മൂല്യങ്ങളും കാഴ്ചപ്പാടും വിശ്വാസവും സ്നേഹവുമൊക്കെ ഊട്ടിയുറപ്പിക്കുന്നതാകട്ടെ അവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ!

കൗമാര സൺഡേസ്കൂൾ ജീവിതം സംപുഷ്ടമാകണം

ഇന്ന്, മുതിർന്ന കുട്ടികളെ സ്വാധീനിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? അവരുടെ സ്വഭാവം, വ്യക്തിത്വം, മൂല്യബോധം,

കാഴ്ചപ്പാടൊക്കെ ഉയർത്തിയാലേ അവരുടെ ജീവിതത്തെ ഉയർത്താൻ കഴിയുകയുള്ളൂ. പലപ്പോഴും അവർ സ്വാധീനിക്കപ്പെടുന്നത് തെറ്റിന്റെ, അരാജകത്വത്തിന്റെ ഇടങ്ങളിലേക്കാണ്...

മുതിർന്ന കുട്ടികളുടെ വ്യക്തിത്വ വികസനം, സ്വഭാവം, മാനസികാരോഗ്യം, ഭാവി ജീവിതം, തൊഴിലുമൊക്കെ മെച്ചപ്പെടുത്തുന്നതിൽ സൺഡേസ്കൂളും ശ്രദ്ധിക്കേണ്ടതുണ്ട്. ആ ദിശയിലേക്ക് നിക്ഷേപിക്കേണ്ടതുണ്ട്. കുട്ടികളുടെ ജീവിത വിഷയങ്ങളിൽ നമ്മൾ ഇന്ന് ഇടപെടുമ്പോൾ അവരുടെമേൽ വലിയൊരു സ്വാധീനം നമ്മൾ സൃഷ്ടിക്കുകയാണ്. മുതിർന്ന ആൺകുട്ടികൾ പള്ളിക്കാര്യങ്ങളിൽ നിന്ന് പൊതുവെ പുറകോട്ട് പോകുന്നുണ്ടോ? പഠനം ആവശ്യമാണ്. കാരണം കണ്ടെത്തുകയും പരിഹാരം തേടുകയും വേണം.

ഈ ആധുനിക കാലത്ത് ക്ലാസ്സിൽ വരുന്ന കുട്ടികൾക്ക് മാത്രം ഉള്ളതാകരുത് സൺഡേസ്കൂൾ. വരാത്ത കുട്ടികളെ അന്വേഷിച്ച് ഇറങ്ങണം. Church must walk to child. കാണാത്തവരെ തേടാനുള്ള ജൈവതയാണ് ആധുനിക സൺഡേസ്കൂളിന് ആവശ്യം.

കുട്ടികൾക്ക് യോഗ്യരാണോ അദ്ധ്യാപകരും ലീഡേഴ്സും എന്ന് നിരന്തരമായി അവലോകനം ചെയ്യണം. ഉന്നത മനോഭാവവും ഉയർന്ന മൂല്യങ്ങളും ജീവിതത്തിൽ പുലർത്തുന്നവരാകണം അദ്ധ്യാപകർ, അത് ഏറ്റവും പ്രധാനമായ വിഷയമാണ്. Self seeking വ്യക്തിത്വങ്ങളെയും കസേരയിൽ അള്ളിപിടിച്ചിരിക്കുന്നവരെയും മാറ്റണം.

ഒരു വർഷത്തെ ചർച്ച് ബഡ്ജറ്റിന്റെ എത്ര ശതമാനമാണ് സൺഡേസ്കൂളിന് വേണ്ടി ചെലവിടുന്നത്. നല്ല സമ്മാനങ്ങൾ വാങ്ങുക, അവരുടെ പരിപാടികളിൽ നല്ല ഭക്ഷണം കൊടുക്കുക, അവരുടെ പ്രോഗ്രാമുകളുടെ നിലവാരം ഉയർത്തുക, അവർക്കുവേണ്ടി മികച്ച resource person-നെ ക്ഷണിക്കുക, അദ്ധ്യാപകരെ ഉന്നതമായി പരിശീലിപ്പിക്കുക, അവർക്ക് നല്ല പാരിതോഷികങ്ങളും അംഗീകാരങ്ങളും നൽകുക... സൺഡേസ്കൂൾ വേറെ ലെവലാകും. Attractive ആകുമ്പോൾ കൂടുതൽ പേർ അതുമായി സഹകരിക്കുകയും കൂടുതൽ സാമ്പത്തിക സഹായങ്ങളും sponsorship ഒക്കെ അവിടേക്ക് കടന്നു വരും.

ഇതിനൊക്കെ പണമുണ്ടോ, സമയമുണ്ടോ, ആളുണ്ടോ എന്നൊക്കെ ചോദ്യമുയരാം. ഒരു ഉത്തരമേയുള്ളൂ-ഇന്ന് അതിന് മുൻഗണന നൽകിയില്ലെങ്കിൽ വികൃതമായ ഒരു ഭാവിയായിരിക്കും നമ്മെ കാത്തിരിക്കുക. "A stitch in time saves nine."

മാതാപിതാക്കളെ ഒരുക്കാനും പരിശീലിപ്പിക്കാനും കൂടി സൺഡേസ്കൂൾ ഇടങ്ങൾ സജ്ജമാകണം. കുടുംബം ശക്തിപ്പെടണം. സമഗ്രമായ പ്രവർത്തനങ്ങൾ ഈ ദിശയിലേക്ക് അനിവാര്യമായിരിക്കുന്നു. കമ്പോള സംസ്കാരവും ധൂർത്തും ആർത്തിയുമൊക്കെ കുടുംബമൂല്യങ്ങളെ തകിടംമറിച്ചു കഴിഞ്ഞു. "ജ്ഞാനം കൊണ്ട് ഭവനം പണിയാൻ ഓർപ്പിച്ച ദൈവം!"

*"Whatever you do, work at it with all your heart, as working for the Lord, not for human masters"* (Colossians 3:23).

ഒരുകാലത്ത് സൺഡേസ്കൂളും പള്ളിയുമൊക്കെ ഉന്നതവും സമഗ്രവുമായ ദൈവസ്വാധീനത്തിലേക്ക് കുഞ്ഞുങ്ങളെ നയിച്ചിരുന്നതിന്റെ ഐശ്വര്യം സമൂഹം ആഘോഷിച്ചു... ക്രിസ്തീയ ഭവനങ്ങളൊക്കെ വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉയർന്നു നിന്നിരുന്നു... ആ സ്വാധീനങ്ങൾ ഇന്ന് കുട്ടികളിൽ നഷ്ടപ്പെട്ട് തുടങ്ങി... ദൈവസ്നേഹമുള്ള, ഭാവമുള്ള ഒരു തലമുറയായിരിക്കണം ദൈവാലയങ്ങളുടെ ആത്യന്തിക ലക്ഷ്യം.

ഓരോ കുട്ടിയുടെയും data യും profile ഉം ഒക്കെ സൂക്ഷിക്കുകയും ഫലപ്രദമായി ഉപയോഗപ്പെടുത്തുകയുമൊക്കെ ചെയ്താൽ വലിയ ബന്ധം പള്ളിക്ക് കുട്ടികളുമായി സ്ഥാപിക്കാൻ കഴിയും. അവരുമായി rapport ഉണ്ടാക്കാൻ അദ്ധ്യാപകർക്കും അച്ചന്മാർക്കും കഴിയണം. ആ രീതിയിൽ എല്ലാവരും പരിശീലിക്കപ്പെടണം.

ഇന്നത്തെ കുട്ടികളുടെ സംസ്കാരവും നിലവാരവുമാണ് നാളത്തെ സഭയുടെ, സമൂഹത്തിന്റെ ഔന്നത്യം. ഒരു 'mentoring' രീതി പള്ളിക്ക് ആവശ്യമാണ്. 12-19 പ്രായത്തിലുള്ള കുട്ടികളെ ആശയപരമായി സ്വാധീനിക്കാനും പ്രചോദിപ്പിക്കാനും ആത്മീയമായി വളർത്താനും കഴിയണം. അവരെ ഉയർന്ന മൂല്യബോധത്തിലും ലക്ഷ്യത്തിലേക്കും നയിക്കാൻ കാഴ്ചപ്പാടും ദർശനവും നൽകാൻ ഒരു മെന്ററിങ് (mentoring) പദ്ധതി ഉണ്ടാകേണ്ടതുണ്ട്. ഇല്ലെങ്കിൽ വികലമായിരിക്കും നാം സൃഷ്ടിക്കുന്ന നമ്മുടെ തന്നെ ഭാവി തലമുറ.

കുട്ടികളുടെ ഭാവിയെ കരുതാനും കാലോചിതമായ മാറ്റങ്ങൾ ചിന്തിക്കാനും ആസൂത്രണം ചെയ്യാനും പ്രവർത്തനം ഡിസൈൻ ചെയ്യാനുമൊക്കെ ഒരു centralised കേന്ദ്രം തന്നെ ഉണ്ടാവണം. ഇല്ലെങ്കിൽ ദർശനമുള്ള ലീഡേഴ്സ് ഉള്ളിടത്ത് മാത്രം കുട്ടികൾക്ക് അത്തരം സ്വാധീനം ലഭിക്കുകയും അതില്ലാത്തിടത്ത് കാര്യങ്ങൾ കൈവിട്ട് പോവുകയും ചെയ്യും. മാത്രവുമല്ല നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നുണ്ടോ? അതിന്റെ ഫലപ്രാപ്തി എത്രയുണ്ട്; ഫലമില്ലാത്തത് ഏതെല്ലാം; പൂർണ്ണമായും ഒഴിവാക്കേണ്ടത് എന്തെല്ലാം... ഒരു അവലോകനവും പഠനവും നടക്കുന്നില്ല. നല്ല പ്രവൃത്തികൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. നല്ല പല ആശയങ്ങളും അതുമൂലം മുളയിലേ മുരടിച്ചു പോകുന്നു. Family enrichment, counselling, career guidance, youth personality development programs, girl child empowerment ഒക്കെ ഒരു സമഗ്രമായ സഭയുടെ വളർച്ചയ്ക്ക് നിരന്തര പ്രവർത്തനങ്ങൾ ആകേണ്ടതുണ്ട്.

ദർശനമുള്ള നേതൃത്വവും നല്ല ആശയങ്ങളും നല്ല മനുഷ്യരും സമഗ്രമായ പ്രവർത്തനങ്ങളും ഒന്നിച്ചാൽ അവിടെ ദൈവം ഉണ്ടാവും; അസാദ്ധ്യമായി ഒന്നുമില്ല.

Nothing is impossible! ●

---

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

ഭാരമുള്ളവർ, അവർക്കുവേണ്ടി രാത്രിയുടെ യാമങ്ങളിൽ പ്രാർത്ഥിച്ച് കണ്ണുനീരൊഴുക്കി തലയിണ നനയ്ക്കുന്നവർ, രോഗികളെ സന്ദർശിക്കുന്നവർ, ബലഹീനരെ താങ്ങുന്നവർ. വിശ്വാസികളുടെ ഹൃദയം മുറിച്ചും അപ്പം മുറിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നവരല്ല. ദുഃഖിതരെ ആശ്വസിപ്പിക്കുന്നവർ പിന്മാറ്റക്കാരെ പ്രബോധിപ്പിക്കുന്നവർ നമ്മുടെ മദ്ധ്യത്തിൽ എഴുന്നേറ്റെങ്കിൽ-

കർത്താവേ അങ്ങനെയൊരുകാലം ഞങ്ങൾക്കു തരണമേ. ഞങ്ങളോടു കൃപ തോന്നണമെ. കൈവിടരുതെ. അവിടുത്തെ നാമം അപമാനിതമാകരുതേ. നമുക്ക് പ്രാർത്ഥിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ

എന്ന്

**നിങ്ങളുടെ സ്വന്തം റോയി അച്ചൻ** ●

# ഉയിർപ്പു തരുന്നപ്രത്യാശ

ലീലാമ്മ ഏബ്രഹാം, പാലക്കുടി

പ്രത്യാശയുടെ സന്ദേശവുമായി വീണ്ടും ഒരു ഈസ്റ്റർ കൂടി വന്നു ചേർന്നിരിക്കുന്നു. ജീവിതത്തിൽ പ്രത്യാശകൾ നഷ്ടപ്പെട്ടുകൊണ്ട് ആത്മഹത്യകളിലും മറ്റും അഭയം തേടുന്നവരുടെ എണ്ണം കൂടി വരുന്ന ഈ കാലഘട്ടത്തിൽ ഈസ്റ്ററിന്റെ സന്ദേശം ജീവിതത്തിൽ മുറുകെ പിടിക്കുകയാണ് വേണ്ടത്.

ഈസ്റ്ററിന്റെ പ്രത്യാശയ്ക്ക് മുമ്പ് ദുഃഖവെള്ളിയുടെ പീഢാനുഭവം ഉണ്ടെന്ന് മറന്നു പോകരുത്. രാത്രിയില്ലാതെ ഒരു പ്രഭാതമില്ല. കുരിശില്ലാതെ കിരീടമല്ല എന്നോർക്കുക. ഇത് ഹൃദയത്തോട് ചേർത്ത് അംഗീകരിക്കാൻ നമുക്ക് കഴിയണം.

**1. സഹനങ്ങളിൽ തളരരുത് യോഹ. 18:11**

യേശുവിനെ സംരക്ഷിക്കുവാനായി പത്രോസ് പടയാളിയുടെ കാതറത്തു അപ്പോൾ യേശു പറയുന്നത് നോക്കുക. വാൾ ഉറയിൽ ഇടുക പിതാവ് എനിക്കു തരുന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ പിതാവ് തന്ന പാനപാത്രമായിട്ടാണ് യേശു ക്രൂശിനെ കണ്ടത്. ഈ കാഴ്ചപ്പാട് നമ്മുടെ ജീവിതത്തിലും വെളിച്ചം പകരുന്നതാണ്.

**2. സത്യം മാത്രമെ വിജയിക്കൂ**

ഇതാണ് ഈസ്റ്റർ തരുന്ന സന്ദേശം. യേശുവിനെതിരെ തെറ്റായ ആരോപണങ്ങൾ ഉന്നയിച്ച് ക്രൂശിച്ചു കബറിൽ വച്ചു എങ്കിലും 3-ാം നാൾ ഉയിർത്തെഴുന്നേറ്റ് സാത്താനെ എന്നന്നേക്കുമായി തോല്പിച്ചു വിജയശ്രീലാളിതനായി. ഈ സത്യമാണ് നമ്മുടെ സഭയുടെ അടിസ്ഥാന വിശ്വാസം.

**3. യേശു ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുന്നവരേയും അവൻ ഉയിർപ്പിക്കും.**

1.തെസ്. 4:14 യേശു മരിക്കയും ജീവിച്ചെഴുന്നേക്കുകയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്ര കൊണ്ടവരേയും യേശു മുഖാന്തിരം അവനോടുകൂടെ വരുത്തും. യേശുവിന്റെ ഉയിർപ്പിലൂടെ നമുക്കു ലഭിക്കുന്ന മറ്റൊരു പ്രത്യാശയാണ് ഇത്. ഇതുതന്നെ 1. കൊരി 15:13-14 ലും പൗലോസ്ശ്ലീഹാ പറഞ്ഞിരിക്കുന്നു. മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയിർത്തെഴുന്നേറ്റിട്ടില്ല. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.

പഴയ നിയമ പ്രവചനങ്ങളും, യേശുവിന്റെ ജനനവും, പരസ്യജീവിതവും, പീഢാസഹനവും കുരുശുമരണവുമെല്ലാം ഈസ്റ്ററിനെ ലക്ഷ്യമാക്കിയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിട്ടില്ലായിരുന്നെങ്കിൽ യേശുവിന്റെ ജനനവും, ജീവിതവും, കുരിശുമരണവുമെല്ലാം ചരിത്ര സംഭവങ്ങളായി മാത്രം അവശേഷിക്കുമായിരുന്നു. എന്നാൽ ഉത്ഥാനത്തിന്റെ പ്രകാശത്തിൽ നിന്നുകൊണ്ട് കാലിത്തൊഴുത്തിലേക്കും, കാൽവറിയിലേക്കും, നമ്മുടെ ദൃഷ്ടികൾ പായിക്കുമ്പോഴാണ് അവയുടെ മൂല്യവും അർത്ഥവും നമുക്കു മനസ്സിലാകുന്നത്. യേശുവിന്റെ ഉത്ഥാനത്തിന്റെ ഏറ്റവും ശക്തമായ തെളിവാണ് ശൂന്യമാക്കപ്പെട്ട കല്ലറ. ലൂക്കോ. 24:3, മത്താ. 28:6, മർക്കോ 16:6, യോഹ. 20:2 ശൂന്യമായ കല്ലറ നേരിൽ കണ്ടവരാണ്. മഗ്ദലന മറിയത്തിന്റെ സാക്ഷ്യത്തിനോ ശിഷ്യന്മാരുടെ പ്രസംഗത്തിനോ വലിയ ആയുസ്സും അംഗീകാരവും ലഭിക്കുകയില്ലായിരുന്നു. യേശുവിനെ വിധിച്ചവരും, വധിച്ചവരും അപ്പോസ്തോലന്മാരുടെ വാക്കുകൾ കേട്ട് മാനസാന്തരപ്പെട്ട് ക്രിസ്തു ശിഷ്യരാകുന്ന സംഭവമാണ് പിന്നീട് കാണുന്നത് 1.കൊരി. 15:13 പഴയതലമുറ പ്രതിസന്ധികളെ അഭിമുഖീകരിച്ചതുപോലെ പുതിയ തലമുറയ്ക്ക് കഴിയുന്നില്ല. ചെറിയ കാര്യങ്ങൾപോലും മനസ്സു തകർന്ന് ജീവിതം വഴിമുട്ടിയെന്ന് കരുതുന്നവർക്ക് മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ യേശു പ്രത്യാശയും ശക്തിയും തരുന്നു.

2. 2. മക്കാബി 8:18-19

അവർ അവരുടെ ആയുധങ്ങളിലും ആൾ ശക്തിയിലുമാണ് ആശ്രയിച്ചിരിക്കുന്നത് നാമോ തന്റെ വായിൽ നിന്നുള്ള ഒറ്റ ശ്വാസത്താൽ നമ്മുടെ വൈരികളെ മാതൃകയും സർവ്വ ലോകത്തെയും നശിപ്പിച്ചാൽ കഴിവുള്ള സർവശക്തനായ നമ്മുടെ ദൈവമായ കർത്താവിലത്രെ പ്രത്യാശ വച്ചിരിക്കുന്നത്.

അതുപോലെ ജീവിതത്തിൽ മെച്ചപ്പെട്ട ജീവിതാനുഭവങ്ങൾ ഉണ്ടാകുമ്പോൾ കടന്നു വന്ന വഴികളെക്കുറിച്ച് നാം മറന്നു പോകാതിരിക്കുക. അത് ജീവിതത്തെ വിശുദ്ധിയിലേക്കും, എളിമയിലേക്കും നയിക്കും. അതുപോലെ മതത്തിന്റെ വേർതിരിവുകളില്ലാതെ എല്ലാ മനുഷ്യരേയും സ്നേഹിക്കുവാനും സഹായിക്കുവാനും നമുക്ക് കഴിയട്ടെ. യേശു വന്നത് ലോകം മുഴുവൻ ഉള്ളവരെ രക്ഷിപ്പാനാണല്ലോ ഈ ഈസ്റ്റർ സന്ദേശം നമ്മുടെ ജീവിതത്തെ ആത്മീയവും ഭൗതികവുമായി കൂടുതൽ അർത്ഥപൂർണ്ണമാക്കുവാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

## അറിയിപ്പ്

ക്നാനായ സമുദായത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കി വികസിത (developed) രാജ്യങ്ങളിൽ ജോലി ലഭിക്കുന്ന, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിസാ ചിലവിനും വിമാന ടിക്കറ്റിനും ഒരാൾക്ക് ഒരു ലക്ഷം രൂപാ വീതം നൽകുവാൻ തക്കവണ്ണം സന്മനസ്സുള്ള ഒരു വ്യക്തി 10 ലക്ഷം രൂപയുടെ ഫണ്ട് ഏൽപ്പിച്ചിട്ടുണ്ട്. സമുദായത്തിലെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഓരോ സമുദായ അംഗങ്ങളെയും കരകയറ്റണമെന്നുള്ളതാണ് ഈ ഫണ്ട് നൽകിയിരിക്കുന്ന വ്യക്തിയുടെ ഉദ്ദേശ്യം. ചിങ്ങവനം പുത്തൻപള്ളി ഇടവകയിൽപ്പെട്ട ഒരു കുട്ടിക്ക് അയർലണ്ടിൽ പോകുവാൻ ഫണ്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഒരു ലക്ഷം രൂപ 2021 ഫെബ്രുവരി 17 ന് നൽകുകയുണ്ടായി. നൽകുന്ന തുക പത്ത് മാസത്തിനുള്ളിൽ തിരികെ നൽകണമെന്നാണ് കമ്മിറ്റിയുടെ തീരുമാനം. എങ്കിൽ മാത്രമേ മറ്റുള്ളവർക്ക് കൂടി ഇത് പ്രയോജനപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഈ ഫണ്ടിൽ നിന്ന് ലോൺ ആവശ്യമുള്ളവർ, അർഹതപ്പെട്ടവരാണെന്നുള്ള വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ അപേക്ഷ നൽകണമെന്ന് അറിയിക്കുന്നു.

എന്ന് ഫണ്ട് കമ്മിറ്റിക്കു വേണ്ടി

**കുറിയാക്കോസ് മോർ ഈവാനിയോസ്**

**മെത്രാപ്പോലീത്ത**

# വിവാഹിതരായി



ഒഴുവൻപാറ സെന്റ് ജോർജ് ക്നാനായ കുരിശ്പള്ളി ഇടവകയിൽ മേലേൽ ജയിംസ്കുട്ടിയുടെയും മിനി ജയിംസിന്റെയും മകൻ **ജിതിൻ അലക്സ് മേലേൽ**–ന്റെയും മാമ്പുഴക്കരി സെന്റ് ജോർജ് ക്നാനായപള്ളി ഇടവകയിൽ കോന്തിയാപറമ്പിൽ എബി ജേക്കബിന്റെയും ജെയിമോൾ എബിയുടെയും മകൾ **ലീന അന്ന എബിയും** തമ്മിലുള്ള വിവാഹം 2021 ജനുവരി 7–ാം തീയതി **അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പൊലീത്ത**യുടെ പ്രധാന കാർമ്മികത്വത്തിൽ ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

Advt -O

# വിവാഹിതരായി



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ മങ്ങാട്ട് സജി തോമസിന്റെയും സജിനി സജിയുടെയും മകൻ **എം. എസ്സ് നിശാന്തും** ഇതേ ഇടവകയിൽ കുന്നുതറയിൽ കെ.റ്റി. ജെയിംസിന്റെയും ശോശാമ്മ ജെയിംസിന്റെയും മകൾ **രേഷ്മ മേരി ജയിംസും** തമ്മിലുള്ള വിവാഹം 2021 ഫെബ്രുവരി 4–ാം തീയതി **അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പൊലീത്ത**യുടെ മുഖ്യ കാർമ്മികത്വത്തിൽ ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ വച്ച് നടത്തപ്പെട്ടു.

Advt -O

## മലങ്കര സുറിയാനി ക്നാനായ സുവിശേഷ സമാജം

(മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനം)

# 19-ാമത് ക്നാനായ കൺവൻഷൻ 2021

### കറ്റോട് സെന്റ് മേരീസ് ക്നാനായപള്ളി അങ്കണത്തിൽ















# വിവാഹിതരായി



മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ വാളംപറമ്പിൽ സാബു ഏബ്രഹാമിന്റെയും ജസി സാബുവിന്റെയും മകൻ **BITTU KURUVILLA**-യും വെളിയനാട് സെന്റ് മേരീസ് ബേത്‌ലഹേം ക്നാനായപള്ളി ഇടവകയിൽ വെളുത്തേടത്തു മാമ്പുഴയിൽ വി.സി. തോമസിന്റെയും കുഞ്ഞുമോൾ തോമസിന്റെയും മകൾ **MILKA THOMAS**-ഉം തമ്മിലുള്ള വിവാഹം 2021 ജനുവരി 30-ാം തീയതി **അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പൊലീത്താ**യുടെ പ്രധാന കാർമ്മികത്വത്തിൽ മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

Advt -S



## 40th Wedding Anniversary

"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി"

40-ാം വിവാഹ വാർഷികം
ഫെബ്രുവരി 22-ാം തീയതി ആഘോഷിച്ച
**പി.കെ. പുന്നനും**
**ജയിനമ്മ പുന്നനും**
പള്ളിയമ്പിൽ ഹൗസ്, വെസ്റ്റ് ഓതറ
ഒരായിരം ആശംസകളോടെ

കുടുംബാംഗങ്ങൾ
ജിപ്പു, നീതു
ജിറ്റു, സോണിമ
ജെറിൻ, ബെറ്റീന
ഇലോണ, ഈതർ
ഇസാറ, ഇയ്യോബ്

Advt -R

## ഡോക്ടറേറ്റ് കരസ്ഥമാക്കി



Advt -O

അണ്ണാമലൈ സർവകലാശാലയിൽ നിന്ന് ഫാർമസിയിൽ ഡോക്ടറേറ്റ് നേടിയ **റൂബി ഫിലിപ്പ്** (അസിസ്റ്റന്റ് പ്രൊഫസർ നസ്രേത്ത് കോളജ് ഓഫ് ഫാർമസി, ഓതറ) ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകാംഗവും വള്ളംകുളം വടക്കേൽ ജിനോ തോമസ്സിന്റെ (Territory Manager, Cease Fire Industries Ltd) ഭാര്യയും റാന്നി പുള്ളോലിൽ മേപ്പുറത്ത് പി.സി. ഫിലിപ്പിന്റെയും മോളി ഫിലിപ്പിന്റെയും മകളുമാണ്.

## ഡോക്ടറേറ്റ് കരസ്ഥമാക്കി



Advt -O

## JONOVA THYPARAMBIL Ph.D

അമേരിക്കയിലെ Purdue University യിൽ നിന്നും Material Engineering (Research in nuclear material) Ph.D, കരസ്ഥമാക്കിയ **JONOVA THYPARAMPBIL** ചിങ്ങവനം St. Johns Dayara Church ഇടവകയിൽ Thyparambil Thomas Mathew & Chinnamma Thomas-ന്റെയും മകനാണ്.

സഹോദരങ്ങൾ :**Dr. Joel & Dr. Soumya (USA)**
**Joana & Ginu (USA)**

## CONGRATULATIONS TO
## CA JUFFIN JOSEPH



Advt -O

With the Grace of God, We are happy to announce that **JUFFIN JOSEPH** has cleared his Chartered Accountancy Examination. We congratulate him for his achievement and thank the almighty for blessing. He is the son of Joseph V.T. (Babychen) and Jainamma Joseph Vettiparampil. He is a member of St. Johns Dayara Church Chingavanam.
Regards
Joshan Joseph (Canada)

## 41-ാം ചരമദിനം

27-02-2021



Advt -O

## JESSY SKARIYA

Mukkattu Puthenparambil, Kurichy

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing Family Sunny, Meriya, Sanal, Midhun

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

## Understand and Accept your Children

നിങ്ങളുടെ മക്കളെ മനസ്സിലാക്കുകയും അവരെ അംഗീകരിക്കുകയും ചെയ്യുവാൻ നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ ലോകത്തിൽ ആർക്കും കഴിയില്ല. നല്ല മാതാപിതാക്കൾക്കു മാത്രമെ അതിനു സാധിക്കു. തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്നതുപോലെ അവർക്കു സാധിക്കാവുന്നതിലപ്പുറമുള്ള ലക്ഷ്യങ്ങളെ അവർക്കു മുമ്പിൽ വച്ചുകൊടുക്കുകയും അവർ പരാജയപ്പെടുമ്പോൾ അവരെ പഴി പറയുകയും ചെയ്യുന്ന മാതാപിതാക്കളെ എനിക്കറിയാം. പരാജയപ്പെടുന്ന മക്കളെ ചേർത്ത് നിർത്തി ആശ്വസിപ്പിച്ചു നോക്കു. അവർ നിങ്ങളെ എത്രമാത്രം സ്നേഹിക്കുമെന്നോ? നിങ്ങൾ അവരുടെ അത്താണിയാണ്. അവരുടെ ആശ്വാസ കേന്ദ്രമാണ് നിങ്ങൾ.

നമ്മുടെ യൗവനകാലത്ത് എന്തെല്ലാം അബദ്ധങ്ങൾ, പരാജയങ്ങൾ നാം നേരിട്ടിട്ടുണ്ട്. ആ പരാജയത്തിൽ വീണു കിടന്നില്ല. അതുപോലെ നിങ്ങളുടെ മക്കൾ ഫിനിക്സ് പക്ഷി ചാരത്തിൽനിന്നും ഉയിർത്തെഴുന്നേൽക്കുന്നതുപോലെ പരാജയത്തിൽനിന്നും വിജയത്തിലേക്ക് കുതിക്കും. നിങ്ങൾ അറിയണം നിങ്ങളുടെ മക്കളെ, അവരുടെ കഴിവുകളും കഴിവുകേടുകളും തിരിച്ചറിഞ്ഞ് അവരുടെ ലക്ഷ്യം നിർണ്ണയിക്കാൻ അവരോടൊപ്പം നിൽക്കണം. അവരെ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ അവർ നിങ്ങളുടെ മുമ്പിൽ ഒരു തുറന്ന പുസ്തകമായിത്തീരും. പേരന്റിംഗിലെ ആദ്യ പാഠംതന്നെ – മനസ്സിലാക്കലും അംഗീകരിക്കലും. അവർ ഭാവിയിൽ ആരാകണമെന്ന് നാം ആഗ്രഹിക്കുന്നത് അവരുടെ പരിധികളും പരിമിതികളും മനസ്സിലാക്കിക്കൊണ്ടു വേണം.

**പേരന്റിംഗ് സന്തോഷകരമായ ഉത്തരവാദിത്വം**

മക്കൾ ജീവിതത്തിൽ ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിന് മാതാപിതാക്കൾക്ക് നിർണ്ണായകമായ പങ്കുണ്ട്. ഈ പങ്ക് സന്തോഷപൂർവ്വം നിർവ്വഹിക്കുന്നതിലാണ് ഉത്തരവാദിത്വമുള്ള മാതാപിതാക്കളുടെ വിജയം. മാതാപിതാക്കളായിരിക്കുന്നത് തന്നെ ദൈവനിയോഗമാണ്. ആ നിയോഗം തങ്ങൾക്ക് ദൈവം ദാനമായി നൽകിയിരിക്കുന്ന മക്കളെ ദൈവീക പദ്ധതിയനുസരിച്ച് വളർത്തുമ്പോഴാണ് പൂർണ്ണമാകുന്നത്. നമ്മുടെ മക്കളെ ജീവിത വിജയത്തിലേക്ക് കൈപിടിച്ചുയർത്താൻ മറ്റാരെക്കാളും കൂടുതൽ മാതാപിതാക്കൾക്കാണ് കഴിയുന്നത്.

പേരന്റിംഗിന്റെ ഏറ്റവും പ്രധാന ലക്ഷ്യം ദൈവം തന്ന മക്കളെ ദൈവമുള്ളവരാക്കി നല്ല പൗരന്മാരായി വളർത്തുക എന്നതാണ്. മക്കൾക്ക് ശ്രേഷ്ഠമായ ഭാവി കാട്ടിക്കൊടുക്കുകയും അതിലേക്കു നയിക്കുകയും ചെയ്യുക എന്നതാണ് ഉത്തരവാദിത്വം. തങ്ങൾക്ക് സാധിക്കുന്നതിന്റെ പരമാവധി ഊർജ്ജം സംഭരിച്ച് മക്കളെ ഉന്നതങ്ങളിലേക്ക് കൈപിടിച്ച് നടത്തുന്നതിനുള്ള നിശ്ചയ ദാർഢ്യം ഉള്ളവരായിരിക്കണം. പേരന്റിംഗിൽ അലസത പാടില്ല. ആനന്ദത്തോടെ ഉൽസാഹത്തോടെ നിർവഹിക്കുന്ന ഉത്തരവാദിത്വമാണ് വിജയത്തിലെത്തുന്നത്.

“ദൈവം കുഞ്ഞുങ്ങളെ നമ്മുടെ ജീവിതത്തിലേക്ക് അയച്ചത് നമ്മുടെ ഹൃദയങ്ങളെ വികസിപ്പിക്കാനാണ്. കുഞ്ഞുങ്ങൾ നമ്മെ നിസ്വാർത്ഥരാക്കുന്നു. നമ്മുടെ ഹൃദയത്തെ സ്നേഹവും കരുണയുംകൊണ്ട് നിറയ്ക്കുന്നു.” (രവീന്ദ്രനാഥ് ടാഗോർ)

മാതാപിതാക്കളായിരിക്കുന്നതിൽ ഒരേ സമയം അഭിമാനിക്കുകയും സന്തോഷിക്കുകയും വേണം. കുഞ്ഞുങ്ങൾ നമ്മെ കൂടുതൽ active ആക്കും.

“ശരിയാണച്ചോ ഞങ്ങളുടെ നാലാമത്തെ വിവാഹ വാർഷികത്തിലാണ് ഞങ്ങളുടെ മൂത്ത മകൻ ജനിക്കുന്നത്. അവൻ ജനിക്കുന്നതുവരെ ഞങ്ങളുടെ ജീവിതം അർത്ഥശൂന്യമായും വിരസമായും തോന്നി. എന്നാൽ മകൻ ജനിച്ച

ശേഷം ജീവിതത്തിൽ ഞങ്ങൾ അർത്ഥം കണ്ടു തുടങ്ങി. കൂടുതൽ സജീവമായി."

ബിനു നല്ല ആവേശത്തോടെയാണ് പറഞ്ഞത് അച്ചൻ പറഞ്ഞു:

"ബിനു, നിങ്ങൾക്ക് തെറ്റു പറ്റി. മക്കൾ ദൈവത്തിന്റെ ദാനമാണ്. എത്ര നല്ല മനുഷ്യരായാലും ചിലപ്പോൾ ചിലർക്ക് ദൈവം മക്കളെ കൊടുക്കാൻ താമസിക്കും. ചിലർക്ക് നൽകില്ല. എന്നതിനാൽ നിരാശപ്പെടേണ്ടതില്ല. ദൈവഹിതമെന്ന് കരുതിയാൽ മതി. മക്കളില്ലാത്തതിന്റെ പേരിൽ ജീവിതം നിരർത്ഥകമെന്ന് ധരിക്കരുത്. എങ്കിലും ബിനു പറഞ്ഞതു പോലെ മക്കൾ ജീവിതത്തിൽ വരുമ്പോൾ നാം കൂടുതൽ active ആകും."

ചില ആളുകൾ ലിംഗാടിസ്ഥാനത്തിലാണ് മക്കൾ എന്ന വരത്തെ കാണുന്നത്. രണ്ട് ആൺ മക്കളായാൽ ഒരു പെൺകുട്ടി വേണം. രണ്ട് പെൺമക്കളായാൽ അടുത്തത് ആൺ കുട്ടിയാകണം. ഇല്ലെങ്കിൽ നിരാശയാണ്. എന്റെ ഇട വക ശുശ്രൂഷയിൽ ഉണ്ടായ ഒരു സംഭവം പറയാം. മൂത്ത രണ്ട് പെൺകുട്ടികൾക്ക് ശേഷം വീണ്ടും പെൺകുട്ടി പിറന്ന പ്പോഴും പിന്നീടും ഒരു പിതാവിനുണ്ടായ ചിന്തകൾ.

"മൂന്നാമത്തെ കുട്ടിയും പെൺകുട്ടിയാണെന്നറിഞ്ഞപ്പോൾ ആദ്യം എനിക്ക് ദേഷ്യമായിരുന്നു. ആദ്യകാലത്ത് കൊച്ചിനെ നോക്കുകയോ കുളിപ്പിക്കുകയോ എടുക്കുകയോ ചെയ്യില്ലായിരുന്നു. എനിക്ക് അതിനോട് താൽപര്യമായിരുന്നു. പിന്നീട് കുഞ്ഞിന്റെ ചിരി എന്നെ അവളിലേക്ക് ആകർഷിച്ചു. സാവധാനം ഞാൻ അവളെ സ്നേഹിച്ചു തുടങ്ങി. ഇപ്പോൾ എനിക്കവളെ കാണാതിരിക്കാൻ സാധിക്കില്ല. എന്റെ കൈയ്യിൽനിന്നും എന്റെ പൊന്നുമോളെ ഞാൻ താഴെ വയ്ക്കാറില്ല. അവ ളെന്റെ ചങ്കാണ്."

ദൈവം തരുന്നത് ആണോ പെണ്ണോയെന്ന് നാം അന്വേഷിക്കേണ്ട. ലഭിക്കുന്ന പൊന്നിൻകുടത്തെ ദൈവിക ദാനമായി കണ്ട് സ്നേഹിച്ചാൽ മതി. മക്കളെ വളർത്തുവാൻ ദൈവം തന്നതാണ്. അവർ ഞങ്ങളുടെതല്ല, ദൈവത്തിന്റേതാണ്. ഏറ്റവും നന്നായി അവരെ സന്തോഷത്തോടെ വളർത്തുകയെന്നതാണ് നമ്മുടെ ഉത്തരവാദിത്വം. ഈ ഒരു ബോധ്യം എല്ലാ മാതാപിതാക്കൾക്കും ഉണ്ടാകണം.

**ഏറ്റവും ദുഷ്ക്കരമായ ദൗത്യമാണ് പേരന്റിംഗ്**

നമ്മുടെ കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്തി നമ്മുടെ മക്കളെ പരമാവധി ഉയരങ്ങളിലേക്കു വളർത്തണം. അനന്യഗുണ വിശേഷങ്ങളോടെയാണ് ഓരോ കുഞ്ഞും പിറന്നു വീഴുന്നത്. ഓരോ കുഞ്ഞുങ്ങൾക്കും ദൈവം നൽകിയ അതിവിശിഷ്ടമായ കഴിവുകൾ തിരിച്ചറിഞ്ഞ് അവരെ പരിപോഷിപ്പിക്കുന്നതാണ് മാതാപിതാക്കളുടെ ശ്രമകരമായ ദൗത്യം.

"അച്ചോ എപ്പോഴാണ് പേരന്റിംഗ് ആരംഭിക്കുന്നത്? കുഞ്ഞു ജനിക്കുമ്പോൾ മുതലാണോ?" രജനിക്കാണ് സംശയം.

"അല്ല. ഒരു കുഞ്ഞു ജനിക്കുവാൻ ആഗ്രഹിക്കുന്നത് മുതൽ. ഗർഭധാരണം, പ്രസവം, മുലയൂട്ടൽ എന്നിവയിൽ തുടങ്ങുന്ന ശിശു പരിപാലനം, ശൈശവദശ, ബാല്യകാലം, കൗമാരക്കാലം കടക്കുന്നതുവരെ പേരന്റിംഗ് തുടരുന്നു.

ഒരു ഉത്തമ പൗരനെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വരേണ്ട ഒരു പ്രക്രിയയാണ് പേരന്റിംഗ്. ഇക്കാല ഘട്ടങ്ങളിൽ അതീവ ദുഷ്ക്കരമായ അനവധി പരീക്ഷണങ്ങളിലൂടെ മാതാപിതാക്കൾ കടന്നുപോകേണ്ടിവരുന്നു. അങ്ങേയറ്റത്തെ ക്ഷമയും അസാധാരണ ധീരതയും മാതാപിതാക്കൾക്കുണ്ടാകണം. നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? പരുന്ത് തന്റെ കുഞ്ഞുങ്ങളെ പറക്കാൻ പരിശീലിപ്പിക്കുന്നത്? എല്ലാവരും വളരെ ശ്രദ്ധയോടെ അച്ചനെ കേട്ടിരിക്കയാണ്.

പരുന്ത് കുഞ്ഞിനെ തന്റെ പുറത്തിരുത്തിക്കൊണ്ട് വളരെ മുകളിലേക്ക് പറന്നുയരും. പെട്ടെന്ന് പരുന്ത് അതിവേഗം താഴേക്ക് കുതിക്കും. ബാലൻസ് തെറ്റിയ പരുന്തുംകുഞ്ഞ് കുഞ്ഞിച്ചിറകിട്ടടിക്കും. അൽപം കഴിയുമ്പോൾ തള്ളപ്പരുന്ത് കുഞ്ഞിനെ തന്റെ ചിറകുകൊണ്ട് സുരക്ഷിതമാക്കും. വീണ്ടും കുഞ്ഞുമായി മുകളിലേക്കു പറക്കുകയും വേഗത്തിൽ താഴേക്കു കുതിക്കുകയും കുഞ്ഞ് ചിറകിട്ടടിച്ച് ബാലൻസ് കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യും. ഈ പ്രക്രിയ പല പ്രാവശ്യം കഴിയുമ്പോഴേക്കും പരുന്തുംകുഞ്ഞ് ചിറകടിച്ച് പറക്കാൻ പഠിച്ചിരിക്കും.

മാതാപിതാക്കൾ ചെറുപ്പത്തിലെ നൽകുന്ന പരിശീലനങ്ങളാണ് ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നത്. അതുകൊണ്ടാണ് വീടിനെ ഒരുവന്റെ ആദ്യത്തെ സർവ്വകലാശാലയെന്നും മാതാപിതാക്കളെ പ്രഥമ ഗുരുക്കന്മാരെന്നും വിളിക്കുന്നത്. മിക്കവാറും കൗമാരപ്രായംവരെ മക്കൾ മാതാപിതാക്കളോടൊപ്പം ആയിരിക്കും. അക്കാലയളവിൽ കുട്ടികളുടെ സ്വഭാവം, കാഴ്ചപ്പാടുകൾ, വ്യക്തിത്വം, ബൗദ്ധികത, ശാരീരിക ക്ഷമത എന്നിവ രൂപപ്പെട്ടിരിക്കണം. ഇവിടെ മാതാപിതാക്കൾ ജാഗരൂകരാകണം. മക്കളുടെ formatoin period (രൂപപ്പെടലിന്റെ കാലം) ഫലവത്താകുന്നതിൽ മാതാപിതാക്കൾ അൽപമൊന്നുമല്ല ശ്രദ്ധിക്കേണ്ടത്.

**പേരന്റിംഗ് ഒരു ദൈവവിളി**

"മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ" (സങ്കീ.127:3).

മാതാപിതാക്കളാകുന്നത് ദൈവനിയോഗമാണ്. ദൈവത്തിന്റെ മക്കളെ വളർത്തുവാൻ ദൈവം തെരഞ്ഞെടുക്കുന്ന ദമ്പതികളാണ് മാതാപിതാക്കൾ. ആയതിനാൽ മാതാപിതാക്കളാകുന്നത് ദൈവവിളിക്കനുസൃതമാണ്. വിവാഹിതരാകുവാൻ ദൈവവിളി ആവശ്യമാകുന്നതുപോലെ മാതാപിതാക്കളാകുവാനും ദൈവവിളി ആവശ്യമാണ്. വിവാഹിതരാകുന്ന എല്ലാവർക്കും മാതാപിതാക്കളാകുവാനുള്ള ദൈവവിളി ലഭിക്കണമെന്നില്ല. ആയതിനാൽ എല്ലാ മാതാപിതാക്കളും തങ്ങളുടെ മക്കൾ ദൈവത്തിന്റേതാണെന്ന ബോധ്യത്തോടെ ആവണം മക്കളെ വളർത്തേണ്ടത്. ഓട്ടിസം ബാധിച്ച ഒരു കുഞ്ഞിന്റെ മാതാപിതാക്കൾ പറഞ്ഞത്. "ഇവൻ ഭൂമിയിൽ ജനിക്കണമെന്നത് ദൈവപദ്ധതിയാണ്. ഈ കുഞ്ഞിനെ വളർത്തുവാൻ കഴിയുന്ന മാതാപിതാക്കളെ ദൈവം അന്വേഷിച്ചപ്പോൾ ദൈവം ഞങ്ങളെയാണ് തെരഞ്ഞെടുത്തത്. ആയതിനാൽ ഇവന്റെ മാതാപിതാക്കളാകുവാനുള്ള ഭാഗ്യം ഞങ്ങൾക്ക് ലഭിച്ചു. ദൈവത്തിനു നന്ദി."

ദൈവത്തിന്റെ സൃഷ്ടി അതുല്യമായതിനാൽ ഭൂമിയിൽ പിറന്നു വീഴുന്ന ഓരോ കുഞ്ഞും അനന്യസവിശേഷതകളുള്ളവരാണ്. ഓരോരുത്തരും വ്യത്യസ്ഥരാണ്. ഇരട്ടകൾപോലും രൂപ സാദൃശ്യമുള്ളവരാണെങ്കിലും വ്യത്യസ്ഥമായ മനോഭാവവും കാഴ്ചപ്പാടും വികാരങ്ങളും ബൗദ്ധിക നിലവാരവും ഉള്ളവരായിരിക്കും. അവരെ തിരിച്ചറിഞ്ഞ് ദൈവം അവർക്കു നൽകിയ ഗുണവിശേഷം മനസ്സിലാക്കി അതിനെ പ്രോത്സാഹിപ്പിച്ച് വളർത്തിയെടുക്കേണ്ടതാണ്.

കുട്ടികളിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്നത് മാതാപിതാക്കളായതിനാൽ കുട്ടികൾ എന്തായിത്തീരുന്നുവെന്നുള്ളത് മിക്കവാറും മാതാപിതാക്കളെ ആശ്രയിച്ചിരിക്കും. ദൈവീക ചൈതന്യത്തിൽ ജീവിക്കുന്ന മാതാപിതാക്കൾ തങ്ങളുടെ മക്കളെ ദൈവമുള്ളവരാക്കി വളർത്തും. നിരീശ്വരവാദികളാണെങ്കിൽ യാതൊരു സംശയവും വേണ്ട അവ

രുടെ കുട്ടികളും ദൈവീക സംസർഗ്ഗം ഇല്ലാത്തവരായിരിക്കും. ദൈവം തന്ന മക്കളെ സൽഗുണ പൂർണ്ണരായി വളർത്തണം. അതിന് കഠിന പരിശ്രമം ആവശ്യമാണ്. ചെറിയ പ്രായത്തിൽതന്നെ രണ്ടുനേരവും പ്രാർത്ഥിക്കുക, എത് തീരുമാനമെടുക്കുന്നതിന് മുൻപും ദൈവത്തോടു ചോദിക്കുക, എവിടെപ്പോയാലും പോകുന്നതിന് മുമ്പ് പ്രാർത്ഥിക്കുക, പള്ളിയിൽ എല്ലാ ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും സംബന്ധിക്കുക, വേദപുസ്തകം വായിച്ച് ധ്യാനിക്കുക, വി. കൂദാശകളെ സ്വീകരിക്കുക തുടങ്ങിയ ആത്മീയകാര്യങ്ങൾ നിർവ്വഹിക്കുവാൻ കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കണം. ഇതൊന്നും ചെയ്യുവാൻ കുട്ടികൾക്ക് താല്പര്യമുണ്ടാകുകയില്ല. നമ്മുടെ സ്നേഹപൂർണ്ണമായ പഠിപ്പിക്കൽ വഴി അവരെ ഇക്കാര്യങ്ങളിൽ തൽപരരാക്കാം. ആയതിനുവേണ്ടി പേരന്റിംഗ് ദൈവവിളിയാണെന്ന് തിരിച്ചറിഞ്ഞ് കഠിന പരിശ്രമം നടത്തണം.

മാതാപിതാക്കൾ മുന്നിൽ നിന്ന് നയിക്കണം. ഉദാ. പള്ളിയിൽ പോകാനല്ല. പറയേണ്ടത്, പള്ളിയിൽ വരാനാണ് പറയേണ്ടത്. അവരെ ചെറുപ്രായം മുതൽ പള്ളിയിൽ കൊണ്ടുപോകണം. മാതാപിതാക്കൾ മാതൃകാജീവിതം നയിക്കണം. മാതൃകാദോഷമായതൊന്നും മക്കളുടെ മുൻപിൽ ചെയ്തുകൂടാ. മാതാപിതാക്കളുടെ പ്രവർത്തികളെ സസൂക്ഷ്മം നിരീക്ഷിക്കുന്ന നയനങ്ങളാണ് മക്കളുടേത്. പറയുന്നതെ പ്രവർത്തിക്കാവൂ. പ്രവർത്തിക്കാൻ സാധിക്കുന്നതെ പറയാവൂ. ദൈവം തന്ന മക്കളുടെ ദൈവമുള്ളവരാക്കി വളർത്തുവാനുള്ള പരിശ്രമമാണ് ഫലപ്രദമായ പേരന്റിംഗ് എന്നുള്ള ബോധ്യം നമുക്കുണ്ടാകണം.

(തുടരും)

# ഇങ്ങനെയും ജീവിതം

ബാല്യത്തോടു വിട പറഞ്ഞ് യൗവ്വനത്തിലേക്ക് കടന്നുവരുവാൻ പ്രതീക്ഷിച്ചു നിൽക്കുന്ന നേരത്താണു ദുശകുനംപോലെ കടന്നുവന്നു രോഗം. കോട്ടയം സ്വദേശിയായ ജെസ്റ്റിൻ 18 വയസ്, കഴിഞ്ഞ മാസം കഠിനമായ വയറുവേദനയെ തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. പരിശോധനയിൽ വയറ്റിൽ കുരുക്കൾ കണ്ടെത്തുകയും, അതു സംശയം തോന്നിയിട്ട് ടെസ്റ്റിനു വിടുകയും ചെയ്തു. ടെസ്റ്റിൽ കാൻസറാണെന്നു കണ്ടെത്തി. തിരുവനന്തപുരം RCC യിൽ തുടർചികിത്സയ്ക്കായി പ്രവേശിപ്പിക്കുകയും ചെയ്തു.

അച്ഛൻ കൂലിപ്പണി ചെയ്തും അമ്മ മറ്റു വീടുകളിൽ ജോലി ചെയ്തും കുടുംബം പുലർത്തിവരുന്നു. കഷ്ടപ്പാടുകളുടെ നടുവിൽ തങ്ങളുടെ മൂന്ന് ആൺമക്കളേയും പഠിപ്പിച്ചു വന്നിരുന്നു. മൂത്ത രണ്ടുപേരും ഇരട്ടകളാണ്. പഠിത്തം കഴിഞ്ഞു നിൽക്കുന്നു. ജോലിയൊന്നും കിട്ടാതെ വീട്ടിൽ ആണ്. ഇവൻ ITI യ്ക്കു പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ മകന്റെ ചികിത്സയ്ക്ക് യാതൊരു നിവർത്തിയുമില്ലാതെ നട്ടം തിരിയുകയാണ്. അവരുടെ സഹായത്തിനായി നാട്ടിലെ നല്ലവരായ മനുഷ്യർ മുന്നിട്ടിറങ്ങിയിട്ടുണ്ട്. യൗവ്വനത്തിലേക്ക് പറന്നുയരുവാനുള്ള പ്രതീക്ഷയുടെ ചിറകുകൾക്ക് ശക്തി ക്ഷയിക്കാതെ ശക്തിപ്പെടുത്തുവാനും, ആ ഇളം മനസ്സിന് ബലവും ധൈര്യവും ലഭിക്കുവാൻ പ്രാർത്ഥിയ്ക്കുകയും ചെയ്യുന്നത് വലിയ കാര്യമാണ്

ഈ അവസ്ഥയിൽ ആ മാതാപിതാക്കൾക്ക് മനസ്സോടെ ജോലി ചെയ്യുവാൻ കഴിയാതെ കുടുംബത്തിന്റെ അവസ്ഥ വളരെ ദയനീയമാണ്. ആ കുടുംബത്തിന്റെ നിരാശയുടെയും, നിസ്സഹായതയുടെയും മാനസ്സികാവസ്ഥകളെ മറി കടക്കുവാനുള്ള ആത്മധൈര്യവും, ആത്മവിശ്വാസവും അവർക്കുണ്ടാകുവാനും, മാനുഷികവും മനുഷ്യത്വപരമായുള്ള സമീപനം മറ്റുള്ളവരിൽ നിന്നും അവർക്കു ലഭിക്കുവാനും പ്രാർത്ഥിക്കാം. നമുക്കും അങ്ങനെ തന്നെ അവരെ സമീപിക്കാം. മനസ്സിന്റെ ആത്മധൈര്യവും, ആത്മവിശ്വാസവും ഒന്നു കൊണ്ടു മാത്രമെ ജീവിതത്തിലെ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും മനുഷ്യൻ അതിജീവിച്ചിട്ടുള്ളൂ. അല്ലാത്തവരൊക്കെ പരാജയപ്പെട്ടു പോയിട്ടുണ്ട്. മാതാപിതാക്കന്മാരുടെ പ്രതീക്ഷയാണ് അവരുടെ മക്കൾ. (സങ്കീ.127:3) "മക്കൾ, യഹോവ നൽകുന്ന അവകാശവും ഉദരഫലം, അവൻ തരുന്ന പ്രതിഫലവും തന്നേ". കഷ്ടപ്പാടുകൾക്കും, ബുദ്ധിമുട്ടുകൾക്കും അപ്പുറത്ത് സമാധാന സമൃദ്ധിയിൽ ആനന്ദിക്കുവാനുള്ള ഏക അവസരമാണ് ആരോഗ്യമുള്ള മക്കൾ. അനാരോഗ്യം ആത്മസന്തോഷം കെടുത്തിക്കളയുന്നു. അതിനെ ആത്മധൈര്യത്തോടും, ആത്മവിശ്വാസത്തോടും വീണ്ടെടുക്കുവാൻ ദൈവം ഈ മകനു കൃപ നൽകട്ടെയെന്നുപ്രാർത്ഥിക്കാം.

ഈ കുടുംബത്തിനുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന പ്രവൃത്തിയിൽ അധിഷ്ഠിതമാകട്ടെ. പ്രവൃത്തിയില്ലാത്ത പ്രാർത്ഥന ആത്മാവില്ലാത്തതാകയാൽ ഉത്തരം ലഭിക്കില്ല. (സദൃ.21:13) "എളിയവന്റെ നിലവിളിക്കു ചെവി പൊത്തിക്കളയുന്നവൻ താനും വിളിച്ചപേക്ഷിക്കും ഉത്തരം ലഭിക്കില്ല." നമ്മുടെ പ്രയത്ന ഫലം ആഢംബരങ്ങൾക്കും, ആഘോഷങ്ങൾക്കും ചിലവഴിക്കുന്നത് ദൈവമുമ്പാകെ അന്യായമാണ്. എന്നാൽ, അടുത്തവനോ, അപരനോ ആയ ആവശ്യക്കാരന്റെ ആവശ്യങ്ങളോടനുകൂലമായി സഹകരിക്കുന്നതാണ് അനുഗ്രഹം. അനുഗ്രഹത്തിനായി അലയാതെ അടുത്തുള്ള അശരണർക്ക് ശരണമായിക്കൊണ്ട് അവരിലൂടെ ദൈവം നിക്ഷേപിച്ചിരിക്കുന്ന അനുഗ്രഹത്തെ ആർജ്ജിക്കുവാൻ കഴിയും. (സദൃ. 14:21) "എളിയവനോടു കൃപ കാണിക്കുന്നവനോ ഭാഗ്യവാൻ." ക്രിസ്തുയേശുവിലൂടെ വിശ്വാസത്താൽ കൃപ ലഭിച്ച നാം മറ്റുള്ളവരോടു കൃപ കാണിക്കുവാൻ കടമപ്പെട്ടിരിക്കുന്നു. അതിനു ദൈവം നമ്മെ സഹായിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**Fr. Andrews Kadappangattu**

# മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് ((തുടർച്ച)

ക്നാനായ അതിഭദ്രാസനത്തിലെ സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ആരംഭിച്ച മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിൽ നിന്നും നിലവിൽ 55 ഇടവകകളിലെ 654 വിദ്യാർത്ഥികൾക്ക് 2,48,92,414 രൂപാ നൽകിയിട്ടുണ്ട് അതിൽ പഠനം പൂർത്തിയായി ജോലിയിൽ പ്രവേശിച്ചിട്ടും തിരിച്ചടയ്ക്കുവാനുള്ളത് 80 ലക്ഷം രൂപയാണ്. കാലാവധി കഴിഞ്ഞും ഈ തുക തിരിച്ചടയ്ക്കാത്തതിനാൽ അർഹരായ ധാരാളം കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ സാധിക്കുന്നില്ല. ഇപ്പോൾ കോവിഡിന്റെ പശ്ചാത്തലം കൂടി ആയതിനാൽ പള്ളികളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുവാനും സാധിക്കുന്നില്ല. ആയതുകൊണ്ട് വായ്പത്തുക കാലാവധി കഴിഞ്ഞിട്ടും തിരിച്ചടക്കാത്തവരുടെ ലിസ്റ്റ് ഖണ്ഡശ്ശ പ്രസിദ്ധീകരിക്കുകയാണ്.

വായ്പത്തുക തിരിച്ചടക്കാനുള്ളവർ നേരിട്ടോ ബാങ്ക് മുഖേനയോ തിരികെ അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എക്സിക്യൂട്ടീവ് ട്രസ്റ്റികൾ

ഫാ.എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ ശ്രീ.തോമസ് ജോൺ കുളങ്ങര

**മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്, മോർ അപ്രേം സെമ്മിനാരി, ചിങ്ങവനം, കോട്ടയം**
**SBI Chingavanam Acc. No. 57004254347, IFSC: SBIN 0070128**

### മന്ദമരുതി സെന്റ്തോമസ് പള്ളി

| | |
|---|---|
| മറിയാമ്മ മർക്കോസ്, വടക്കേമണ്ണിൽ | 5,000 |
| അനുമോൾ ഏബ്രഹാം, പാറക്കാട്ടിൽ | 15,000 |

### മഴുക്കീർ സെന്റ്മേരീസ് പള്ളി

| | |
|---|---|
| റ്റിന്റു ഏബ്രഹാം, കാട്ടുവേലിൽ | 15,000 |
| സലീന സാബു, വലിയവെളിയത്ത് | 10,000 |
| ജിതിൻ രാജു, വലിയ വെളിയത്ത് | 35,000 |
| റ്റിബിൻ ബേബി, കാട്ടുവേലിൽ | 20,000 |

### മുളക്കാൻതുരുത്തി സെന്റ്ജോർജ് പള്ളി

| | |
|---|---|
| ലിറ്റി ചെറിയാൻ, മുണ്ടുച്ചിറയിൽ | 10,000 |
| ബിബിലി സ്ക്കറിയ, ചാലുങ്കൽ | 85000 |
| അനു മരിയ സജി, ഒറ്റത്തൈയ്ക്കൽ | 50000 |
| റിൻസു ശോശ ജോൺ, ചാലുങ്കൽ | 75000 |
| ജെറിൻ കെ. തോമസ്, പള്ളത്തുശ്ശേരി | 90,000 |

### മുബൈ സെന്റ്മേരീസ് പള്ളി

| | |
|---|---|
| രൻജ്ജു മാത്യു, മജിവാട, താനേ (W) | 10,000 |

### നീലംപേരൂർ സെന്റ്ജോർജ് പള്ളി

| | |
|---|---|
| സൂസൻ തോമസ് കട്ടത്തറ | 4,163 |
| ലതാ തോമസ്, കട്ടത്തറ | 6,000 |
| പ്രിന്റു ഏലിയാസ്, കോമ്പാറയിൽ | 500 |
| റീജാമോൾ തമ്പി, വാഴൂത്തറ | 25,000 |
| ചിക്കു കുരുവിള, ഇടത്തുംപറമ്പിൽ | 5,000 |
| റിനുമോൾ കെ. ആർ, കോയ്പ്പുറം | 10,000 |
| മെറിൻ പുന്നൂസ്, കാഞ്ഞിരക്കാട്ട് | 15,000 |
| ജിഥിൻ മാത്യു, ഉമ്മാച്ചേരിൽ | 35,000 |
| ജോബിൻ റ്റി. ജേക്കബ്, തെക്കുട്ടിശ്ശേരിൽ | 10,000 |
| റിബിൻ ചാക്കോ, മൂലാണ്ടങ്കരി | 5000 |
| ലിയ മാത്യു, പാറപറമ്പിൽ | 45,000 |
| റിറ്റി രാജു, കാരുവേലിൽ | 45,000 |
| സുബിൻ ബിജു, താഴ്ചയിൽ | 10,000 |
| മെറിൻ പുന്നൂസ്, കാഞ്ഞിരക്കാട്ട് | 10,000 |
| ഡോൺ കെ. ബിജു, കളത്തിൽ | 10,000 |
| നിഖിൽ സാബു, പയ്യംപള്ളിൽ | 25,000 |

### ഒഴുവൻപാറ സെന്റ്ജോർജ് പള്ളി

| | |
|---|---|
| സീതൾ ജേക്കബ്, വടവുപറമ്പിൽ | 11,000 |
| ബിജി ഏബ്രഹാം, മുരിക്കോലിപ്പുഴ | 17,000 |
| സോണിമ ജോക്കബ്, വടവുപറമ്പിൽ | 10,000 |
| രോജിഷ് സ്കറിയ, മധുരംകോട്ട് | 10,000 |
| ഫിലിപ്പ് ഏബ്രഹാം, കക്കുഴിയിൽ | 15,000 |

### പ്രാപ്പോയിൽ സെന്റ്മേരീസ് പള്ളി

| | |
|---|---|
| സജി ജോസഫ്, കയ്യാലപറമ്പിൽ | 10,000 |

### പുനലൂർ സെന്റ്മേരീസ് പള്ളി

| | |
|---|---|
| ഡൈനി തോമസ്, പുത്തൻവീട് | 6,000 |
| പ്രീതു ജേക്കബ്, തച്ചാറയിൽ | 15,000 |
| ബബിത ജോസഫ്, കുറ്റിയിൽ | 5,000 |
| ബിറ്റി ബാബു, പുത്തൻപുരയിൽ | 15,000 |

### രാമമംഗലം സെന്റ്ജേക്കബ് വലിയ പള്ളി

| | |
|---|---|
| മീര കെ.എം., കിഴക്കൻഞ്ചേരിൽ | 15,000 |
| സാറാമ്മ യാക്കോബ്, പള്ളിത്താഴത്ത് | 15,000 |
| എൽദോ ജോൺ, വടക്കേതുരുത്തേൽ | 10,000 |
| ജൂലി കുര്യൻ, ഐക്കര | 5,000 |
| റിയ തമ്പി, വടക്കേതോട്ടത്തിൽ | 10,000 |
| ചിന്നു ഏബ്രഹാം, പുഞ്ചക്കര | 15,000 |
| അനൂബ് കുറിയാക്കോസ്, തെക്കേക്കുറ്റ് | 5,000 |
| അഖിൽ തങ്കച്ചൻ, കൊമ്മലക്കുഴിയിൽ | 15,000 |
| ലിജോ സ്കറിയ,ഐക്കര | 10,000 |
| അഞ്ചു സ്കറിയ, ഐക്കര | 98,943 |
| അൻസൻ ജോസഫ് തോമസ്, ഇലവനാൽ | 10,000 |
| കുറിയാക്കോസ് മാത്യു, കിഴക്കൻചേരിൽ | 40,000 |
| ആഷ മേരി തോമസ്, ഇലവനാൽ | 227,712 |
| ജോസ്നാ ജോർജ്, പാലക്കുടിയിൽ | 85,000 |
| എൽദോസ് ബാബു, പെരുമ്പള്ളിതാഴത്ത് | 50,000 |
| ബ്ലെസ്സി ജോണി, ഇലവനാൽ | 85,000 |
| എയ്ഞ്ചൽ ജോൺസൺ, പുലയാട്ടുകുഴിയിൽ | 75,000 |
| കുറിയാക്കോസ് പി.എസ്. പള്ളിത്താഴത്ത് | 30,000 |
| എൽദോ കുറിയാക്കോസ്, കടവിൽ മലയിൽ | 30,000 |
| ജസ്നോ ജോയ്, മോളേൽ, കീഴ്മുറി | 30,000 |
| എലിസബേത്ത് പി.എസ്. പള്ളിത്താഴത്ത് | 75,000 |

### റാന്നി സെന്റ് തോമസ് വലിയ പള്ളി

| | |
|---|---|
| ജീന ഏബ്രഹാം, വിലങ്ങിൽ | 11,500 |
| സുനിൽ ജോസഫ്, കോളേജ് വ്യു | 11,000 |
| റിയ തോമസ്, കുളത്താപള്ളിൽ | 15,000 |
| റിൻസി പി. രാജു, പുത്തൂർ | 30,000 |
| ജിജോ ഫിലിപ്പ്, മുരിക്കോലിപ്പുഴ | 45,000 |
| ലിൻഞ്ചോ വി. തോമസ്, വിലങ്ങിൽ മേപ്രത്ത് | 45,000 |
| ബിന്റോ ബാബു, ചരിവുകാലായിൽ | 45,000 |

### സീതത്തോട് സെന്റ്ജോർജ് പള്ളി

| | |
|---|---|
| റിന്റു രാജു, മാവുങ്കൽ | 20,000 |

### തെങ്ങേലി സെന്റ് മേരീസ് പള്ളി

| | |
|---|---|
| സോജി ഏബ്രഹാം വേങ്ങാട്ട് | 15,000 |
| ബോബൻ ജേക്കബ്, മനക്കണ്ടത്തിൽ | 30,000 |
| ബിയ കുറിയാക്കോസ്, വേങ്ങാട്ട് | 55,000 |




**ഫാ. സിജോ എബ്രഹാം വട്ടോത്ര**
**(വികാരി, സെന്റ് മേരീസ് ക്നാനായ ചർച്ച്, കട്ടപ്പന)**

## സ്മയോ 36-ാം ഞായറാഴ്ച (21-3-2021) (വി.മത്തായി 20:29-34,12:22-28)

കാഴ്ച നഷ്ടപ്പെട്ട മനുഷ്യർക്ക് കാഴ്ച നൽകുന്ന പ്രകാശ ദാതാവായിട്ടാണ് ക്രിസ്തുവിനെ ഈ ഞായറാഴ്ചത്തെ വേദഭാഗത്തെ പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്.

ഏശയ്യാ 35:5-ൽ പറയുന്ന പ്രകാരം "അന്നു കുരുടൻമാരുടെ കണ്ണുകൾ തുറന്നു വരും" എന്ന് രക്ഷകനെപ്പറ്റി പ്രവാചകൻ പറയുന്നത് ക്രിസ്തുവിൽ നിറവേറിയിരിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

പ്രസ്തുത വേദഭാഗത്തിന്റെ ആദ്യ പകുതിയിൽ യേശു ക്രിസ്തു തന്റെ യെരുശലേമിലേക്കുള്ള അവസാന യാത്രയ്ക്കിടയിൽ യറീഹോയിൽ നിന്നു പുറപ്പെട്ടപ്പോൾ കാഴ്ചയില്ലാത്ത രണ്ടു മനുഷ്യർ "യേശുവേ ദാവീദ്പുത്രാ ഞങ്ങളോടു കരുണ ചെയ്യണമേ" എന്ന് ഉച്ചത്തിൽ നിലവിളിച്ചു കൊണ്ടിരുന്നു. എന്നാൽ പലരും അവരെ വിലക്കിയിട്ടും അവർ വീണ്ടും അധികമായി നിലവിളിച്ചുകൊണ്ടിരുന്നു. യേശു തമ്പുരാൻ അവരിൽ മനസ്സലിഞ്ഞ് അവരുടെ കണ്ണുകളെ തൊടുകയും അവർ സൗഖ്യം പ്രാപിക്കുന്നതായും നമുക്ക് കാണുവാൻ സാധിക്കും.

രണ്ടാം പകുതിയിൽ ഊമനും അന്ധനുമായ പിശാചുബാധിച്ച ഒരു മനുഷ്യനെ ക്രിസ്തുവിന്റെ അടുക്കൽ കൊണ്ടുവരികയും ക്രിസ്തു അവനെ സൗഖ്യമാക്കുകയും ചെയ്യുന്നു. എന്നാൽ ഇതെല്ലാം കണ്ടു അത്ഭുതപ്പെട്ടു നിൽക്കുന്ന ജനത്തിന്റെ മനസ്സിലേക്ക് സംശയത്തിന്റെ വിത്തുകൾ വാരി വിതറുന്ന പരീശൻമാരും യേശുവും തമ്മിലുള്ള സംസാരവും ഇവിടെ ശ്രദ്ധേയമാണ്.

"കണ്ണാകുന്നു ശരീരത്തിന്റെ വിളക്ക്" എന്ന മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ ഓർമ്മിപ്പിക്കുന്നതുപോലെ തന്നെ ഓരോ മനുഷ്യന്റെയും ജീവിതത്തിലെ പ്രധാന ഘടകം ആണ് 'കണ്ണ്'. കണ്ണില്ലാത്തവർക്ക് പരസഹായം കൂടാതെ ജീവിക്കുവാൻ ബുദ്ധിമുട്ടാണ് ഇങ്ങനെ ബുദ്ധിമുട്ട് അനുഭവിക്കുന്ന മനുഷ്യരുടെ കണ്ണുകൾക്കാണ് യേശു തമ്പുരാൻ പ്രകാശം നൽകുന്നത്. ഇവിടെ ശ്രദ്ധേമായ ചില കാര്യങ്ങൾ നമ്മുക്ക് ചിന്തിക്കാം.

1) യേശുക്രിസ്തു തന്റെ യെരുശലേമിലേക്കുള്ള യാത്രക്കിടയിൽ കണ്ടുമുട്ടുന്ന കുരുടനായ മനുഷ്യരെ കണ്ട് അവരിൽ മനസ്സലിവ് തോന്നി അവരെ സൗഖ്യമാക്കിയതുപോലെ നമ്മുടെ ജീവിത യാത്രയിൽ ബലഹീനരായ മനുഷ്യരെയും ബുദ്ധിമുട്ട് അനുഭവിക്കുന്നവരെയും കണ്ടുമുട്ടുമ്പോൾ അവരോട് മനസ്സലിയുവാനും സഹായിക്കുവാനും നമുക്ക് സാധിക്കണം. ഈ നോമ്പുകാലത്ത് ക്രിസ്തുവിന്റെ മനോഭാവം നമ്മുടെ ജീവിതത്തിലേക്ക് പകർത്തി എഴുതുവാൻ സാധിക്കണം.

2) സൗഖ്യദായകനായ ക്രിസ്തുവിന് ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കുവാൻ സാധിക്കുമെന്ന് ആ മനുഷ്യർ ഉറച്ചു വിശ്വസിച്ചതുകൊണ്ടാണ് പലരും വിലക്കിയിട്ടും "യേശുവേ ദാവീദു പുത്രാ ഞങ്ങളോടു കരുണ ചെയ്യണമേ" എന്ന് ഉച്ചത്തിൽ അവർ വിളിച്ചു പറഞ്ഞത് നമ്മുടെ ജീവിതത്തിലും ഇതുപോലെയുള്ള ബലഹീനതയിലും പാപാവസ്ഥയിലും ക്രിസ്തുവിനോട് ചേർന്ന് വിശ്വാസത്തോടെ അവന്റെ സന്നിധിയിലേക്ക് കടന്നു ചെല്ലുവാൻ ഈ നോമ്പുകാലത്ത് നമുക്ക് സാധിക്കണം.

3) ക്രിസ്തുവിനെപ്പറ്റിയുള്ള പ്രവചനങ്ങൾ ധാരാളമായി പ്രവചനപുസ്തകങ്ങളിലും മോശയുടെ പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. അതിൽ "ദാവീദ്പുത്രാ" എന്നുള്ള പരാമർശം മത്തായിശ്ലീഹായെഴുതിയ സുവിശേഷത്തിൽ പ്രബലമായി നിൽക്കുന്നു. ഇത് 2 ശമുവേൽ 7:12,1 3,14 ൽ ദാവിദിനോട് നാഥാൻ പ്രവാചകൻ പറയുന്ന പ്രവചനത്തിന്റെ പൂർത്തീകരണമായി കണക്കാക്കാം.

4) മത്തായി 12:23-24 ൽ കാണുന്ന പ്രകാരം ജനമെല്ലാം അത്ഭുതപ്പെട്ട ' ദാവീദ് പുത്രൻ പക്ഷേ ഇദ്ദേഹമായിരിക്കും" എന്നു പറയുമ്പോൾ, പരീശന്മാർ ഇത് കേട്ടിട്ട് ഇവൻ ഭൂതങ്ങളുടെ തലവനെകൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നു എന്നുള്ള പരാമർശം നടത്തുന്നു. ഇവിടെ പരീശന്മാർ ജനത്തിനിടയിൽ തെറ്റിദ്ധാരണ അല്ലെങ്കിൽ ഇടർച്ച ഉണ്ടാകുവാനുള്ള ശ്രമമാണ് നടത്തുന്നത്. മത്തായി 18:6-7 പരിശോധിക്കുമ്പോൾ ഇടർച്ചകൾ ഉണ്ടാക്കുന്ന മനുഷ്യരിൽ ദൈവം പ്രീതിപ്പെടുന്നില്ല എന്നു വേണം മനസ്സിലാക്കുവാൻ. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ കഴിവതും മറ്റുള്ളവർക്ക് ഇടർച്ച ഉണ്ടാക്കാതിരിപ്പാൻ നാം പ്രത്യേകം ശ്രദ്ധിക്കണം.

ദൈവരാജ്യത്തിന്റെ വരവിനായി നോക്കിപാർത്തിരിക്കുന്നവരായ നാം ഓരോരുത്തരും സ്വർഗ്ഗരാജ്യമർമ്മങ്ങളെ മനസ്സിലാക്കാതെ കണ്ണുണ്ടായിട്ടും കാണാതെയും ചെവിയുണ്ടായിട്ടും കേൾക്കാതെയും ഇരിക്കുന്നവരായി നാം മാറരുത്. (മത്താ.13:15,16) ഈ നോമ്പുകാലത്ത് മനസ്സലിവുള്ളവരും, ദൈവത്തോട് ചേർന്നിരിക്കുന്നവരും, ഇടർച്ച ഉണ്ടാക്കാത്തവരും ആയിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം.

## 28-3-2021 ഊശാന ഞായറാഴ്ച (യോഹ.12:1219)

ഊശാന ഞായറാഴ്ച നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള രാജകീയമായ വരവിനെ അനുസ്മരിപ്പിക്കുന്നു. പാപംമൂലം വീണുപോയ മനുഷ്യ കാലത്തെ രക്ഷിപ്പാനായി പുത്രൻ ശരീരം ധരിച്ചു ഏശയ്യാവ് അവന്റെ ദർശനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം മനുഷ്യനിൽ താഴ്മയുള്ളവനും നിത്യനുമായി കാണപ്പെടേണ്ടതിന് തന്റെ സകല മാർഗ്ഗങ്ങളിലും താഴ്മയുള്ളവനായി സകല മൃഗങ്ങളിലും ഹീനമായ കഴുതമേൽ വാഹനമേറിക്കൊണ്ട് ദാവീദിന്റെ രാജ്യം പുതുക്കുമ്പോൾ ഊർശ്ലേമിലേക്ക് പ്രവേശിക്കുന്നതു കാണുക. കർത്താവിന്റെ ഊർശ്ലേ

മിലേക്കുള്ള യാത്രയും അതിനോട് അനുബന്ധിച്ചു നടക്കുന്ന സംഭവങ്ങളും കുറച്ചുകൂടി വ്യക്തമായി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത് വി. മത്തായി ശ്ലീഹ, വി.മർക്കോസ് സബ്റോനോ എന്നിവർ എഴുതിയ സുവിശേഷത്തിലൂടെയാണ്. (വി. മത്തായി 21:1-22, വി. മർക്കോസ്.11:1-26).

സ്കറിയ 9:9 (സെഖര്യാവ്) പറയുന്ന പ്രകാരം "സീയോൻ പുത്രിയെ അത്യന്തം ആനന്ദിക്കുക; യെറുശലേം പുത്രിയെ ആർപ്പിടുക ഇതാ നിന്റെ രാജാവു നിന്റെ അടുക്കലേക്ക് വരുന്നു. അവൻ നീതിമാനും, രക്ഷകനും വിനീതനും, കഴുതപ്പുറത്ത് പെൺകഴുതയുടെ കുട്ടിയുടെ പുറത്ത് വാഹനമേറിയിരിക്കുന്നവനും ആകുന്നു" എന്നു പറഞ്ഞിരിക്കുന്ന പ്രകാരമുള്ള പ്രവചനം ക്രിസ്തുവിൽ നിറവേറിയിരിക്കുന്നു.

പ്രസ്തുത വേദഭാഗത്ത് കർത്താവായ യേശുമിശിഹാ ഊർശ്ലേമിനെ സമീപിക്കുമ്പോൾ മുൻപറഞ്ഞ ക്രമീകരണ പ്രകാരം കഴുതക്കുട്ടിയുടെ പുറത്ത് കയറി വളരെ രാജകീയമായിട്ടാണ് പ്രവേശിക്കുന്നത് പൈതങ്ങളും അവനെ കണ്ടുകൊണ്ട് പുരുഷാരമെല്ലാം അവരുടെ വസ്ത്രങ്ങൾ വഴിയിൽ വിരിക്കുകയും ചിലർ വൃക്ഷങ്ങളുടെ കൊമ്പുകൾകൊണ്ട് വഴി അലങ്കരിക്കുകയും ചെയ്തു അവർ ഒന്നായി നിന്നുകൊണ്ട് അവനെ മഹത്വപ്പെടുത്തുകയും ചെയ്തു എന്നാൽ യഹൂദപ്രമാണിമാർ അവന് ലഭിക്കുന്ന പിന്തുണകൊണ്ട് അസ്വസ്ഥരായി മാറുകയാണ്. പിന്നീട് യേശുക്രിസ്തു ദൈവാലയത്തിലേക്ക് പ്രവേശിച്ചു ക്രിയവിക്രയം ചെയ്തുകൊണ്ടിരിക്കുന്നവരെ പുറത്താക്കികൊണ്ട് "പ്രാർത്ഥനാഭവനം" എന്ന് ദൈവാലയത്തെ വിളിക്കുന്നു. അതിനുശേഷം സംശയരഹിതമായ വിശ്വാസത്തെപ്പറ്റി ക്രിസ്തു ശ്ലീഹന്മാരെ പ്രബോധിപ്പിക്കുന്നു. ഇവിടെ ശ്രദ്ധേയമായ ചില ചിന്തകൾ നമുക്ക് ധ്യാനിക്കാം.

1) ക്രിസ്തു രാജകീയമായി ഊർശ്ലേമിലേക്ക് പോകുന്നതിന് തിരഞ്ഞെടുത്തത് ഒരു കഴുതക്കുട്ടിയെയാണ്. തന്റെ പഠിപ്പിക്കലുകൾപോലെ തന്നെയാണ് തന്റെ തിരഞ്ഞെടുപ്പും. തനിക്ക് ജനിക്കുവാൻ കാലിത്തൊഴുത്തും സഞ്ചരിക്കുവാൻ കഴുതയെയും തിരഞ്ഞെടുത്ത രാജാക്കന്മാരുടെ രാജാവ്. രാജകീയ പരിവാരങ്ങളും അകമ്പടികളോടെയും പട്ടണത്തിലേക്ക് പ്രവേശിക്കുന്ന അന്നത്തെ രാജാക്കന്മാരുടെ കാലത്ത് കഴുതക്കുട്ടിയെ തിരഞ്ഞെടുത്ത സകലത്തിന്റെയും സൃഷ്ടാവ്, എത്രയോ മഹത്വകരമായ തിരഞ്ഞെടുപ്പ് വിനീതവും ലളിതവുമായത് തിരഞ്ഞെടുത്ത്, കർത്താവിന്റെ തിരഞ്ഞെടുപ്പുകളോട് നമ്മുടെ തിരഞ്ഞെടുപ്പുകളും സാമ്യപ്പെടട്ടെ. ഈ ലോകജീവിതം നമുക്ക് തരുന്ന ധനവും മഹിമയും നമ്മെ ക്രിസ്തുവിന്റെ ഛായയിൽ നിന്ന് അകറ്റുന്നുവെങ്കിൽ അവ വേണ്ടന്നു വയ്ക്കുവാനോ ഉപേക്ഷിക്കുവാനോ നമുക്ക് കഴിയണം.

2) ക്രിസ്തുവിൽ നിന്ന് ലഭിച്ച അനുഗ്രഹങ്ങളും, രോഗസൗഖ്യങ്ങളും അവയെക്കാൾ ഉപരി അവന്റെ വചനങ്ങൾ നൽകിയ സാന്ത്വനവും കേട്ട കുട്ടികളും പുരുഷാരവുമെല്ലാം അവനെ സ്വീകരിച്ചതുപോലെ അവന് സ്തുതികൾ അർപ്പിച്ചതുപോലെ അവനെ നമ്മുടെ ജീവിതത്തിൽ സ്വീകരിക്കുവാനും, മഹത്വപ്പെടുത്തുവാനും ഈ നോമ്പു കാലത്ത് സാധിക്കണം.

3) എന്റെ ഭവനം സകല ജനങ്ങൾക്കും പ്രാർത്ഥനാഭവനമെന്ന് പറഞ്ഞ് അതിൽ ക്രയവിക്രയം ചെയ്തവരെ പുറത്താക്കിയതുപോലെ റൂഹായുടെ മന്ദിരമായി പരിലസിക്കേണ്ട നാം ഓരോരുത്തരും നമ്മുടെ ഉള്ളിലെ മന്ദിരത്തെ അശുദ്ധമാക്കുന്ന പാപ പ്രവർത്തികളെ പുറത്താക്കുവാൻ സാധിക്കണം.

4) ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് സംശയരഹിതമായ വിശ്വാസത്തെ കാണിച്ചുകൊടുക്കുമ്പോൾ ഇത് നമ്മുടെ ജീവിതത്തിലും വളർത്തിയെടുക്കേണ്ടുന്ന ഒരു ഘടകം ആണ് "വിശ്വാസം കൂടാതെ ദൈവത്തെ പ്രീതിപ്പെടുത്തുവാൻ സാധിക്കയയില്ല" എന്ന് തിരുവെഴുത്ത് നമ്മെ ഓർമ്മിപ്പിക്കുന്നു.

മറ്റൊരു ഊശാന പെരുന്നാളുകൂടെ നമ്മൾ ആഘോഷിക്കുമ്പോൾ ക്രിസ്തുവിനെപ്പോലെ ലളിതവും വിനീതവുമായ ജീവിതവും, സൃഷ്ടാവിന് പൈതങ്ങൾ സ്തുതിപ്പ് കരേറ്റിയതുപോലെ സ്തുതിക്കുവാനും, സംശയരഹിതമായ വിശ്വാസവും നമ്മുടെ ജീവിതത്തിൽ നാം വളർത്തിയെടുക്കാനും ശീലമാക്കണം. അതിന് ദൈവം എല്ലാവരേയും ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## 4-4-2021 ക്യംതാ അഥവാ ഉയിർപ്പ് ഞായറാഴ്ച (വി. മർക്കോ. 16:18)

യേശുക്രിസ്തു ഉയിർപ്പുമൂലം തന്റെ ശത്രുക്കളെ പിന്നോട്ട് അടിച്ചു. ഈ ഞായറാഴ്ച വിജയത്തിന്റെ ഞായറാഴ്ചയാണ് എന്തുകൊണ്ടെന്നാൽ രക്ഷാകരമായ മനുഷ്യവതാര വ്യാപാരത്തിന്റെ ഉദ്ദേശം അതിൽ അന്ധകാരം നീക്കപ്പെടുകയും പറുദീസായിൽ വച്ച് ആദ്യമാതാപിതാക്കന്മാരെ വഞ്ചിച്ചവനായ സർപ്പത്തിന്റെ തല ചതയ്ക്കപ്പെടുകയും മരണത്തിന്റെ അധികാരം ഇല്ലാതാകുകയും പാതാളം കവർച്ച ചെയ്യപ്പെടുകയും സാത്താൻ അടിമപ്പെടുത്തിയിരുന്നവരെ സ്വാതന്ത്ര്യപ്പെടുത്തുകയും യേശുമിശിഹായിൽ നിവൃത്തിക്കപ്പെട്ടിട്ടുള്ള ഈ വലിയ രക്ഷയുടെ തെളിവിലേക്കായി മരിച്ചവരിൽ ചിലർ തന്റെ ക്രൂശാരോഹണ സമയത്തെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. ആകയാൽ ദാവീദ് പറഞ്ഞിരിക്കുന്ന പ്രകാരം കർത്താവുണ്ടാക്കിയ ദിവസം ഇതത്രെ നിങ്ങൾ സന്തോഷിച്ചു ആനന്ദിപ്പിൻ, ആ ദിനം ഇന്നാകുന്നു. ഇന്നു വെള്ളിയാഴ്ചയുടെ ദുഃഖം നീങ്ങിപ്പോയി. ഇനി മുൾക്കിരീടത്തിന്റെ കാരണത്താൽ മശിഹായുടെ ശിരസ്സിൽ നിന്നും രക്തം ഒഴുകുകയില്ല. എന്നാലോ സൂര്യകിരണങ്ങളേക്കാൾ ഏറ്റം ഉത്തമമായി തന്റെ മുഖം ഉയിർപ്പ് മുഖാന്തിരം പ്രശോഭിക്കപ്പെട്ടു. കർത്താവിന്റെ ഉയിർപ്പ്മൂലം സ്വർഗ്ഗം തുറക്കപ്പെടുകയും മനുഷ്യരാശിക്ക് പുതിയ സൃഷ്ടിയാക്കപ്പെടുവാനുള്ള വാതിൽ തുറക്കപ്പെടുകയും ചെയ്തു.

ഉയിർപ്പ് ഞായറാഴ്ച സകല പ്രത്യാശകളുടെയും പ്രതീക്ഷകളുടെയും, പ്രവചനത്തിന്റെയും പൂർത്തികരണമാണ്. മരണത്തെ തോല്പിച്ചു ക്രിസ്തു ഉയിർത്തെഴുന്നേറ്റു അടഞ്ഞു കിടന്നിരുന്ന വാതിൽ നമുക്കായി തുറക്കപ്പെട്ടു. തന്റെ പ്രത്യാശയിൽ ജീവിക്കുന്നവരെ ഞാൻ വീണ്ടും ചേർത്തുകൊള്ളുമെന്ന് വാഗ്ദാനവും ചെയ്തിട്ടുണ്ട്.

പ്രസ്തുത വേദഭാഗത്ത് മറിയാമും കൂടെ ഉണ്ടായിരുന്നവരും മൂന്നാം ദിവസം അവനെ തൈലം പൂശുവാനായി അവന്റെ കല്ലറയിൽപോയി. എന്നാൽ ക്രിസ്തുവിന്റെ കല്ലറയിൽ നിന്ന് കല്ല് നീക്കപ്പെട്ടതായി കാണുന്നു ക്രിസ്തു ഉയിർത്തെഴുന്നേറ്റ വിവരം വെള്ള നിലയങ്കി ധരിച്ച ഒരു മനുഷ്യൻ അവരോടു പറയുകയും ചെയ്തു. അവർ ഈ വിവരം മറ്റുള്ളവരിലേക്ക് എത്തിക്കുകയും പരിഭ്രമിക്കുകയും ചെയ്തു. നമുക്ക് ശ്രദ്ധമായ ചിന്തകൾ ധ്യാനിക്കാം.

1) ക്രിസ്തുവിന്റെ ഉയിർപ്പ് മനുഷ്യരാശിക്ക് പുതുജീവൻ കൊടുക്കുകയും തന്റെ വഴികളെ പിൻതുടർന്ന് ജീവിക്കുന്നവർക്ക് തന്നോടൊപ്പം പാർക്കുവാനുള്ള സൗഭാഗ്യം വാഗ്ദാനം ചെയ്യുകയും ചെയ്തു. അതിനാൽ അവന്റെ വീണ്ടെടുപ്പിനെ നോക്കിപാർത്തിരിക്കുന്ന നാം ഓരോരു

**"എന്റെ പിതാവ് എന്നെ അയച്ച പ്രകാരം ഞാനും നിങ്ങളെ അയക്കുന്നു" ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞ വചനങ്ങൾ നമ്മുടെ ജീവിതത്തിലും അർഥവത്തായി തീരണം. നമ്മുടെ ജീവിതത്തിലെ ഓരോ വാക്കും, പ്രവർത്തിയും ക്രിസ്തുവിന്റെ മേൽ പറഞ്ഞ വചനങ്ങളോട് നീതി പുലർത്തുന്നവയായി മാറ്റപ്പെടണം.**

ത്തരും ക്രിസ്തുവിന്റെ പാതകളെ പിൻതുടരേണ്ടത് ആകുന്നു.

2) മശിഹായുടെ ഉയിർപ്പ് മനുഷ്യന്റെ ആകമാനമുള്ള ഉയിർപ്പിന്റെ സാദൃശ്യമാണ്. മശിഹ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റുവെന്ന് നാം വിശ്വസിക്കുന്നു എങ്കിൽ അവ നമ്മുടെ കബറുകളിൽ നിന്ന് നമ്മെയും ഉയിർപ്പിച്ചുവെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു.

ഈ വിശ്വാസവും, പ്രത്യാശയുമാണ് ക്രിസ്തുവിന്റെ ശിഷ്യന്മാരെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ പോയി സുവിശേഷം അറിയിക്കുവാനും അവനുവേണ്ടി ജീവനെ കൊടുക്കാൻ തക്കവണ്ണമുള്ള തീക്ഷ്ണത അവരിൽ വർദ്ധിപ്പിച്ചത്. ഈ വിശ്വാസവും പ്രത്യാശയും നമ്മുടെ ജീവിതത്തിലും പകർത്തിയെടുത്താൽ മാത്രമെ അവനോടൊപ്പമുള്ള ആനന്ദത്തിന് നാമും അർഹരായി തീരുകയുള്ളു.

3) ക്രിസ്തുവിനെ അന്യായമായി ക്രൂശിക്കുകയും അവന്റെ ഉയിർപ്പ് രഹസ്യത്തെ മറയ്ക്കുവാൻ ശ്രമിക്കുന്ന യഹൂദന്മാരെപ്പോലെ, സകല രഹസ്യങ്ങളും മനസ്സിലാക്കിയിട്ട് ഹൃദയത്തെ കഠിനപ്പെടുത്തുന്നവരോടുകൂടെ നാമും ആയിപ്പോകരുത്.

മണവാളൻ മഹത്വത്തിൽ വരുമ്പോൾ, ക്രിസ്തുവിന്റെ ഉയിപ്പുമൂലം നമ്മുടെ മുമ്പാകെ തുറക്കപ്പെട്ട സ്വർഗ്ഗീയ വാതിലിലൂടെ പ്രവേശിക്കുവാൻ നാം ഓരോരുത്തരും യോഗ്യത നേടണം. അതിനായി അവന്റെ ഉയിർപ്പു രഹസ്യത്തെ ഗ്രഹിക്കുകയും അവനുവേണ്ടി ജീവിക്കുകയും അവനോടൊപ്പം ആനന്ദമനുഭവിക്കുവാനും നമുക്ക് സാധിക്കണം. പ്രാർത്ഥിക്കുന്നു. പ്രത്യാശിക്കുന്നു.

## 11-4-2021 പുതു ഞായറാഴ്ച
## (വി. യോഹന്നാൻ 20:19-31)

യേശുക്രിസ്തുവിന്റെ ഉയിർപ്പിൽ കൂടിയാണ് സ്വർഗ്ഗരാജ്യം സ്ഥാപിക്കപ്പെടുന്നത്. മനുഷ്യനും നഷ്ടപ്പെട്ടുപോയ ദൈവീക സാദൃശ്യം തിരികെ ലഭിക്കുവാൻ അവസരം ഒരുക്കപ്പെടുകയാണ്. ഇപ്രകാരം സ്വർഗ്ഗരാജ്യം സ്ഥാപിക്കപ്പെട്ടതിൽ ശേഷമുള്ള ആദ്യത്തെ ഞായറാഴ്ചയാണ് നാം പുതു ഞായറാഴ്ച എന്നു വിളിക്കുന്നത്. ഉത്ഥാനത്തിന് ശേഷം യേശുക്രിസ്തു പലപ്രാവശ്യമായി പത്രോസിനും, മറിയാമ്മിനും, ശ്ലീഹന്മാർക്കും അവരോടൊപ്പം ഉണ്ടായിരുന്നവർക്കും തന്റെ ഉയിർപ്പിന്റെ സാന്നിദ്ധ്യത്തെ അറിയിക്കുകയും, മോശയുടെ പുസ്തകങ്ങളിലും, പ്രവചന പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും തന്നെപ്പറ്റി പറയുന്ന കാര്യങ്ങൾ അവർക്ക് ബോദ്ധ്യപ്പെടുത്തി കൊടുക്കുകയും ചെയ്തു.

പ്രസ്തുത വേദഭാഗത്ത് ഞായറാഴ്ച ദിവസം സന്ധ്യക്ക് ശിഷ്യന്മാർ ഒരിമിച്ചു കൂടിയിരുന്നപ്പോൾ (തോമാശ്ലീഹാ ഒഴികെ) യേശുതമ്പുരാൻ അവരുടെമദ്ധ്യേ വന്നുനിൽക്കുകയും അവർക്ക് സമാധാനം ആശംസിക്കുകയും തന്റെ കൈകളും, വിലാപുറവും അവർക്ക് കാണിച്ചു കൊടുക്കുകയും ചെയ്തു. പിതാവ് തന്നെ ഏല്പിച്ച ദൗത്യം ക്രിസ്തു തന്റെ ശ്ലീഹന്മാരെ ഭരമേല്പിക്കുകയും അവരുടെമേൽ പരിശുദ്ധാത്മാവിനെ ഊതി പാപമോചനത്തിനുള്ള അധികാരം നൽകുകയും ചെയ്തു. ശിഷ്യന്മാർ നടന്ന സംഭവങ്ങൾ തോമാശ്ലീഹായെ അറിയിക്കുന്നുന്നുണ്ടെങ്കിലും അവന്റെ ആണിപ്പാടുകളെ കാണുകയും അതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്ത് കൈവച്ചു നോൽക്കുകയും ചെയ്യാതെ ഞാൻ വിശ്വസിക്കുകയില്ലെന്ന് തോമാശ്ലീഹാ മറുപടി നൽകുന്നു. പിന്നീട് 8-ാം ദിവസം തോമാശ്ലീഹ ശിഷ്യന്മാരോടൊപ്പം ആയിരിക്കുമ്പോൾ ക്രിസ്തു അവരുടെ മദ്ധ്യത്തിൽ വരികയും തോമാശ്ലീഹായുടെ സംശയങ്ങളെ ദുരീകരിക്കുകയും ചെയ്യുന്നു.

**നമുക്ക് ചില ചിന്തകളെ ധ്യാനിക്കാം.**

1) ശ്ലീഹന്മാരുടെ മദ്ധ്യത്തിൽ കടന്നുവരുന്ന യേശുതമ്പുരാൻ മുറിവേറ്റ കൈകളും വിലാപ്പുറവും അവർക്ക് കാണിച്ചുകൊടുക്കുന്നു. അതുപോലെ തന്നെ പലപ്രാവശ്യം അവർക്ക് പ്രത്യക്ഷപ്പെടുകയും താൻ അവരോട് കൂടെ ഉണ്ടായിരുന്ന ക്രിസ്തു തന്നെ ആണെന്ന് പലവിധത്തിലും അവർക്ക് ബോദ്ധ്യപ്പെടുത്തി കൊടുക്കുന്നു. ഇപ്രകാരം തോമാശ്ലീഹായുടെ സംശയ ദുരീകരണവും ക്രിസ്തു നടത്തുന്നുണ്ട്. അതുകൊണ്ട് ക്രിസ്തുവിന്റെ ഉയിർപ്പിലുള്ള നമ്മുടെ വിശ്വാസം പൂർണ്ണമായിരിക്കണം. തോമാശ്ലീഹായെ പോലെ സംശയ ദൃഷ്ടിയോടെ നോക്കി കാണരുത്. വരും തലമുറകളിലേക്കും ആ വിശ്വാസത്തെ പൂർണ്ണതയോടെ കൈമാറുവാൻ നമുക്ക് സാധിക്കണം.

2) "എന്റെ പിതാവ് എന്നെ അയച്ച പ്രകാരം ഞാനും നിങ്ങളെ അയക്കുന്നു" ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞ വചനങ്ങൾ നമ്മുടെ ജീവിതത്തിലും അർഥവത്തായി തീരണം. നമ്മുടെ ജീവിതത്തിലെ ഓരോ വാക്കും, പ്രവർത്തിയും ക്രിസ്തുവിന്റെ മേൽ പറഞ്ഞ വചനങ്ങളോട് നീതി പുലർത്തുന്നവയായി മാറ്റപ്പെടണം.

3) "നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ നിങ്ങളാൽ ആരുടെ പാപങ്ങൾ മോചിക്കപ്പെടുന്നുവോ അവ മോചിക്കപ്പെട്ടിരിക്കും. ആരുടെ പാപങ്ങൾ മോചിക്കപ്പെടാതിരിക്കുമോ അവ മോചിക്കപ്പെടാതിരിക്കുകയും ചെയ്യും" ഇപ്രകാരം പാപമോചനത്തിനുള്ള അധികാരം ക്രിസ്തു തന്റെ ശിഷ്യന്മാരെ ഭരമേല്പിക്കുന്നതായി കാണാം. മത്താ.16:18-19 ൽ കെട്ടുവാനും അഴിക്കുവാനും ഉള്ള അധികാരം നല്കപ്പെടുന്നതായി വ്യക്തമാക്കുന്നു. എന്നാൽ തലമുറതലമുറയായി പരിശുദ്ധാത്മാവിന്റെ കൈവയ്പ്പിലൂടെ നല്കപ്പെടുന്ന ഈ അധികാരത്തെ സംശയാലുക്കളായി നാം ദർശിക്കാതെ അതിനെ മനസ്സിലാക്കുവാനും അതനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുവാനും സാധിക്കണം. ഈ വിശ്വാസവും പ്രത്യാശയും നമ്മുടെ ജീവിതത്തിലും പകർത്തിയെടുത്താൽ മാത്രമെ അവനോടൊപ്പമുള്ള ആനന്ദത്തിനു നാമും അർഹരായി ഭവിക്കുകയുള്ളു.

സുവിശേഷകൻ ഓർമ്മിപ്പിക്കുന്നതുപോലെ ക്രിസ്തുവിന്റെ അടയാളങ്ങളും, അത്ഭുതങ്ങളും പ്രവർത്തിക്കപ്പെട്ടത്, നാം അവിശ്വാസിയാകാതെ വിശ്വാസിയായി നിത്യജീവൻ പ്രാപിക്കേണ്ടതിനാകുന്നു. അതുകൊണ്ട് പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണ മനസ്സോടും അവനിൽ വിശ്വസിക്കുകയും, നമ്മെ ഭരമേല്പിച്ചിരിക്കുന്ന അവന്റെ ദൗത്യത്തെ ഭംഗിയായി പൂർണ്ണമാക്കുവാനും നമുക്ക് ഇടയാകണം.

പുസ്തക അവലോകനം

# 'ആനീദെ: സുറിയാനി സഭയിൽ മരണത്തിന്റെ ദൈവശാസ്ത്രം'

ഫാ.ഡോ. തോമസ് മണിമല, ജർമ്മനി

മരണം പരിശുദ്ധ സുറിയാനി ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തിൽ പുതുക്കത്തിനും ദൈവിക തേജസ്കരണത്തിനും വേണ്ടി ശരീരത്തിൽ നിന്നുമുള്ള ആത്മാവിന്റെ താൽക്കാലിക വേർപെടൽ മാത്രമാണ്. സഭയിൽ ഒരു കുഞ്ഞു ജനിച്ചാൽ ആദ്യം ആ കുഞ്ഞിനെ അതിന്റെ മരണത്തെ ധീരതയോടെ അഭിമുഖീകരിക്കുവാൻ സജ്ജമാക്കുന്ന മാമോദീസ എന്ന കൂദാശ കൊടുക്കും. എന്നിട്ട് മരണസമയത്ത് ചൊല്ലും 'മാമോദീസയെനിക്കോർത്താൽ മുങ്ങാത്തൊരു നൗക' മരണത്തെ പ്രത്യാശയോടും ധൈര്യത്തോടും സ്വാഗതം ചെയ്യുന്ന സഭയിൽ മരണത്തിന്റെ ദൈവശാസ്ത്രം പ്രതിപാദിക്കുന്ന ഒരു ആധികാരിക പഠന ഗ്രന്ഥം നാളിതുവരെ ഉണ്ടായിരുന്നില്ല. ആ കുറവ് ബഹുമാനപ്പെട്ട ഡോ. ജയിംസ് തോടത്തിൽ അച്ചൻ രചിച്ച “ആനീദെ: സുറിയാനി സഭയിൽ മരണത്തിന്റെ ദൈവശാസ്ത്രം' എന്ന ഗ്രന്ഥം പരിഹരിക്കുന്നു. വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ പി. എച്ച്.ഡി. പഠനത്തിന്റെ ഭാഗമായി സുറിയാനി സഭയിലെ ആനീദേ ഞായറിലെ പ്രത്യേക പ്രാർത്ഥനകളെ ആഴത്തിൽ അപഗ്രഥിച്ച് മരണമെന്ന യാഥാർത്ഥ്യത്തെ സഭ എങ്ങനെ വിവക്ഷിക്കുന്നു എന്നു കണ്ടെത്താനുള്ള ഗവേഷണമാണ് തോടത്തിലച്ചന്റെ ഈ ഗ്രന്ഥം.

ഓർത്തഡോക്സ് സഭകൾ തിരുവെഴുത്തുകളെ സഭയുടെ വിശുദ്ധ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മനസ്സിലാക്കുന്നരീതി ആണ് പിന്തുടരുന്നത്. വിശുദ്ധ പാരമ്പര്യം മറ്റൊന്നുമല്ല, വേദപുസ്തകത്തിന്റെ ജീവിക്കുന്ന തുടർച്ചയാണ്. അതുകൊണ്ടുതന്നെ ഉപദേശവും വേദശാസ്ത്രവും സഭയുടെ ആരാധനാക്രമങ്ങളിലെ പ്രാർത്ഥനകളുടെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ രൂപപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

നാലദ്ധ്യായങ്ങളും വിശദമായ ഗ്രന്ഥസൂചികയും അടക്കം 238 പേജുകൾ ഉള്ള ഈ ഗ്രന്ഥത്തിന്റെ ആദ്യ അദ്ധ്യായം ആനീദെ ഞായർ നമസ്കാരത്തിന്റെ മലയാള പരിഭാഷയാണ്. ഈ പ്രാർത്ഥനകളുടെ ആദ്യ മലയാള പരിഭാഷ എന്ന നിലയിൽ ഒന്നാം അദ്ധ്യായത്തിന്റെ ഉള്ളടക്കം വളരെ പ്രാധാന്യമർഹിക്കുന്നു.

സുറിയാനി സഭയിലെ യാമപ്രാർത്ഥനകളുടെ എടുത്തുപറയത്തക്ക സവിശേഷത അതിന്റെ ആഴമായ ദൈവശാസ്ത്രവും അകമഴിഞ്ഞ ദൈവസ്നേഹത്തിൽ നിന്നും ഉരുത്തിരിഞ്ഞ കവിതാശകലങ്ങളുടെ വശ്യമായ ആത്മീയതയും സമ്പുഷ്ടമായ സഭാവിജ്ഞാനത്തിന്റെ ശാസ്ത്രീയമായ ക്രമീകരണവുമാണ്. തിരുവെഴുത്തുകൾ തന്നെയാണ് ഗാനരചനകൾക്കുള്ള പ്രചോദനം. സുറിയാനി സഭയുടെ ദൈവശാസ്ത്രവും വിശ്വാസപാരമ്പര്യവും സൂക്ഷിക്കപ്പെട്ടിരിക്കുന്നത് ചിട്ടയായ ദൈവശാസ്ത്ര രചനകളിലല്ല. എന്നാൽ ആരാധനാക്രമവും അനുഷ്ഠാനവും ആധികാരിക ഓർത്തഡോക്സ് സഭാശാസ്ത്രത്തിൽ അടിസ്ഥാനശിലകൾ ആണ്. ഇവ സംരക്ഷിക്കപ്പെടേണ്ട ഒരു നിധി മാത്രമല്ല, വിശ്വാസജീവിതത്തിൽ വർത്തമാനകാല ചോദ്യങ്ങൾക്ക് ഉത്തരം നല്കുവാൻ ഉപയുക്തവും കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയയിൽ ജീവിക്കേണ്ടതുമാണ്. ജെയിംസ് അച്ചന്റെ ഈ ഗവേഷണ പഠനം ആയതിന് ഉപകരിക്കുമെന്നുള്ളത് സുറിയാനി സഭയെ സ്നേഹിക്കുന്ന ഏവർക്കും സന്തോഷം തരുന്നു.

രണ്ടാം അദ്ധ്യായത്തിൽ ആനീദെ ഞായർ നമസ്കാരത്തിലെ യാമപ്രാർത്ഥനകളെ വിശകലനം ചെയ്ത് അതിന്റെ ഘടനയും ഉള്ളടക്കവും വ്യക്തമാക്കുന്നു.

മൂന്നാമത്തെ അദ്ധ്യായത്തിൽ ആനീദെ ഞായർ നമസ്കാരത്തിലെ പ്രധാന ചിന്താവിഷയങ്ങളുടെ അടിസ്ഥാനത്തിലുള്ള സുറിയാനി സഭയുടെ മരണത്തെക്കുറിച്ചുള്ള ദൈവശാസ്ത്രദർശനമാണ് പ്രതിപാദിച്ചിരിക്കുന്നത്. വിവിധ ദൈവശാസ്ത്ര ചിന്തകൾ ഇവിടെ ചർച്ച ചെയ്യുന്നു. ക്രൈസ്തവ മരണത്തിന്റെ അർത്ഥവും പ്രസക്തിയും, ജഡികമരണത്തിന്റെയും ആത്മീയ മരണത്തിന്റെയും അർത്ഥങ്ങൾ, മരണാനന്തര അവസ്ഥ, പുനരുത്ഥാനവും പുതുജീവനും, അന്ത്യന്യായവിധി, സ്വർഗ്ഗവും നരകവും, സ്വർഗ്ഗീയ ജീവിതം, സ്വർഗ്ഗീയ മണവറ, നിത്യവിശ്രമം, സ്വർഗ്ഗീയ ആരാധനയിലെ പങ്കാളിത്തം എന്നീ വിഷയങ്ങൾ ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു.

ആനീദെ ഞായർ നമസ്കാരത്തിലെ വിവിധ പ്രാർത്ഥനകളുടെ അടിസ്ഥാനത്തിൽ വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള പ്രാർത്ഥനകളുടെ ദൈവശാസ്ത്രപരമായ അടിസ്ഥാനം നാലാമദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നു. അപ്പോസ്തോലിക കാലം മുതൽ സഭ മരണം മൂലം വേർപെട്ടു പോയവർക്കു വേണ്ടി പ്രാർത്ഥിച്ചിരുന്നു. എന്നാൽ അത്തരം പ്രാർത്ഥനകളുടെ പ്രസക്തിയെ സംശയിക്കുന്നവരുടെ എണ്ണം കൂടിവരുന്ന ആധുനിക കാലത്തിൽ ആയതിന് വ്യക്തമായ ഒരു ഉത്തരം ആനീദെ ഞായറിന്റെ പ്രാർത്ഥനകളുടെ വെളിച്ചത്തിൽ കണ്ടെത്താനുള്ള ശ്രമമാണ് ഈ അധ്യായത്തിൽ.

മരണാനന്തര ജീവിതത്തെയും വാങ്ങിപ്പോയ ആത്മാക്കളുടെ അവസ്ഥയെക്കുറിച്ചും സുറിയാനി സഭയുടെ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്ന ചില പുസ്തകങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ഒരു രഹസ്യാത്മകത ആണ് പൊതുവെ സഭ ഇക്കാര്യത്തിൽ സൂക്ഷിക്കുന്നത്. നാം എത്രകണ്ട് വിശകലനം ചെയ്താലും മരണത്തിന് ഒരു രഹസ്യാത്മകത ഉണ്ട്. അതുകൊണ്ട് സുറിയാനി സഭാ പിതാക്കന്മാർ പലരും ഇക്കാര്യത്തിൽ പ്രാർത്ഥനയ്ക്ക് അപ്പുറമായ ഒരു വ്യവസ്ഥാപിത പഠിപ്പിക്കലിന് കാര്യമായി മുതിരുന്നതായി കാണുന്നില്ല. ഇത്തരുണത്തിൽ വലിയ മാർ ബസേലിയോസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: നമുക്ക് വിവരണാതീതമായവ നിശ്ശബ്ദമായി ബഹുമാനിക്കപ്പെടട്ടെ (Let things ineffable be honoured in silence) എന്നാൽ ഒരു കാര്യം നമുക്ക് വ്യക്തമാണ്. ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. അവനിൽ മരണമില്ല. മരണത്തിന് സ്നേഹത്തിന്റെ കൂട്ടായ്മ തകർക്കാൻ കഴിയില്ല. പരസ്പര പ്രാർത്ഥനയിലൂടെ അത് വിലമതിക്കാനാകും. അതുകൊണ്ടുതന്നെ പ്രാർത്ഥനയിലും വി. കുർബാനയിലു

മുള്ള വാങ്ങിപ്പോയവരുടെ സ്നേഹ സംസർഗ്ഗ കൂട്ടായ്മയ്ക്ക് സഭ കൂടുതൽ പ്രാധാന്യം കൊടുക്കുന്നു.

വിശ്വാസികളായി വാങ്ങിപ്പോയവർക്കുവേണ്ടി മാത്രമാണ് സഭയിൽ പ്രാർത്ഥിക്കുന്നത് എന്ന് പലപ്പോഴും പറയാറുണ്ടെങ്കിലും ദൈവഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും വരണമേ എന്നാണല്ലോ കർത്തൃപ്രാർത്ഥന. സകല മനുഷ്യരും രക്ഷപ്രാപിക്കുവാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ദൈവം ആഗ്രഹിക്കുന്നു. (1 തിമോത്തി 2:4, 2 പത്രോ 3:9). ഈ ദൈവഹിതം അറിഞ്ഞു പ. സുറിയാനി ഓർത്തഡോക്സ് സഭ സകല പരേതരെയും വിശേഷാൽ വിശ്വാസികളായി വാങ്ങിപ്പോയവരെയും ഓർക്കുന്നു എന്നുള്ളത് ഈ പുസ്തകത്തിന്റെ പ്രധാന പ്രമേയമായ ആനീദെ നമസ്കാരക്രമങ്ങളിലെ പ്രാർത്ഥനകളിൽ കാണുവാൻ സാധിക്കും.

'ഇരു ലോകങ്ങളിലും അധികാരമുള്ളവനായ കർത്താവേ! നിന്റെ സ്ലീബായാൽ ജീവനോടിരിക്കുന്നവരെ കാത്തുകൊള്ളുകയും നിന്റെ കരുണയാൽ വാങ്ങിപ്പോയവരുടെ പാപങ്ങളെ ക്ഷമിക്കുകയും ചെയ്യണമെ. ഭൂമിയിൽ പെയ്യുന്ന മഴ ഒരു വിത്തിനെപ്പോലും മുളപ്പിക്കാതെ ഉപേക്ഷിക്കുകയില്ലെന്നതുപോലെ ക്രിസ്തു ഒരു ആത്മാവിനെപ്പോലും ഉയിർപ്പിക്കാതെ പാതാളത്തിൽ വിട്ടുകളയുകയില്ല'. (ആനീദെ സന്ധ്യാ നമസ്കാരം പ്രാരംഭ പ്രാർത്ഥന പേജ്.32) "സകല സൃഷ്ടികളെയും പരിപൂർണമാക്കുന്ന പരിശുദ്ധാത്മാവേ മനുഷ്യവർഗ്ഗത്തെ യഥാസ്ഥാനപ്പെടുത്തുന്നവനെ ആദിമുതൽ സൃഷ്ടിയെ പൂർണമാക്കുകയും അവസാനത്തിങ്കൽ പുതുക്കുകയും ചെയ്യുന്നവനേ! (രാത്രി നമസ്കാരം പേജ് 37).

എത്ര ഉദാത്തമായ പ്രാർത്ഥന അതിരുകൾ ഇല്ലാത്ത ദൈവ സ്നേഹത്തിന്റെ ഉൽകൃഷ്ട ഭാവം ഉൾകൊണ്ട് സർവ്വ സൃഷ്ടിക്കും മുഴുമനുഷ്യർക്കും വേണ്ടിയുള്ള ഇത്തരത്തിലുള്ള സുറിയാനി ഓർത്തഡോക്സ് സഭയുടെ ആനീദെ ഞായറാഴ്ചയുടെ യാമപ്രാർത്ഥനകൾ ആരാധനാ ഭാഷയുടെ മനോഹാരിതയും മാധുര്യവും ഒട്ടും ചോർന്നുപോകാതെ മലയാളത്തിലേക്കു വിവർത്തനം ചെയ്തിരിക്കുന്നു. ആയതിനോട് ചേർന്ന് ആരാധനാ പാരമ്പര്യത്തിന്റെയും സഭാപിതാക്കന്മാരുടെ രചനകളുടെയും അടിസ്ഥാനത്തിൽ മരണം എന്ന യാഥാർത്ഥ്യത്തെ ആഴത്തിൽ വിശകലനം ചെയ്യുന്ന ഈ കൃതി സുറിയാനി സഭയുടെ ആരാധനാസാഹിത്യത്തിന് ഒരു മികവുറ്റ സംഭാവന ആണ്. ആയതു പ്രദാനം ചെയ്ത ബഹുമാനപ്പെട്ട ഡോ. ജയിംസ് തോടത്തിൽ അച്ചനെ അഭിനന്ദിക്കുകയും ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

# ആശ്രയം

**കുഞ്ഞ് ഏബ്രഹാം, പള്ളിക്കപ്പറമ്പിൽ**

അഖിലാണ്ഡ മണ്ഡല ചലന നിയന്ത്രണം
ശാസ്ത്രജ്ഞ ഹസ്തത്തിലാണെന്നുള്ള
ഗർവ്വിന്റെ മണ്ടയ്ക്കു കിട്ടിയ കൊട്ടാണോ
കണ്ണിനു കാണുവാൻ കഴിയാതുള്ള
സൂക്ഷ്മാണു 'കൊറോണ' ലോക നിയന്ത്രണം
സ്വന്ത കരങ്ങളിലാക്കി പോലും.
ഭൂമിയിൽ, സമ്പത്തിൽ, ജോലിയിൽ, ആരോഗ്യ-
ഭാഗത്തിലൊക്കെയും മാറ്റമായി
അകലം പാലിക്കുന്നു വദനം മറയ്ക്കുന്നു
സോപ്പിട്ടു ശുദ്ധി വരുത്തീടുന്നു.
സർവ്വകലാശാല, പള്ളിക്കൂടങ്ങളും
നേഴ്സറി സ്കൂളും തുറക്കാതായി.
ആളുകൾ കൂടീടും ആഘോഷം, ഉത്സവം
പൊങ്ങച്ചം പേറും വിരുന്നുകളും
എങ്ങോ പോയ് മാഞ്ഞല്ലോ നമ്മുടെ നാട്ടീന്നു
എന്നു മടങ്ങുമെന്നോതിടാതെ
ദൈവാലയങ്ങളിൽ ആശുപത്രികളിൽ
വന്ന്യമാം പട്ടണ ചന്തയിലും
വിനോദ യാത്രയിൽ തീർത്ഥാടനങ്ങളിൽ
കടലോര സായാഹ്ന സന്ധ്യകളിൽ
ആളുകൾ തെല്ലുമേ ഇല്ലാതെ ശൂന്യമായ്
നീണ്ടു നിവർന്നു മെലിഞ്ഞു നിൽപ്പൂ
എന്നിട്ടും 'കൊറോണ' തൻ പണി ഭംഗിയായ്
മന്നിതിലെങ്ങും പടർന്നീടുന്നു.
നമ്മുടെ നാട്ടിലോ ദേശത്തോ മാത്രമായ്
ക്കാണും പ്രതിഭാസമല്ലിതെന്ന്
ലോകത്തെ വീക്ഷിക്കും മാലോകർക്കെല്ലാമേ
ബോദ്ധ്യമായ് തീർന്നീടും സത്യമല്ലോ.
എന്നതിനാൽ തന്നെ ഭൂലോകരെല്ലാമേ
സൂക്ഷ്മാണു പേടിയാൽ നിർജീവരായ്
ദൈവത്തിൽ ആശ്രയം വെച്ചോരാം മാനവർ
ഒന്നിലും തെല്ലും ഭയന്നിടാതെ.
രക്ഷകൻ യേശുവിൽ ആശ്രയം അർപ്പിച്ചു
നിത്യമായ് നാഥനോടൊപ്പം വാഴും.

**NAZARETH ASRAMAM, OTHERA**
**24.09.2019 to 24.10.2019**

**<u>Donations</u>**

Gigi M.C. Manalethe Ettonnil Kallissery 3000/
A Well wisher USA. 87000/
Jeby Jose Pullamthara 10000/

**Feast**
Jerom EM Lano Pallippattu Eara

## Tender Invitation
## Nazreth College of Pharmacy, Othera

inviting the quotes of Qualified/ Approved Contractors for the following works.

1) 50 KW on grid solar system
2) Approx. 3000 sqft Roof Truss works.
Tender documents are available in our office from 25th March 2021



# മലർവാടിക്കൂട്ടം

ചവറുകൾക്കിടയിൽ ഭക്ഷണം തിരയുകയായിരുന്ന പൂവൻകോഴിയുടെ കാലിൽ ഒരു സ്വർണ്ണമാല ചുറ്റി. എന്നെ നിനക്കു കിട്ടിയതിൽ സന്തോഷമില്ലേ? മാല കോഴിയോടു ചോദിച്ചു.

നിന്നെ കണ്ടതിൽ സന്തോഷമുണ്ട്. ഒരു സ്ത്രീയുടെ കൈയ്യിലാണ് നിന്നെ കിട്ടിയിരുന്നതെങ്കിൽ അവർക്കുണ്ടാകുന്ന സന്തോഷത്തിന് അതിരുണ്ടാവില്ല. അവർ ആഹാരം വെടിഞ്ഞും നിന്നെ അണിഞ്ഞ് ലാളിക്കും, അഭിമാനിക്കും.

കോഴി തുടർന്നു എനിക്ക് ഇപ്പോൾ നല്ല വിശപ്പാണ് ഉള്ളത്. നീ ഒരു ധാന്യമണിയായി എന്റെ കൈയ്യിൽ എത്തിയില്ലല്ലോ എന്നതത്രേ എന്റെ ഖേദം എന്ന് പറഞ്ഞു.

(ഓരോ വസ്തുവും അത് കിട്ടേണ്ടവർക്ക് കിട്ടുമ്പോഴേ പ്രയോജനപ്പെടുകയുള്ളു)

സസ്നേഹം
കൊച്ചേട്ടൻ

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ**

1. വി. സഭയുടെ സ്ഥാപകൻ ആര്?
2. പെന്തിക്കോസ്തിയുടെ ദിവസം പരിശുദ്ധാത്മാവ് ഏത് രൂപത്തിലാണ് ശിഷ്യന്മാരുടെ മേൽ ആവസിച്ചത്?
3. ക്രിസ്തു സഭയുടെ ആദ്യത്തെ രക്തസാക്ഷി
4. പരി. സഭയ്ക്കുവേണ്ടി ആദ്യം രക്തസാക്ഷിത്വം വരിച്ച ശ്ലീഹ?
5. ജാതികളുടെ അപ്പോസ്തോലൻ?
6. വി. പത്രോസ്, വി. പൗലോസ് എന്നീ ശ്ലീഹന്മാരുടെ ഓർമ്മ ദിവസം?
7. സ്വർണ്ണ നാവുകാരൻ എന്നറിയപ്പെടുന്ന പിതാവ്?
8. വി. സഭയുടെ നാലു ലക്ഷണങ്ങൾ ഏതെല്ലാം?
9. വി. സഭയിൽ അംഗത്വം ലഭിക്കുന്ന കൂദാശ ഏത്?
10. വി. സഭയിലെ പൊതു സുന്നഹദോസുകൾ ഏതെല്ലാം?

*(ഉത്തരം അടുത്ത ലക്കത്തിൽ)*



# യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി**

**പരിശുദ്ധ ദൈവമാതാവിന് ഉപകാരസ്മരണ**

പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ. **ഒരു വിശ്വാസി, റാന്നി**

പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ. **ഒരു വിശ്വാസി, റാന്നി**

പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ. **ഒരു വിശ്വാസി, റാന്നി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, റാന്നി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, റാന്നി**



# ചാർലിചാപ്ലിൻ എന്ന ഹാസ്യനടൻ

എബി

ഒരാളെ ദേഷ്യം പിടിപ്പിക്കാൻ നമുക്ക് കഴിയും. ചൊടിപ്പിക്കാനും സാധിക്കും. എന്നാൽ ഒരാളെ ചിരിപ്പിക്കാൻ എല്ലാവർക്കും കഴിയില്ല. അസാമാന്യമായ സിദ്ധിയുള്ളവർക്ക് മാത്രമേ അതിനു കഴിയൂ. അത്തരമൊരു കൊമേഡിയനായിരുന്നു ചാർലി ചാപ്ലിൻ. ചലച്ചിത്ര ലോകത്തിന് അവിസ്മരണീയമായ പല സംഭാവനകളും ആ അതുല്യ പ്രതിഭ നൽകി. എഴുത്തുകാരൻ, നിർമ്മാതാവ്, അഭിനേതാവ്, സംവിധായകൻ എന്നിങ്ങനെ ചലച്ചിത്രത്തിന്റെ എല്ലാ മേഖലകളിലും അദ്ദേഹം തിളങ്ങി. ഒരു യഥാർത്ഥ 'റാഗ് ടു റിച്ച്' ജീവിതമായിരുന്നു ചാപ്ലിന്റേത്. കഷ്ടപ്പാടും ദാരിദ്ര്യവും നിറഞ്ഞ കുട്ടിക്കാലത്തുനിന്നും അതിരില്ലാത്ത ആത്മവിശ്വാസവും പരിശ്രമവും കൊണ്ട് ഇരുപതാം നൂറ്റാണ്ടിലെ നിശ്ശബ്ദ ചലച്ചിത്ര കാലഘട്ടത്തിലെ ഏറ്റവും വലിയ താരങ്ങളിലൊരാളായി ഉയർന്ന ബ്രിട്ടീഷ് ഹാസ്യനടനാണ് ചാർളി ചാപ്ലിൻ. ലണ്ടനിൽ ജനിച്ച് അമേരിക്കയിൽ കുടിയേറി ജീവിച്ച് സ്വിറ്റ്സർലണ്ടിൽ മരിച്ച ചാപ്ലിന്റെ ജീവിതം ഒരു വിസ്മയം തന്നെയായിരുന്നു.



1889 ഏപ്രിൽ 16-ന് ലണ്ടനിലെ വാൽവർത്തിൽ ചാപ്ലിൻ സീനിയറിന്റെയും ഹന്നായുടെയും മകനായി ജനിച്ചു. മദ്യപാനിയായ പിതാവ് ഭാര്യയ്ക്കൊപ്പം ചാപ്ലിനെയും സഹോദരൻ സിഡ്നിയെയും ഉപേക്ഷിച്ചു. ഒരു മ്യൂസിക് ഹാൾ ഗായികയായിരുന്ന ഹന്നയ്ക്ക് കുറച്ചുനാൾ കുടുംബം പോറ്റാൻ കഴിഞ്ഞു. ഒരു ഷോയുടെ മദ്ധ്യത്തിൽ ഹന്നായ്ക്ക് ശബ്ദം നഷ്ടപ്പെട്ടപ്പോൾ അഞ്ചുവയസ്സുകാരനായ ചാർലിയെ മാനേജർ സ്റ്റേജിലേക്ക് തള്ളി വിട്ടു. തന്റെ സ്വാഭാവികമായ ഹാസ്യം ഉപയോഗിച്ച് ചാർലി സദസ്സിനെ ആഹ്ലാദിപ്പിച്ചു. എന്നാൽ ആ എപ്പിസോഡ് ഹന്നായുടെ അവസാനത്തേതായിരുന്നു. അവളുടെ ആലാപന ശബ്ദം തിരിച്ചു കിട്ടിയില്ല.

വിചിത്രവും വിസ്മയം നിറഞ്ഞതുമായിരുന്നു ചാർലി ചാപ്ലിന്റെ ദാമ്പത്യ ജീവിതം. 1918 -ൽ 16 വയസ്സുള്ള മിൽഡ്രഡ് ഹാരീസിനെ വിവാഹം കഴിച്ചു. ആ ദാമ്പത്യം വെറും രണ്ടു വർഷം മാത്രം നീണ്ടുനിന്നു. പിന്നീട് അദ്ദേഹം മൂന്നു കല്യാണം കൂടി കഴിച്ചെങ്കിലും എല്ലാറ്റിനും അല്പായുസ്സ് മാത്രം. 1943-ൽ 18 കാരിയായ ഉന്നാനീലുമായുള്ള വിവാഹം മാത്രം ഒരു സന്തുഷ്ട ദാമ്പത്യജീവിതം ചാപ്ലിനു സമ്മാനിച്ചു. അതിൽ 8 കുട്ടികൾ ജനിക്കുകയും ചെയ്തു. ചാർലി ചാപ്ലിന് ആകെയുള്ള കുട്ടികൾ 11 ആയിരുന്നു. പതിനൊന്നാമത്തെ കുട്ടി ജനിക്കുന്നത് ചാപ്ലിന് 73 വയസ്സ് കഴിഞ്ഞതിനു ശേഷമാണ്. ചാപ്ലിന്റെ മരണം വരെയും ഉന്നാ ചാപ്ലിനു മൊത്ത് ഒരുമിച്ചു ജീവിച്ചു.

ചാപ്ലിന്റെ ശരിയായ പേര് 'ചാൾസ് സ്പെൻസർ ചാപ്ലിൻ' എന്നാണ്. കാര്യമായ വിദ്യാഭ്യാസമൊന്നും ചാപ്ലിന് ലഭിച്ചിരുന്നില്ല. കഷ്ടിച്ച് എഴുതാനും വായിക്കാനും പഠിച്ചു. 13-ാം വയസ്സിൽ പഠനം നിർത്തി. ഉപജീവനത്തിനു വേണ്ടി കുറെ കൊമേഡിയന്മാരുമൊത്ത് ടൂറിന് പോയി ഷോകൾ സംഘടിപ്പിക്കാൻ തുടങ്ങി. 17-ാം വയസ്സിൽ അറിയപ്പെടുന്ന ഒരു കോമാളി വേഷം കെട്ടുകാരനായി.

1910-ൽ അമേരിക്കയിലേക്കു കുടിയേറിയതിനുശേഷമാണ് ചാപ്ലിന്റെ സിനിമാ ജീവിതം ആരംഭിക്കുന്നത്. മറ്റ് അഭിനേതാക്കളിൽ നിന്നും വ്യത്യസ്ഥനാകാൻ ചാപ്ലിൻ തീരുമാനിച്ചു. അതിന്റെ ഫലമായി 'ദി ലിറ്റിൽ ട്രാംപ്' ജനിച്ചു. അത് വൻ വിജയത്തിലേക്ക് നയിച്ചു. പിന്നീട് പ്രസിദ്ധമായ കീറ്റോൺ സ്റ്റുഡിയോ വാടകയ്ക്കെടുത്ത് അവിടെ കുറെ ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ചു. 'സിറ്റിലൈറ്റ്' 'മോഡേൺ ടൈംസ്' എന്നിവ വൻ വിജയമായിരുന്നു. അപ്പോഴേക്കും ചാപ്ലിൻ കോടീശ്വരനും പ്രശസ്തനുമായിക്കഴിഞ്ഞിരുന്നു. 1919-ൽ 'യുണൈറ്റഡ് ആർട്ടിസ്റ്റ് സ്റ്റുഡിയോ' സ്ഥാപിച്ചു. അവിടെ 'ദി കിഡ്' 'എ വുമൺ ഇൻ പാരീസ്' 'ഗോൾഡ് റഷ്' എന്നിവയുൾപ്പെടെ സുപ്രധാന ചിത്രങ്ങൾ നിർമ്മിച്ചു. എന്നാൽ ചാപ്ലിന്റെ പ്രശസ്തിക്കൊപ്പം പല എതിരാളികളും തല പൊക്കി. അദ്ദേഹത്തിന്റെ റൊമാന്റിക് ബന്ധങ്ങൾ ചില വനിതാ ഗ്രൂപ്പുകൾ അദ്ദേഹത്തെ ശാസിക്കുന്നതിലേക്കു നയിച്ചു.

താമസിയാതെ ചാപ്ലിൻ വലതുപക്ഷ യാഥാസ്ഥിതികരുടെ നോട്ടപ്പുള്ളിയായി. അമേരിക്കയിൽ കഴിയാൻ അനുവദിക്കില്ലെന്ന് അമേരിക്കൻ അറ്റോർണി ജനറൽ പ്രഖ്യാപിച്ചു. പ്രകോപിതനായ ചാപ്ലിൻ അമേരിക്കയോടു വിട പറഞ്ഞ് സ്വിറ്റ്സർലണ്ടിലേക്ക് ചേക്കേറി.

1972-ൽ ഒരു അമേരിക്കൻ യാത്ര കൂടി അദ്ദേഹം നടത്തി. അതിൽ ഓണററി അക്കാദമി അവാർഡ് ലഭിച്ചു. 1975-ൽ ഇംഗ്ലണ്ടിലെ രാജ്ഞി എലിസബത്ത് II 'നൈറ്റ്' അവാർഡ് നൽകി ആദരിച്ചു.

1977 ഡിസംബർ 25 രാവിലെ ക്രിസ്മസ് ദിനത്തിൽ സ്വിറ്റ്സർലണ്ടിലെ കോസിയർ -സർ-വെവിയിലുള്ള വീട്ടിൽ ചാപ്ലിൻ അന്തരിച്ചു. മരിക്കുമ്പോൾ ഭാര്യ ഉന്നായും മക്കളിൽ 7 പേരും അടുത്തുണ്ടായിരുന്നു.

പിന്നീട് നടന്നത് അത്യന്തം നിർഭാഗ്യകരമായ ഒരു സംഭവം. ചാപ്ലിന്റെ ശരീരം കല്ലറയിൽ നിന്ന് മോഷ്ടിക്കപ്പെട്ടു. ചില മെക്കാനിക്കുകളായിരുന്നു ഈ മോഷണത്തിനു പിന്നിൽ. ഒരു വർക്ക് ഷോപ്പ് തുടങ്ങാൻ അവർക്ക് പണം ആവശ്യമായിരുന്നു എന്നാണ് അവർ പറഞ്ഞത്. 60000 ഫ്രാങ്കാണ് അവർ ചാപ്ലിന്റെ കുടുംബത്തോട് ആവശ്യപ്പെട്ടത്. പക്ഷെ പരിപാടി പൊളിഞ്ഞു. കള്ളന്മാർ പിടിയിലായി. ജനീവാ തടാകത്തിനടുത്ത് നിന്ന് ചാപ്ലിന്റെ ജഡം കണ്ടെടുത്തു. 11 ആഴ്ച കഴിഞ്ഞാണ് ശരീരം തിരികെ കിട്ടിയത്. ചാപ്ലിനെ വീണ്ടും അടക്കം ചെയ്തു. ആറടി കനത്തിൽ കോൺക്രീറ്റിനടിയിലാണ് പിന്നീട് അടക്കിയത്. അങ്ങനെ 5-ാം വയസ്സിൽ തുടങ്ങിയ ആ അഭിനയ ജീവിതത്തിന് തിരശ്ശീല വീണു. എന്നാലും ബട്ട്ളർ തൊപ്പിയും മുറിമീശയുമുള്ള ചെറിയ മനുഷ്യൻ കയ്യിലൊരു ചൂരലുമായി ഇന്നും കലാ പ്രേമികളുടെ മനസ്സിൽ ജീവിക്കുന്നു.

# യേശു സ്വീകരിച്ച സ്നാനവും, വിശ്വാസികൾ സ്വീകരിക്കുന്ന സ്നാനവും ഒന്നാണോ? (തുടർച്ച)



## മല്പാനോടു ചോദിക്കാം

**പഴയ നിയമ പൗരോഹിത്യത്തിന്റെ നീക്കപ്പെടൽ**

ദനഹാ പെരുന്നാളിന്റെ പെങ്കിസാ നമസ്ക്കാരത്തിൽ സന്ധ്യാ പ്രാർത്ഥനയുടെ സെദറായിൽ ഇപ്രകാരം പറയുന്നു. "നീ പരിപൂർണ്ണനും എല്ലാവനും ദിവ്യ പരിപൂർണ്ണത നൽകുന്നവനും ആയിരിക്കെ, നിന്റെ പൂർണ്ണതയാൽ ഞങ്ങളെ ധന്യരാക്കാൻ വേണ്ടി ആവശ്യക്കാരനെപ്പോലെ യോഹന്നാന്റെ അടുക്കലേക്ക് നീ വന്നു. മത്സരമുള്ള ജാതിയിൽനിന്ന് എടുത്ത പൗരോഹിത്യം യോഹന്നാൻ മൂലം ഞങ്ങളിൽ നിലനിർത്തുവാൻ ആ വന്ധ്യാസുതന്റെ വലതു കരം നിന്റെ ശിരസ്സിൽ നീ കൈക്കൊണ്ടു" ദനഹായുടെ തന്നെ രാത്രി പ്രാർത്ഥനയിൽ വീണ്ടും പറയുന്നു. "നീ പരിശുദ്ധനും വിശുദ്ധിയെ പ്രദാനം ചെയ്യുന്നവനും സകല ദോഷങ്ങളിൽ നിന്നും അകന്നിരിക്കുന്നവനുമായിരിക്കെ, ഭൗമീകരായ ഞങ്ങളെ ആത്മീയ ജീവങ്കലേക്ക് കരേറ്റുവാൻ വ്യത്യാസമോ, പകർച്ചയോ, കുഴപ്പമോ, കലർച്ചയോ കൂടാതെ ഞങ്ങളെപ്പോലെ മനുഷ്യനായി. നീ പരിപൂർണ്ണനും എല്ലാവനേയും പൂർത്തീകരിക്കുന്നവനും ആയിരിക്കെ ഞങ്ങളെ പൂർണ്ണരാക്കാൻ വേണ്ടി കുറവുള്ള ഒരുവനെപ്പോലെ യോഹന്നാന്റെ അടുക്കലേക്കു വന്നു. മത്സരമുള്ള ജനത്തിൽ നിന്നും നിന്റെ സ്നാപകൻ വഴിയായി നീ തിരിച്ചെടുത്ത ആ പൗരോഹിത്യം ഞങ്ങൾക്ക് തരുവാൻ വന്ധ്യാപുത്രന്റെ വലതു കരം നിന്റെ തലമേൽ നീ സ്വീകരിച്ചു." ('ആദ്യാചാര്യത്വം' എന്നു തുടങ്ങുന്ന ഗീതത്തിന്റെ പൊരുൾ ഇതാണ്).

പൗരോഹിത്യത്തിന്റെ പ്രഥമ ലക്ഷ്യം ദൈവത്തോടൊപ്പം ആയിരുന്ന് അവനെ സ്തുതിക്കുകയും ദൈവ മനുഷ്യബന്ധത്തിന്റെ മദ്ധ്യസ്ഥതയുമാണ്. പഴയനിയമ സഭയ്ക്കു നൽകപ്പെട്ട ഈ അവകാശവും ഉത്തരവാദിത്വവും അവരുടെ അലസതയും അകൃത്യവും നിമിത്തം അവർ നഷ്ടപ്പെടുത്തി. ആയതിനാൽ പുത്രൻ തമ്പുരാന്റെ രക്ഷാകര പ്രവർത്തിയാൽ പുതിയ നിയമ സഭയെ തിരഞ്ഞെടുക്കുകയാണ്. തന്റെ മനുഷ്യാവതാരത്തിന്റെ പിന്തുടർച്ചയായി പ്രവർത്തിക്കുവാൻ ദൈവം പ്രത്യേകം വിളിച്ച് വേർതിരിച്ച് തന്റെ പൗരോഹിത്യം അവർക്ക് നൽകുന്നതിന്റെ പ്രാരംഭ നടപടിയാണ് യോർദ്ദാനിൽ യേശുവിന്റെ സ്നാനത്തിൽ സംഭവിച്ചതെന്നർത്ഥം. യോർദ്ദാനിൽനിന്നു കയറിയ യേശു പരസ്യ ശുശ്രൂഷയുടെ പ്രാരംഭമായി 12 ശിഷ്യന്മാരെ പേർ ചൊല്ലി വിളിച്ച് വേർ തിരിക്കുകയായിരുന്നു. പൗരോഹിത്യം പഴയ നിയമം സഭയ്ക്ക് നഷ്ടപ്പെടുന്നതോടുകൂടി പരിശുദ്ധാത്മാവും അവർക്ക് നഷ്ടമാകുകയാണ്. യേശുവിന്റെ ക്രൂശീകരണ സമയത്ത് യേരുശലേം ദൈവാലയത്തിൽ വിശുദ്ധ സ്ഥലത്തേയും അതിവിശുദ്ധസ്ഥലത്തേയും തമ്മിൽ വേർതിരിച്ചിരുന്ന തിരശ്ശീല മുകൾ തൊട്ട് അടിവരെ കീറിയത്, അന്നുവരെ കൃപാസനത്തിന്മേൽ വന്ന മഹാപുരോഹിതന്മാർ വഴി ദൈവഹിതം അറിയിച്ചിരുന്ന പരിശുദ്ധാത്മാവ് എന്നന്നേക്കുമായി അവരുടെ ഇടയിൽ നിന്ന് നീക്കപ്പെട്ടു. എന്നതിന്റെ സൂചനയായിരുന്നു. രണ്ടാമതു യഹൂദനും ജാതികളും എന്നുള്ള വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞു. എല്ലാവർക്കും, അതായത് ജാതി മത ഭേദമെന്യേ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും സ്വർഗ്ഗരാജ്യ പ്രവേശനം സാധ്യമായി എന്നതിന്റെ സൂചനയായിരുന്നു. (എഫെ. 2:13–19). ചില വിശ്വാസ വിപരീതികൾ പറയുന്നതുപോലെ അതു പൗരോഹിത്യം ഇല്ലാതായതിന്റെ സൂചനയല്ല, കാരണം പൗരോഹിത്യം ദൈവീകവും, നിത്യവും, ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ തുടർച്ചയ്ക്കും പൂർണ്ണതയ്ക്കും അനിവാര്യവുമാകയാൽ ദൈവവും വിശ്വാസികളും ഉള്ള കാലത്തോളം അതു നിലനിൽക്കും. ക്രിസ്താനികൾക്ക് പൗരോഹിത്യം ഉള്ളതുകൊണ്ടാണല്ലോ അവരെ പുരോഹിതവർഗ്ഗം എന്നു അപ്പോസ്തലന്മാർ വിളിച്ചത് (1. പത്രോ. 2:9).

പഴയനിയമ സഭയ്ക്ക് നഷ്ടപ്പെട്ട പൗരോഹിത്യ നൽവരം പുനരുദ്ധാന ശേഷം കർത്താവ് പുതിയനിയമ സഭയ്ക്ക് നൽകുകയാണ് ചെയ്തത് 'എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിപ്പിൻ' എന്നു പറഞ്ഞുകൊണ്ട് ശിഷ്യന്മാരുടെമേൽ ഊതി അവർക്ക് പൗരോഹിത്യ നൽവരം നൽകുകയും (യോഹ.20:19–22) പെന്തിക്കോസ്തിയിൽ അതേ ആത്മാവു അഗ്നിനാവിന്റെ സാദൃശ്യത്തിൽ അവരുടെമേൽ ഇറങ്ങി അവരെ സ്ഥിരീകരിയ്ക്കുകയും ശക്തീകരിക്കുകയും ചെയ്തു. (അപ്പൊ.2:1–4).

യോഹന്നാനിലൂടെ തിരിച്ചെടുത്ത പൗരോഹിത്യം പുതിയ നിയമ സഭയ്ക്കു നൽകി എന്നു പറയുമ്പോൾ ഇന്നുള്ള പൗരോഹിത്യം പഴയനിയമ പൗരോഹിത്യം ആണോ എന്നു ചോദിച്ചേക്കാം.

പൗരോഹിത്യം ദൈവീകവും അതു നിത്യവും ആണ്. അതു സ്ഥാപിച്ചവനും ദൈവമത്രേ. അതുകൊണ്ട് പൗരോഹിത്യം ഇല്ലാതാവുകയില്ല. എന്നാൽ കാലഘട്ടത്തിനനുസരിച്ച് അതിന്റെ പ്രവർത്തനങ്ങൾക്ക് മാറ്റവും വളർച്ചയും സംഭവിക്കും. വാഗ്ദത്തയുഗത്തിൽ യാഗം അർപ്പിക്കുന്നവൻ പുരോഹിതൻ എന്നു വിളിയ്ക്കപ്പെടുകയോ, അംശവസ്ത്രം ധരിക്കുകയോ, അഭിഷേകം ചെയ്യപ്പെടുകയും ചെയ്യുന്നു എന്നു മാത്രമല്ല യാഗരക്തം ബലിപീഠത്തിന്മേലും ജനത്തിന്മേലും തളിയ്ക്കുകയും ചെയ്യുന്നു. ഇന്നു കൃപായുഗത്തിൽ യേശുവിന്റെ രക്തം മേശമേൽ വിശ്വാസികളുടെ ആത്മീയ ഭക്ഷണമായിത്തീരുന്നു.

നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പ്രവർത്തന തലങ്ങളിലും ഈ മാറ്റം കാണാം. ആദിയിൽ പിതാവിന്റെ മാർവ്വിൽ വചനമായിരുന്ന് സകല സൃഷ്ടിക്കും കാരണഭൂതനായവൻ (ഉല്പ.1:3, യോ.1:1–3) കാലത്തികവിൽ കന്യകയിൽനിന്ന് ജഡമെടുത്തു മനുഷ്യരുടെ ഇടയിൽ വസിച്ചു. (യോഹ. 1:14). ഇന്ന് വിശുദ്ധ ആരാധനയിൽ പരിശുദ്ധാത്മാവായി അപ്പത്തിൽ അവതരിച്ച് നമ്മെ വഴി നടത്തുന്നു. (യോഹ. 6:35–38, മത്താ. 28:20)

പുതിയനിയമ പൗരോഹിത്യം യേശുക്രിസ്തുവിൽ പൂർണ്ണമാക്കപ്പെട്ട മഹാപൗരോഹിത്യം ആണ്. പഴയനിയമത്തിലെ പൗരോഹിത്യം പൂർണ്ണമായ പാപപരിഹാരമോ, രക്ഷയോ നൽകിയിരുന്നില്ല. ആ പൗരോഹിത്യം യേശുവിലെ നിത്യ പൗരോഹിത്യത്തിലേക്ക് മനുഷ്യനെ വഴി നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. പന്ത്രണ്ടു ഗോത്ര പിതാക്കന്മാർ പന്ത്രണ്ടു അപ്പോസ്തോലന്മാരുടെ സൂചനയും ആയിരുന്നു.

(തുടരും)

## 11 –ാം ചരമവാർഷികം

31–03–2021



**എം. എ. ഉണ്ണിട്ടൻ**

(കുഞ്ഞപ്പൻ)

## 3 –ാം ചരമവാർഷികം

6–04–2021



**അമ്മിണി ഉണ്ണിട്ടൻ**

**മാരങ്കേരിൽ, വെളിയനാട്**

“നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 1st Death Anniversary



I am the resurrection and the life. Anyone who believes in me will live, even after dying (John 11:25).

## C. A. George
## (Aniyachen)

**06-05-1933 to 11-04-2020**


We can’t see and hear you anymore but we can feel you because you have a place in our hearts and minds. Rest peacefully in heaven.

**Chirayil Family**
**(Chennai)**

Advt -O

## Ist Death Anniversary

23-3-2021



Advt -O

# JUBYMON K. PAUL

**Kavalackal, Chingavanam (Jufin)**

Deeply Missed and Lovingly Remembered
By Sorrowing Family Members

## Ist Birthday in Heaven

21-3-2021



Advt -O

# MONCY IDUCULLA

**CHAKYANIKUZHIYIL,
KULAMADAYIL HOUSE , RANNI**

DOB : 21-02-1971 Died on : 21-3-2020

**Wife Aleyamma Thomas (shibi moncy)
Daughter Minhamol Moncy, Son Melvin Moncy**

## 2-ാം ചരമവാർഷികം

15-03-2021



# വത്സമ്മ ബെനിൻ

**കണ്ണാട്ടിപ്പുഴയിൽ, തെങ്ങേലി**

**"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"**

*ഭർത്താവ്- ബെനിൻ കുറിയാക്കോസ്*

*മക്കൾ- ജോബിൻസ്, ജിബിൻസ്*

Advt - O

## രണ്ടാം ചരമവാർഷികം

31-03-2021



# തങ്കമ്മ തോമസ് (മന്നാമ്മ)

**കുഴിപറമ്പിൽ, കറ്റോട്**

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 9 – ാം ചരമവാർഷികം

10–03–2021



## കുഞ്ഞൂഞ്ഞമ്മ പുന്നൂസ്

**പനച്ചമൂട്ടിൽ, മാന്നാർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

40th Day of Remembrance
19th March 2021



**AMMAL THOMAS**

Valanjanthuruthil, Ranni

31.12.1937 - 08.02.2021

*He will wipe every tear from their eyes, and there will be no more death or sorrow or crying or pain. All these things are gone forever.*
*- Revelation 21 : 4*

Advt - S



## 8th Death Anniversary

26–03–2021

# C. M. കുര്യൻ

## Chaluparambil
## Texas, U.S.A

**Sorrowing Family**

Advt - O

27 – ാം ചരമവാർഷികം

10 – 04 – 2021



## K. A. ഏബ്രഹാം

2 – ാം ചരമവാർഷികം

8 – 2 – 2021



## ശോശാമ്മ ഏബ്രഹാം

കണ്ണൻകേരിൽ, കുറ്റൂർ, തിരുവല്ല

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O



The Cross of Christ has conquered Death

## 4th Year of Demise

2-04-2021

## JOSE MATHEW
(MONCEY)

ELAYASSERIL, KUTTOOR, THIRUVALLA

Advt - O

Till we meet in that heavenly shore again...

Everloving family

26 – ാം ചരമവാർഷികം

9- 03 -2021

രണ്ടാം ചരമവാർഷികം

1- 03 -2021



സ്കറിയ സ്കറിയ
(കറിയാക്കുട്ടി)

അമ്മിണി സ്കറിയ

Advt - O

മണിമലപാറയിൽ, ചിങ്ങവനം

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ ”

സന്തപ്ത കുടുംബാംഗങ്ങൾ

---

36th year of Demise
21 – 02 – 1985

1st year of Demise
27 – 03 – 2020





T. Thomas
(Rajan)

Pennamma
Rajan

Advt - O

Thamarappallyl, Ranny

“നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

Sorrowing Family

---

30th Death Anniversary

24- 3-2021




Advt - O

Rev. Fr. K. I. ABRAHAM
COR-EPISCOPA
Kizhakkemuriyil, Aythala
Ranni

By Sorrowing Family

## ആറാം ചരമവാർഷികം

25-03-2021



Advt -O

## T.C. Joy

**Thottumkal, Kunnamkerry**

Sorrowing Family

## ഒന്നാം ചരമവാർഷികം

19-3-2021



Advt -O

## വി.കെ.ലൂക്കോസ് (ലൂക്കോച്ചൻ)

**വേണാട്ട്, വാകത്താനം**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1-ാം ചരമവാർഷികം

3-3-2021



Advt -O

## കെ.എസ്. ഏലിക്കുട്ടി

**(w/o Late C.O. Mathew (കുഞ്ഞുകുട്ടി) മേപ്പാടി )**

**ചെറിയതോട്ടത്തിൽ, ഐത്തല, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5-ാം ചരമവാർഷികം

19-3-2021



Advt -O

## Chev. P. P. Chacko

**Pallathra, Kurichy**

Sorrowing Family

**ഒന്നാം ചരമവാർഷികം**

**28-3-2021**



**അമ്മാൾ ഏബ്രഹാം**

**19-ാം ചരമവാർഷികം**

**7-3-2021**



**മെൽവിൻ ഏബ്രഹാം**

**എരുത്തിപ്പാട്ട്, ഇരവിപേരൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## $8^{th}$ Death Anniversary in Heaven

3-3-2021



Advt -O

**ഇ.റ്റി. ജോസ്**

**ഇടയാടിയിൽ, അഞ്ചാനി, റാന്നി**

"നിത്യതയുടെ പളുങ്ക് നദീതീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## $2^{nd}$ Birthday in Heaven

**4-4-2021**



Advt -O

**C.M. MARKOSE**

**Kallolickal, Kurichy**

By Sorrowing Family

# 3 –ാം ചരമവാർഷികം

31 – 03 – 2021



# കുഞ്ഞൂഞ്ഞമ്മ കളത്തിൽ


## മാധവൻപടി, കോട്ടയം

സ്നേഹസ്മരണകളോടെ,
ഭർത്താവ് : തോമസ് തോമസ് (തോമസ് കുട്ടി)
മക്കൾ : ഷാജി തോമസ്, ഷിജു തോമസ്, ഷെറിൻ തോമസ്
മരുമക്കൾ : നിഷാ, ജസീനാ, അൻസു
കൊച്ചുമക്കൾ : ലിയാ, ലിവിയാ, ക്രിസ്റ്റാ, അച്ചു, ഹന്ന

Advt - R

## 40 – ാം ചരമദിനം

16 – 3 – 2021



# Joseph Mathew (Raju)

ഇടശ്ശേരിയത്ത്, കുറ്റൂർ

## 5 – ാം ചരമവാർഷികം

28 – 3 – 2021



# ചിന്നമ്മ ഏബ്രഹാം

കല്ലുകുഴിയിൽ, കവിയൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

wallpaperss.com

## 15 – ാം ചരമവാർഷികം

17 – 3 – 2021



# മാത്യു അലക്സാണ്ടർ

മണ്ണാട്ടുകോയിപ്പുറത്തുപറമ്പിൽ, ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## ഉറുമ്പിക്കുന്നേൽ, തുരുത്തിക്കാട്





# സ്കറിയാ മാത്യു

3 – ാം
ചരമവാർഷികം
17/03/2021

# അന്നമ്മ മാത്യു

8 – ാം
ചരമവാർഷികം
3/03/2021

"ഞങ്ങൾ നിങ്ങളിൽ നിന്നും അകന്നുപോയിട്ടില്ല
ഞങ്ങളുടെ സ്നേഹവും കരുതലും എന്നും
നിങ്ങളോടു കൂടെ ഉണ്ടായിരിക്കും"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 5 – ാം ചരമവാർഷികം
24 – 3 – 2021



Advt - S

### പി. എം. ചെറിയാൻ (ഏലിയാച്ചൻ)
പുത്തൻപറമ്പ്, കട്ടയിൽ, ചിങ്ങവനം


"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "


സന്തപ്ത കുടുംബാംഗങ്ങൾ

---

## 8 – ാം ചരമവാർഷികം
25 – 3 – 2021

## 24 – ാം ചരമവാർഷികം
19 – 1 – 2021





### Abraham Pappen

### M. P. Raju

Mepparathu,
Blockpadi, Ranny

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ "

Advt - S

സന്തപ്ത കുടുംബാംഗങ്ങൾ

---



## 6 – ാം ചരമവാർഷികം
16 – 03 – 2021

### എം. പി. മാത്യു (മാത്തുക്കുട്ടി)
മാലത്തുശ്ശേരിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ്
നിത്യതയുടെ തീരത്തു
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - R

സന്തപ്ത കുടുംബാംഗങ്ങൾ

## 12 –ാം ചരമവാർഷികം

17–03–2021



## K.P. Jacob (Sabu)

കാരിക്കൊമ്പിൽ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## മൂന്നാം ചരമവാർഷികം

4–03–2021



## അച്ചാമ്മ മാത്യു

മുണ്ടപ്ലാക്കൽ, പുതുശ്ശേരിമല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 7 –ാം ചരമവാർഷികം

22–3–2021




## കെ. ഒ. ജോസഫ് (ബേബി)

കടക്കേത്ത്, മന്ദമരുതി,
റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

## 6 –ാം ചരമവാർഷികം

25–3–2021



## കെ. ഒ. സഖറിയ (കറിയാച്ചൻ)

കടക്കേത്ത്, തോട്ടമൺ,
റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

# 2 – ാം ചരമവാർഷികം

**4 – 4 – 2021**



## ചിന്നമ്മ മാത്യു (85)

**പള്ളിയമ്പിൽ, പടിഞ്ഞാറ്റോതറ**

**തിരുവല്ല**

POABS
GOODNESS IS LIFE

Advt - S

# ഐക്യത അനിവാര്യം

**റ്റി.സി. തോമസ് തോപ്പിൽ** (ക്നാനായ കമ്മറ്റി അംഗം)

ഒരു പൂവിൽനിന്ന് ഒരു തേനീച്ചയ്ക്ക് ഒരു തുള്ളി തേനിന്റെ ഒരംശം മാത്രമേ ശേഖരിക്കാൻ സാധിക്കു. എന്നാൽ ഒരു തേനീച്ച കൂടു പൊട്ടിച്ചാൽ കിട്ടുന്ന തേൻ കൊണ്ട് നാലോ അഞ്ചോ, കുപ്പി നിറക്കാൻ സാധിക്കും. കാരണം അനേകമനേകം തേനീച്ചകളുടെ സംഘടിത ശ്രമത്തിന്റെ ഫലമാണത്. പരസ്പരം സഹായിച്ചു സഹകരിച്ച് ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ ഉണ്ടാകുന്ന മഹത്തായ ഫലത്തിന്റെ മധുര കഥയാണ് തേനീച്ചകളുടേത്. ഒരു ജ്ഞാനിയായ മനുഷ്യൻ ഇങ്ങനെ പറഞ്ഞു "നിങ്ങളുടെ ഒരു മയിലാണ് പെരുമ, അനൈക്യത്തിലോ ആപത്തുകളും.ഐക്യത്തോടെ ഒരേ ലക്ഷ്യത്തിനുവേണ്ടി ഒരു മനസ്സോടെ പ്രവർത്തിച്ചാൽ വൻ വിജയം നേടാനാകും. ഐക്യത പുരോഗതിയിലേക്കു നയിക്കും. അനൈക്യം പരാജയത്തിലേക്കും.

ഇന്ത്യ ഒരു മതനിരപേക്ഷ ജനാധിപത്യ രാജ്യമാണ്. (Secular democratic nation). രാഷ്ട്രത്തിനു സ്വന്തമായി മതമല്ല. വിവിധ വിശ്വാസക്കാരും മതക്കാരുമായ ആളുകൾ ഇവിടെ അധിവസിക്കുന്നു. ഈ ജന വൈവിധ്യവും വിശ്വാസ ബാഹുല്യവും ഇൻഡ്യയുടെ തനതായ പ്രത്യേകതയാണ്. ഭാഷ, വേഷം, ഭക്ഷണം, വിശ്വാസം, ജീവിതരീതി തുടങ്ങിയവയിൽ വൈവിധ്യങ്ങളുണ്ടെങ്കിലും നാനാത്വത്തിലെ ഏകത്വം (unity in diversity) ആണ് ഭാരതത്തിന്റെ സത്ത. വ്യാപാരത്തിനായി കടന്നുവന്ന ഈസ്റ്റ് ഇൻഡ്യ കമ്പനി ഭാരതത്തിലെ നാട്ടു രാജ്യങ്ങളേയും രാജാക്കന്മാരെയും ഭിന്നിപ്പിച്ച് രാജ്യത്തിന്റെ പരമാധികാരം കൈക്കലാക്കി. ഭിന്നിപ്പിച്ച് ഭരിക്കുക (divide and right rule) എന്ന ബ്രിട്ടീഷ് തന്ത്രത്തിന്റെ വിത്തുകൾ ഇന്നും പല സമൂഹത്തിലും നമുക്ക് കാണുവാൻ കഴിയും. ഐക്യമെന്ന അടിസ്ഥാനശിലയിൽ നിന്നും തെന്നിമാറുന്ന ഒരു സമൂഹത്തിനും സഭകൾക്കും മുന്നോട്ടുള്ള പ്രയാണം ബുദ്ധിമുട്ടാണ്. രാജ്യത്തിന്റെ മുഖ്യ ധാരയിലൂടെ പ്രവഹിക്കുന്ന ഒരു സാംസ്ക്കാരിക ഐക്യമാണ് രാജ്യത്തെ ഏകോപിപ്പിക്കുന്നത്. ഐക്യമെന്നത് അച്ചിൽ വാർത്തതുപോലെ കേവലം ഒരു വിരസമായ രൂപ സാദൃശ്യമല്ല. ഐക്യം ഒരു വികാരമാണ്. ഐക്യം ഏറ്റവും പ്രകടമാകേണ്ടത് ഒരു പൊതു പ്രതിസന്ധി ഉണ്ടാകുമ്പോഴാണ്.

എ.ഡി. 345-ൽ വി. ക്നായിതൊമ്മന്റെയും ഉറഹാ മാർ യൗസേപ്പിന്റെയും നേതൃത്വത്തിൽ മലങ്കരയിലേക്ക് നടന്ന ഐതിഹാസികവും ചരിത്ര പ്രസിദ്ധവുമായ സിറിയൻ കുടിയേറ്റത്തിന്റെ പിൻ തലമുറക്കാരാണല്ലോ ക്നാനായക്കാരായ നമ്മൾ. സാഹസികതയുടെ പര്യായമായ ആ കുടിയേറ്റ സമയത്ത് ഉറഹായിലെ നമ്മുടെ പൂർവ്വ പിതാക്കന്മാർ നമ്മെ ചുമതലപ്പെടുത്തിയ ഒരു സന്ദേശമുണ്ട്. മക്കളെ കാണുമോ "ഹിന്ദുവിൽ പോയാലും ബന്ധങ്ങൾ വേർപെടാതോർക്കണമെപ്പോഴും. പത്തുമൊരേഴുമങ്ങെപ്പോഴും ചിന്തിപ്പിൻ. പാടുമറിയാതിരിക്കണം നിങ്ങളും." എന്നുള്ള വ്യവസ്ഥകൾ കാത്തു സൂക്ഷിക്കാൻ ബാദ്ധ്യസ്ഥരാണ് നമ്മൾ. ക്നാനായ എന്ന കോരിത്തരിപ്പിക്കുന്ന നാമം നമ്മെ ഒന്നിപ്പിക്കുന്നു. അനൈക്യത്തിന്റെ ചില ആഭ്യന്തര കലഹങ്ങൾ സമുദായത്തിൽ പലപ്പോഴും പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് സമുദായ ചരിത്രം പരിശോധിച്ചാൽ നമുക്ക് കാണുവാൻ കഴിയും. അത്തരം ചില പ്രതിസന്ധികൾ ഇപ്പോഴും സമുദായത്തിൽ അനൈക്യത്തിന്റെ വിത്തുപാകുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ് എന്നാൽ നാം ഐക്യതയോടെ മുന്നേറേണ്ടത് ഈ കാലഘട്ടത്തിൽ അനിവാര്യമാണ്. ഒരിക്കൽ ഒരു കർഷകനായ പിതാവിന് നാല് ആൺമക്കൾ ഉണ്ടായിരുന്നു. ഒരു കാര്യത്തിലും ആ മക്കൾ തമ്മിൽ യോജിപ്പുണ്ടായിരുന്നില്ല. അതിനാൽ അപ്പനും അമ്മയും വളരെ ദുഃഖിച്ചു. ഒരു ദിവസം ആ പിതാവ് നാലു മക്കളെയും ഒന്നിച്ചു വിളിച്ചുകൂട്ടി. കുറെ നീണ്ട വടികൾ ഒരുമിച്ച് ചേർത്ത് അയാൾ കെട്ടി. വടികൾ ഒറ്റക്കെട്ടാക്കി. അയാൾ മൂത്ത മകനെ അടുത്തു വിളിച്ചു പറഞ്ഞു "എടാ മോനേ ഇതൊന്ന് നടുവെ ഒടിച്ചു തരൂ" ആ മകൻ കിണഞ്ഞു പരിശ്രമിച്ചിട്ടും അതു ഒടിക്കാൻ സാധിച്ചില്ല. ബാക്കി മൂന്നുപേരും ഇതുപോലെ പരിശ്രമിച്ചിട്ടും വടികൾ ഒടിക്കാൻ കഴിഞ്ഞില്ല. അവർ നാലു മക്കളും ഒരുപോലെ പറഞ്ഞു അച്ഛാ പറ്റില്ല ഇതൊടിക്കാൻ പറ്റില്ല. ബുദ്ധിമാനായ അച്ഛൻ ചോദിച്ചു എന്നാൽ കണ്ടോളു വൃദ്ധനായ ആ മനുഷ്യൻ കെട്ടഴിച്ചു ഓരോ വടിയും എടുത്ത് ഒടിച്ചു കാണിച്ചു. തുടർന്ന് അയാൾ മക്കളോടു പറഞ്ഞു "കുഞ്ഞുങ്ങളെ പരസ്പരം കലഹിച്ചു കഴിയുന്ന നിങ്ങളുടെ സ്ഥിതിയും ഇതു തന്നെയാണ്. ഈ വടികൾ ഒടിച്ചതുപോലെ ആർക്കും നിങ്ങളെ നശിപ്പിക്കാൻ കഴിയും. നിങ്ങൾ ഒറ്റക്കെട്ടായി നിൽക്കുകയാണെങ്കിൽ ആർക്കും നിങ്ങളെ തോൽപ്പിക്കുവാൻ സാധിക്കയില്ല. ഒരുമയാണ് കരുത്തെന്നു ഈ കഥ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

കാലം ചെയ്ത അഭിവന്ദ്യ ക്ലീമ്മീസ് തിരുമേനി ക്നാനായ യുവജന സമാജ വേദികളിൽ പറയുമായിരുന്നു ക്നാനായ സമുദായം അതിന്റെ പൈതൃകവും പാരമ്പര്യങ്ങളും വംശ ശുദ്ധിയും കാത്തു സൂക്ഷിച്ച് 17 നൂറ്റാണ്ടുകളായി ഈ രാജ്യത്തു നിലനിൽക്കുന്നത് ലോകാത്ഭുതങ്ങളിൽ ഒന്നാണ്. അഭിപ്രായ വ്യത്യാസങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതു സമുദായത്തിന്റെ ഭദ്രതയെ ബാധിക്കരുത്. ക്നാനായ തനിമയും മഹിമയും വരും തലമുറകളിലേക്ക് പകരാനുള്ള കടമ നമുക്കുണ്ട്. കേരള ക്രൈസ്തവ നഭോ മണ്ഡലത്തിൽ ഒരു വെള്ളി നക്ഷത്രമായി ശോഭിക്കാൻ നമുക്ക് സാധിക്കണം. ഇതര ക്രൈസ്തവ വിഭാഗങ്ങളിൽ നമുക്ക് നഷ്ടപ്പെട്ട പ്രതാപവും സ്വാധീനവും തിരികെ പിടിക്കേണ്ടിയിരിക്കുന്നു. ഭിന്നതയുടെ വേരുകളെ പിഴുതെറിഞ്ഞ് ഐക്യത്തിന്റെയും സമാധാനത്തിന്റെയും വിത്തുകൾ പാകുവാൻ എല്ലാവരും കൈകോർക്കണം. സാമൂഹ്യ മാദ്ധ്യമങ്ങളിൽകൂടി ബഹു. വൈദികരെയും അഭിവന്ദ്യ തിരുമേനിമാരേയും നേതൃത്വത്തിലുള്ളവരെയും ഉണ്ടായിരുന്നവരെയും അപകീർത്തിപ്പെടുത്തുന്ന പ്രവണതക്കു മാറ്റമുണ്ടാകണം. മലർന്നുകിടന്നു തുപ്പുന്നത് ആശ്വാസമല്ലല്ലോ. നമ്മെ ഭിന്നിപ്പിച്ചു നിർത്തി മുതലെടുക്കാൻ ഒരു ശക്തിക്കും നാം അവസരം നൽകരുത്. ലോകത്തിന്റെ എല്ലാ അതിരുകളിലും വ്യാപിച്ചു കിടക്കുന്ന നമ്മെ ഒരുമിപ്പിക്കുന്നത് ക്നാനായ എന്ന സുവർണ്ണ നൂലാണ്. മലങ്കര സഭയുടെ പ്രതിസന്ധി ഘട്ടങ്ങളിൽ ധീര നേതൃത്വം കൊടുത്ത ക്നാനായ സമുദായം അതിന്റെ ഉജ്ജ്വലമായ പാരമ്പര്യത്തിൽ കൂടുതൽ മികവോടെ മുന്നോട്ടു ഗമിക്കുവാൻ സാധിക്കണം. ക്നാനായ സമുദായമാകുന്ന തേനീച്ചക്കൂട്ടിൽ കല്ലെറിയാതെ അതിന്റെ മാധുര്യം കാത്തു സൂക്ഷിക്കാൻ ഒരുമയോടെ പ്രവർത്തിക്കാനുള്ള വേദികൾ ദൈവം സൃഷ്ടിക്കട്ടെ. സമുദായത്തിന്റെ ഭിത്തികൾ ബലപ്പെടുത്തുന്നതാകട്ടെ നമ്മുടെ ചിന്തകൾ. പുരോഗതിയുടെ രാജപാതകൾ വെട്ടിത്തെളിക്കാൻ ഐക്യത്തോടെ പ്രവർത്തിക്കാം. ഐക്യമത്യം മഹാബലം.

# കഷ്ടാനുഭവ ധ്യാനം

ഫാ. ജോൺ മാത്യു, മൂലംകുളം

യേശുക്രിസ്തുവിന്റെ രക്ഷാകര പ്രവൃത്തിയെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ സ്നേഹം വർഷിക്കുന്ന യേശുവിന്റെ ഐഹിക ജീവിതത്തെക്കാൾ ഹിമാലയ പർവ്വത നിരകളിൽ എവറസ്റ്റ് കൊടുമുടിപോലെ അത്യുച്ചസ്ഥാനത്ത് പ്രശോഭിച്ച് കാണുന്നത് തന്റെ കഷ്ടാനുഭവവും ജീവത്യാഗവുമാണ്.

അനേകം കഷ്ടാനുഭവ ആഴ്ചകളും, ദുഃഖവെള്ളികളും നമ്മുടെ ആയുസ്സിൽ പുറകോട്ടുപോയിക്കഴിഞ്ഞിരിക്കുന്നു. ഓരോ വർഷവും ആയതിന്റെ ആത്മീയ പ്രബുദ്ധതയും, പ്രചോദനവും ഉണർത്തി പുലർത്തി കൊണ്ടുപോകാത്തപക്ഷം സംഭവിക്കുന്ന നഷ്ടം ഭീമമാണ്.

പീഢാനുഭവധ്യാനങ്ങൾ വിശ്വാസികളുടെയും സംഭവങ്ങളുടെയും ഏറ്റവും പ്രധാന ധ്യാനവിഷയമാണ്.

പൗരസ്ത്യ സഭകൾ ഈ ധ്യാനങ്ങൾക്ക് വിപുലമായ ക്രമങ്ങളും രീതികളും സന്ദർഭങ്ങളും വളരെ പുരാതനമായി തന്നെ അംഗീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള കഷ്ടാനുഭവധ്യാനങ്ങളുടെ മകുടമായി നിൽക്കുന്നത് ക്രൂശീകരണത്തെ കേന്ദ്രീകരിച്ചുള്ള സംഭവങ്ങളാണ്. ഇതിനേക്കാൾ ശ്രേഷ്ഠവും അഗാധവുമായ ഒരു വിഷയം പഠനത്തിനും, ധ്യാനത്തിനും ഇല്ല എന്നുള്ളത് സത്യമാണ്.

ദുഃഖവെള്ളിയാഴ്ച ദിവസം കർത്താവ് ക്രൂശിൽ കിടന്നിടത്തോളം സമയം വിശ്വാസികൾ ധ്യാനത്തിലും പ്രാർത്ഥനയിലും ആരാധനയിലും ഉൾപ്പെട്ടിരിക്കണമെന്നാണ് പൂർവ്വീക സഭയുടെ നിർബന്ധം.

തന്റെ മരണം ഇന്ന് നമ്മുടെ മുമ്പിൽ "ക്രൂശ്" എന്നുള്ള ഏക പദത്തിൽ മനുഷ്യന്റെ അറിവിനെ അതിലംഘിച്ച് നിൽക്കുന്നു.

കുറ്റവാളി ഭൂമിയിൽ കിടന്ന് മരിച്ചാൽ അവന്റെ രക്തം ഭൂമിക്കു ശാപമായി മാറും എന്ന പേർഷ്യൻ സങ്കൽപ്പത്തിൽ നിന്നാണ് കുരിശ് എന്ന കഴുമരം രൂപപ്പെട്ടത്. അസിറിയക്കാരും, ഈജിപ്റ്റുകാരും, ഫിനീഷ്യക്കാരും, ഗ്രീക്കുകാരും, റോമാക്കാരും, അർമ്മിനിയർ, പേർഷ്യരും കുറ്റവാളിക്ക് നൽകിയിരുന്ന വധശിക്ഷയായിരുന്നു ക്രൂശ്മരണം.

ക്രിസ്തു മരിക്കുവോളം ക്രൂശ് അപമാനത്തിന്റെ അടയാളമായിരുന്നു. മശിഹായുടെ മഹത്വീകൃതമായ ക്രൂശ് മരണോപകരണമായിട്ടല്ല പ്രത്യുത രക്ഷയുടെ അടയാളമായിട്ടാണ് നിലനിൽക്കുന്നത്.

ക്രിസ്തുവിന്റെ ക്രൂശ്മരണവും ഉത്ഥാനവുമാണ് സ്ലീബായെ ക്രൈസ്തവരുടേതാക്കിയത്. ആക്ഷേപത്തിന്റെയും നിന്ദയുടെയും കൊലമരമായിരുന്ന കുരിശ് രക്ഷയുടെയും വീണ്ടെടുപ്പിന്റെയും പ്രതീകമായി തീരുന്ന അവസ്ഥ നമുക്ക് കാണുവാൻ സാധിക്കണം. ഇത് ദൈവിക രക്ഷാപദ്ധതിയുടെ ദർശനമാണ്. നിന്ദനീയമായത് മഹത്വത്തിലേക്കുയരുന്നു. രക്ഷയുടെയും വീണ്ടെടുപ്പിന്റെയും പ്രതീകമായ കുരിശു കാണുമ്പോൾ കുരിശിൽ മരിച്ചുഉയിർത്തെഴുന്നേറ്റവനായ ക്രിസ്തുവിനെയാണ് നാം ദർശിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് പൗലൂസ്ശ്ലീഹ പറയുന്നത് 'ക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ എനിക്ക് പ്രശംസിപ്പാനിടയാകരുത്" (ഗലാ: 6:14).

ദൈവത്തിന്റെ ജ്ഞാനം, ശക്തി, സ്നേഹം എന്നിവയുടെ തികഞ്ഞ പ്രകടനമായിട്ടാണ് ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ പ്രാരംഭം മുതൽതന്നെ ക്രൈസ്തവസഭ ദർശിച്ചത്. ക്രൂശ് കഷ്ടതയുടെ രംഗമായിട്ടല്ല. മനുഷ്യരക്ഷയ്ക്ക് ദൈവം നൽകിയ ദാനവും അനുഗ്രഹവുമായിട്ടാണ് മനസ്സിലാക്കേണ്ടതും, അനുഭവിക്കേണ്ടതും.

ക്രൂശ് ഒരു സംഭവമോ, ആശയമോ മാത്രമല്ല പ്രത്യുത ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന ദൈവിക പ്രവർത്തനമാണ്. ദോഷത്തോടുള്ള വെല്ലുവിളിയാണ്. ദൈവോദ്ദേശത്തിലുള്ള കീഴടങ്ങലാണ്. മനുഷ്യന്റെ ക്രൂരത, സ്വാർത്ഥത, ശക്തിമോഹം, ദൈവദൂഷണം, സത്യത്തോടുള്ള മറുതലിപ്പ്, ഇവയെല്ലാം വ്യക്തമാക്കി തരുന്ന ക്രൂശിന്റെ വഴി, വിജയത്തിലേക്കുള്ള പാതയാണ്.

ഈ പാതയിലൂടെയുള്ള യാത്രയാണ് ഇന്ന് വ്യക്തിക്കും സഭയ്ക്കും അത്യാവശ്യമായിരിക്കുന്നത്. മാനസാന്തരവും പുതുജനനവുമാണ്, പരിഷ്ക്കരണമോ, നവീകരണമോ അല്ല. കഷ്ടാനുഭവ ധ്യാനങ്ങളുടെ അനന്തരഫലം പാപബോധവും, ഹൃദയനുറുക്കവും, ഏറ്റുപറച്ചിലും, പുനപ്രതിഷ്ഠയുമായിരിക്കണം. നമുക്ക് ജീവിത രൂപാന്തരം ഉണ്ടാകാത്തിടത്തോളം യേശുവിന്റെ പാപപരിഹാരയാഗം നമ്മെ സംബന്ധിച്ചിടത്തോളം പ്രയോജന ശൂന്യമായിരിക്കും.

ആ പാപപരിഹാരബലിയിൽ ദൈവം ക്രിസ്തുവിൽ ലോകത്തെ നിരപ്പിച്ചു. പിതാവേ ഇവരോടു ക്ഷമിക്കണമേ എന്ന് പ്രാർത്ഥിച്ചു. കള്ളനോടു നീ പറുദീസായുടെ അവകാശി എന്ന് പറഞ്ഞു. പറുദീസ ഉപേക്ഷിച്ചവർ അതിന്റെ അവകാശികളായി അതിനാൽ നാമും.

വേർപാടിന്റെ ചുവരുകൾ ഇടിച്ചുകളയണം
സ്നേഹത്തിന്റെ ശക്തിബന്ധങ്ങളെ പുതുക്കണം.

ഭാര്യയും ഭർത്താവും, മക്കളും മാതാപിതാക്കളും, അയൽക്കാർ ഇടവക ജനങ്ങൾ, വൈദികർ, സഭാ നേതൃത്വം, സാമൂഹിക നേതാക്കൾ അങ്ങനെ എല്ലാവരും അന്യവൽക്കരണം നീക്കി അനുരഞ്ജനം യാഥാർത്ഥ്യമാക്കണം.

മനുഷ്യർക്കുവേണ്ടി എല്ലാം വെടിയുന്ന ദൈവത്തെ ക്രൂശിൽ കാണുക. നമ്മുടെ സ്വാർത്ഥതയും, നിസ്സംഗതയും, പാപപ്രകൃതവും ഉപേക്ഷിച്ച് ദോഷങ്ങളെപ്പറ്റി ഹൃദയപൂർവ്വം അനുതപിക്കുകയും ചെയ്താൽ മാത്രമെ ദൈവകൃപയുടെ പ്രവാഹം നമ്മിലേക്കുണ്ടാവുകയുള്ളു.

കഴുമരമായി തുടങ്ങി കൃപാവരത്തിന്റെ പ്രതീകമായി മാറുന്ന കുരിശ് മരണമല്ല ജീവനാണ് നൽകുന്നത്.

തകർച്ചയിൽ നിന്ന് ഉയർച്ചയിലേക്ക്
മരണത്തിൽ നിന്ന് ജീവനിലേക്ക്

നിരാശയിൽ നിന്ന് പ്രത്യാശയിലേക്കുള്ള ഒരു നൂതന വഴിയാണ് സർവ്വ ജനത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും അച്ചാരവും ആദ്യഫലവുമാകുന്ന ക്രിസ്തുവിന്റെ ഉയിർപ്പിൽ നമുക്ക് ലഭിക്കുന്നത്. രക്ഷയും ഉയിർപ്പും അനുരഞ്ജനവും ഒരുമിച്ച് സമ്മേളിക്കുന്ന ക്രൂശിൽ സ്വർഗ്ഗവും, ഭൂമിയും, നിത്യതയും കാലവും ബന്ധിക്കുന്നു. മനുഷ്യനും ദൈവവും ഒന്നാകുന്നു. തെക്കും, വടക്കും, കിഴക്കും, പടിഞ്ഞാറും സ്ലീബായിൽ കൂടി ചേരുന്നു. ആകയാൽ വിഭജനത്തിനല്ല ഐക്യത്തിൽ ഒന്നാകുവാൻ, സ്വാർത്ഥത, സ്വയമഹിമ, വിഘടനവാദം, ഇവ വെടിഞ്ഞ് ദാസരൂപം എടുത്ത് തന്നത്താൻ താഴ്ത്തി ക്രൂശ്മരണത്തോളം താഴ്ത്തിയ ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളാകുവാൻ ഈ കഷ്ടാനുഭവ ധ്യാനങ്ങൾ നമുക്ക് പ്രയോജനപ്പെടുത്താം.

# പ്രാർത്ഥനാ ചരട് (ഓർത്തഡോക്സ് പ്രയർറോപ്പ്)

ഫാ. ക്രിസ്റ്റോ സി. കുര്യൻ, ചക്കിട്ടപറമ്പിൽ

മധ്യപൂർവ്വ ദേശങ്ങളിലെ ഓർത്തഡോക്സ് സന്യാസിമാരാണ് ഈ പ്രാർത്ഥനാ രീതിയുടെ ഉപജ്ഞാതാക്കൾ. നാലാം നൂറ്റാണ്ടുമുതൽ കിഴക്കൻ ഓർത്തഡോക്സ് സഭയിൽ നിലനിന്നിരുന്ന ജപമാല ആണ് പിന്നീട് rosary, കൊന്ത തുടങ്ങിയ നാമങ്ങളിൽ അറിയപ്പെടുന്ന പ്രാർത്ഥനയായി രൂപാന്തരപ്പെട്ടത്.

ജപമാലയുടെ ഉത്ഭവം മധ്യപൂർവ്വ ദേശങ്ങളിൽ സന്യാസവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. 150 സങ്കീർത്തനങ്ങൾ നിത്യവും ഉരുവിട്ട് പ്രാർത്ഥിക്കുക എന്നുള്ളത് സന്യാസ ജീവിതത്തിന്റെ ഭാഗമായിരുന്നു. എന്നാൽ എഴുത്തും വായനയും നിശ്ചയമില്ലാത്ത സന്യാസിമാർ മറ്റുള്ളവർ ചൊല്ലുന്നതുകേട്ട് അത് ഹൃദിസ്ഥമാക്കുകയോ അതിന് പകരമായി നിരവധി തവണ കുമ്പിട്ട് പ്രാർത്ഥിക്കുകയോ ചെയ്യണം എന്നുള്ളതായിരുന്നു സന്യാസ നിയമം. അങ്ങനെ കാലാന്തരത്തിൽ 150 സങ്കീർത്തനങ്ങൾക്ക് പകരം 150 യേശുനാമജപം ചൊല്ലുന്ന പതിവ് സംജാതമായി. ഈ രീതി ജപമാലയുടെ ഉത്ഭവത്തിന് കാരണമായി. ആദിമകാലത്ത് ജപമാല ഉപയോഗിച്ചിരുന്നത് സന്യാസിമാർ ആയിരുന്നുവെങ്കിലും പിന്നീട് സാധാരണക്കാരായ ആളുകളും അത് ഉപയോഗിച്ചിരുന്നു. ആരംഭത്തിൽ പ്രാർത്ഥനകളുടെ എണ്ണം തിട്ടപ്പെടുന്നതിനായി മിനുസമുള്ള ഉരുളൻകല്ലുകൾ ഉപയോഗിച്ചിരുന്നു. ഓരോ സുകൃത ജപംചെല്ലുമ്പോഴും ഓരോ കല്ലുകൾ പാത്രത്തിലേക്ക് നിക്ഷേപിക്കുകയായിരുന്നു.



എന്നാൽ അത് വളരെ ശ്രമകരവും ആശ്രമത്തിന് പുറത്ത് അനുഷ്ഠിക്കുവാൻ സാദ്ധ്യമായിരുന്നുമില്ല. പ്രാർത്ഥനാ ചരടിന്റെ ആവിർഭാവത്തോടെ താപസന്മാർക്ക് ആശ്രമത്തിനുള്ളിലും പുറത്തും ഒരുപോലെ നിരന്തരം പ്രാർത്ഥിക്കുവാൻ സാധിച്ചു.

**പാരമ്പര്യം**

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധനായ പക്കോമിയോസ് പിതാവാണ് ആശ്രമത്തിൽ പ്രാർത്ഥനാ ചരട് ഉപയോഗക്രമം കൊണ്ടുവന്നത് എന്നത് ഒരു പൊതു പാരമ്പര്യമാണ്. എന്നാൽ ഇന്ന് കാണുന്ന പ്രാർത്ഥനാ ചരടിന്റെ കെട്ടുകൾ (Knots) സംബന്ധിച്ചുള്ള അറിവ് പൗരസ്ത്യ സന്യാസ പിതാവായ അന്തോണിയോസുമായി ബന്ധപ്പെട്ട ഒരു സംഭവ കഥയിലൂടെയാണ്. അദ്ദേഹം നിത്യവുമുള്ള പ്രാർത്ഥന വേളകളിൽ ഓരോ പ്രാർത്ഥന അവസാനിക്കുമ്പോഴും യേശുവേ കരുണ തോന്നണം എന്ന് ഉരുവിട്ട് ഒരു തുകൽ ചരടിൽ ഓരോ കെട്ടുകളിടും. എന്നാൽ ഇതിൽ നിന്നും വിശുദ്ധനെ പിന്തിരിപ്പിക്കുവാൻ വേണ്ടി രാത്രിയിൽ സാത്താൻ വന്ന് ഈ കെട്ടുകൾ അഴിച്ചു കളയും. അങ്ങനെ ഇരിക്കെ ഒരു ദിവസം അദ്ദേഹം ജപമാല ഉപയോഗിച്ച് കുറിയേലായിസോൻ എന്ന് ആവർത്തിച്ച് പ്രാർത്ഥിച്ചുകൊണ്ട് ഇരിക്കുമ്പോൾ പിശാച് ആ ചരട് പൊട്ടിക്കുകയും പ്രാർത്ഥനയുടെ എണ്ണം തെറ്റുകയും ചെയ്തു. ഇതിൽ വേദനിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്ന പിതാവിന് ഒരു മാലാഖ അദ്ദേഹത്തിന് ദർശനം കൊടുത്തു. അത് ഇപ്രകാരമായിരുന്നു. ഓരോ കെട്ടിലും ഒന്നിന് മുകളിൽ ഒന്നായി 7 കുരിശുകൾ വരത്തക്കവിധത്തിൽ പ്രത്യേകരീതിയിൽ കെട്ടുകൾ നിർമിക്കുകയും ചെയ്തു. വിശുദ്ധ ശ്ലീബായുടെ അടയാളത്തിൽ കെട്ടുകൾ ഉണ്ടാക്കുവാനായി മാലാഖ അദ്ദേഹത്തെ പഠിപ്പിച്ചു. വി. സ്ലീബായുടെ അടയാളം ഉള്ളതിനാൽ സാത്താന് പിന്നീട് ആ കെട്ടുകൾ അഴിക്കുവാനോ സ്പർശിക്കുവാനോ സാധിച്ചില്ല. പിന്നീട് വി. അന്തോനിയോസിന്റെ പ്രാർത്ഥന തടസ്സപ്പെടുത്തുവാനും കഴിഞ്ഞില്ല എന്നതാണ് പാരമ്പര്യം.

**പ്രാർത്ഥനാ ചരടിന്റെ നിർമ്മാണ രീതി**

പ്രാർത്ഥന ചരടിന്റെ ഓരോ കെട്ടുകളും നിർമ്മിക്കുന്നത് ഒരു കല ആയിട്ടാണ് പിതാക്കന്മാർ കാണുന്നത് വളരെ ക്ഷമയോടെ മാത്രമേ ഇതിന്റെ നിർമ്മാണം സാധിക്കുകയുള്ളൂ. ഓരോ കെട്ടുകൾ നിർമ്മിക്കുമ്പോഴും യേശുനാമ പ്രാർത്ഥനകൾ ഉരുവിട്ടാണ് നിർമ്മിക്കുന്നത്. കൂടാതെ ഓരോ കെട്ടിലും 7 കുരിശുകൾ ഒന്നിന് മുകളിൽ ഒന്നായി വരത്തക്കവിധം പ്രത്യേക രീതിയിലാണ് കെട്ടുകൾ ക്രമപ്പെടുത്തിയിരിക്കുന്നത്. പ്രാർത്ഥന ചരടിന്റെ നിർമ്മാണത്തിന്റെ ആരംഭം മുതൽ അവസാനം വരെയും നിർമ്മിക്കുന്ന വ്യക്തി യേശുനാമ പ്രാർത്ഥനയിൽ മുഴുകി ഈ നിർമ്മിതി നടത്തേണ്ടത് എന്നതാണ് പൊതുനിയമം. സാധാരണ കമ്പിളിയിൽ നിന്നോ പട്ടിൽ നിന്നോ ഒരേ വലിപ്പമുള്ള രണ്ട് ചരടുകൾ പ്രത്യേക രീതിയിൽ കൂട്ടിയിണക്കിയാണ് ഇത് നിർമ്മിക്കുന്നത്. 13, 33, 72, 100, 150, 300 എന്ന ക്രമത്തിലാണ് പ്രാർത്ഥന ചരടിലെ കെട്ടുകൾ. ഈ എണ്ണമുള്ള കെട്ടുകൾ ഉണ്ടാക്കിയിട്ട് രണ്ടറ്റത്തെ കെട്ടുകളിൽ നിന്ന് വിശുദ്ധ സ്ലീബ ഉണ്ടാക്കുന്നു. പിന്നീട് വിശുദ്ധ സ്ലീബയോടു ചേർന്ന് ഒരു തൊങ്ങൽ വയ്ക്കുക പതിവാണ്. ഈ തൊങ്ങൽ (Tassle) സ്വർഗ്ഗത്തെ അനുസ്മരിപ്പിക്കുന്നു. ഈ തൊങ്ങൽ പ്രാർത്ഥനയിൽ കരയുന്ന നിമിഷങ്ങളിൽ കണ്ണുനീർ ഒപ്പാനും ഇത് സഹായകമാണ്.

**പ്രാർത്ഥനാ ചരടിന്റെ വിവിധ നിറങ്ങൾ**

കറുപ്പ് - മനുഷ്യന്റെ പാപാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്.

ചുവപ്പ് - കർത്താവിന്റെ തിരുരക്തത്താലുള്ള വീണ്ടെടുപ്പിനെയാണ് സൂചിപ്പിക്കുന്നത്.

പച്ച – പ്രകൃതിയെയാണ് സൂചിപ്പിക്കുന്നത്.

നീല – വിശുദ്ധ ദൈവമാതാവിനെയാണ് സൂചിപ്പിക്കുന്നത്

**പ്രാർത്ഥനാ ചരടിന്റെ കെട്ടുകളുടെ ക്രമീകരണം**

13 – യേശുവും 12 ശിഷ്യന്മാരും

33 – യേശുകർത്താവിന്റെ ജീവിതകാലയളവ്

50 – പെസഹാ മുതൽ പെന്തക്കോസ്തി വരെയുള്ള ദിവസങ്ങൾ

72 – സഭയുടെ 72 അറിയിപ്പുകാർ

100 – വലിയനോമ്പ് മുതൽ പെന്തിക്കോസ്തി വരെയുള്ള ദിനങ്ങൾ

150 – സങ്കീർത്തനങ്ങളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു.

ഇതോടൊപ്പം തന്നെ സൗകര്യാർത്ഥം 10 കെട്ടുകളുള്ള പ്രാർത്ഥനാ ചരടും യാത്രാവേളകളിൽ ഉപയോഗിക്കുന്നുണ്ട്.

**പ്രാർത്ഥനാ ചരടിന്റെ ഉപയോഗ രീതി**

ഒരു വ്യക്തിയുടെ ഇടത് കൈയ്യിൽ പ്രാർത്ഥനാ ചരട് പിടിച്ച് വലതു കൈയ്യിലെ തള്ളവിരൽ കൊണ്ട് കുരിശടയാളം ഓരോ കെട്ടുകളിലും വരച്ച് തള്ളവിരലും ചൂണ്ടുവിരലും ഉപയോഗിച്ച് പ്രാർത്ഥനയുടെ എണ്ണം പിടിക്കുന്നു. യേശുനാമ പ്രാർത്ഥനയോ, കുറിയേലായിസോൻ തുടങ്ങിയ ക്ഷണനേര പ്രാർത്ഥനകൾ ചൊല്ലി ഇത് ഉപയോഗിക്കാം. താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനകളും ഉപയോഗിക്കാം. പ്രാർത്ഥനാ ചരട് കഴുത്തിൽ അണിയുന്ന പാരമ്പര്യം നമുക്കില്ല മറിച്ച് അത് കയ്യിൽ കൊണ്ടുനടക്കുകയോ പോക്കറ്റിൽ സൂക്ഷിക്കുകയോ ആണ് രീതി.

**പ്രാർത്ഥനാ ചരട് ഉപയോഗിച്ച് ഏഴ് യാമത്തിൽ നടത്തുന്ന പ്രാർത്ഥനകൾ**

**രാത്രി**

1. ഞങ്ങളുടെ കർത്താവേ പാപികളായ ഞങ്ങളോട് കരുണ ചെയ്യേണമേ.

2. ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യേണമേ.

3. ഞങ്ങളുടെ കർത്താവേ ഉത്തരമരുളി പാപികളായ ഞങ്ങളോട് കരുണ ചെയ്യേണമേ.

**പ്രഭാതം**

1. പിതാവായ ദൈവമേ പാപികളായ ഞങ്ങളോട് കരുണ ചെയ്യേണമേ.

2. ലോക രക്ഷിതാവും ദൈവപുത്രനുമായ യേശു മിശിഹാ ഞങ്ങളോട് കരുണ ചെയ്യേണമേ.

3. പരിശുദ്ധാത്മാവായ ദൈവമേ തിന്മയ്ക്ക് വിധേയമാകാതെ നന്മയിൽ വളരുവാൻ കൃപചെയ്യേണമേ.

**മൂന്നാം മണി**

1. സ്ലീബായാൽ ഞങ്ങളെ വീണ്ടെടുത്ത ദൈവപുത്രാ പാപികളായ ഞങ്ങളോട് കരുണ ചെയ്യേണമേ.

2. ദൈവപുത്രാ അങ്ങയുടെ തിരുരക്തത്താൽ ഞങ്ങളെ വിശുദ്ധീകരിക്കണമേ.

3. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി.

**ആറാം മണി**

1. കുറിയേലായിസോൻ (ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ)

2. യേശുവേ അങ്ങയോടുള്ള പ്രണയത്താൽ ഞങ്ങളെ നിറയ്ക്കണമേ.

3. കർത്താവേ അങ്ങയുടെ മാലാഖമാരുടെ സംരക്ഷണം ഞങ്ങൾക്കു തരേണമേ.

**സന്ധ്യ**

കുറിയേലായിസോൻ (ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ). യേശുനാമ പ്രാർത്ഥന.

യേശുവേ ദാവീദ് പുത്രാ നിന്റെ പാപിയായ ദാസന്റെ മേൽ കരുണ തോന്നണമേ.

**സൂത്താറ**

1. കുറിയേലായിസോൻ

2. യേശു! പിതൃസുതനെ എന്ന പാട്ട്.

3. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ്....

**വിശ്വാസ പ്രമാണം**

പൊതുവായ പ്രാർത്ഥനകൾ വിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ ഞങ്ങളുടെ കർത്താവായ യേശു മിശിഹാ, നിത്യ കന്യകയും പരിശുദ്ധയുമായ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയാൽ പാപികളായ ഞങ്ങളോട് കരുണ ചെയ്യേണമേ.

**ദൈവബന്ധത്തിൽ വളരുവാൻ**

യേശുവേ അങ്ങയോടുള്ള പ്രണയത്താൽ ഞങ്ങളെ നിറയ്ക്കണമേ. ഞങ്ങളോട് കരുണ ചെയ്യേണമേ.

**കുട്ടികൾക്ക് വേണ്ടി**

ഞങ്ങളുടെ കർത്താവേ പഠനത്തിൽ ശ്രദ്ധിക്കുവാനും അങ്ങ് തന്ന ബുദ്ധി ദൈവികമായി ഉപയോഗിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. പരിശുദ്ധാത്മാവിന്റെ കൃപയാൽ തെറ്റിപ്പോകാവുന്ന കൂട്ടുകെട്ടുകളിൽ നിന്നും ഞങ്ങളെ അകറ്റി നിർത്തുവാൻ സഹായിക്കേണമേ.

**രോഗികൾക്കു വേണ്ടി**

ദിവ്യ വൈദ്യനായ യേശുവേ രോഗികളായ (രോഗികളുടെ പേര്) ഞങ്ങൾ സമർപ്പിക്കുന്നു. അങ്ങയുടെ അത്ഭുത ശക്തിയാൽ രോഗം മാറി പൂർണ്ണ ബലത്തോടു കൂടി ബോധത്തോടു കൂടി അങ്ങയെ സ്തുതിക്കുവാൻ ഈ ദാസൻ/ ദാസിക്ക് കൃപ ചെയ്യേണമേ.

**ഉപസംഹാരം**

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ പരിശുദ്ധനായ പൗലോസ് ശ്ലീഹ പറഞ്ഞിരിക്കുന്ന പ്രകാരം ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്നതായ ദൈവവചനം നമ്മുടെ നിത്യജീവിതത്തിന്റെ ഒരു ഭാഗമാക്കുവാൻ ഈ പ്രാർത്ഥനാ ചരടിന്റെ ഉപയോഗം നമ്മെ സഹായിക്കും എന്ന് നമ്മുടെ പിതാക്കന്മാർ പഠിപ്പിച്ചിട്ടുണ്ട്. ഒരു കാലത്ത് പ്രാർത്ഥനാ ചരടിന്റെ ഉപയോഗം സന്യാസികളുടെ ജീവിത ഭാഗം മാത്രമായിരുന്നു. പിന്നീട് സാധാരണക്കാരിലേക്കും ഇതിന്റെ ഉപയോഗം കടന്നുവന്നു. എന്നാൽ മലങ്കരയിൽ സാധാരണക്കാരുടെ ഇടയിൽ ഇത് അത്രമാത്രം പ്രചരിക്കുകയുണ്ടായില്ല. എങ്കിലും മറ്റു ദേശങ്ങളിലെ ഓർത്തഡോക്സ് വിശ്വാസികളുടെ ഇടയിൽ ഈ പ്രാർത്ഥനാ ചരടിന്റെ ഉപയോഗം അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. ഈ ചെറിയ ഉദ്യമത്തിലൂടെ ഈ ശ്രേഷ്ടമായ പാരമ്പര്യം ഓരോ ക്രിസ്തീയ വിശ്വാസിയുടെയും ജീവിതത്തിന്റെ ഭാഗമായിത്തീരട്ടെ എന്ന് പ്രത്യാശിക്കുന്നു.

# വിവേകപൂർവ്വമായ ഉത്തരം

## റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ

"എനിക്ക് നിന്നെ ക്രൂശിപ്പാനും വിട്ടയപ്പാനും അധികാരമുണ്ടെന്ന്" പീലാത്തോസ്! "മേലിൽനിന്നും ലഭിച്ചിരുന്നില്ലെങ്കിൽ എന്റെമേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല" എന്ന് യേശു. നാടുവാഴിയായിരുന്ന പീലാത്തോസിനെ, താൻ ആരുമല്ല എന്ന് വിവേകപൂർവ്വമായ മറുപടിയിലൂടെ യേശുതമ്പുരാൻ ബോദ്ധ്യപ്പെടുത്തിക്കൊടുത്ത സംഭവമായിരുന്നു മേൽവിവരിച്ച വാക്യങ്ങളിൽ നാം കാണുക (യോഹന്നാന്റെ സുവിശേഷം 19:10–11 വാക്യങ്ങൾ). ശിഷ്യനാൽ മുപ്പത് വെള്ളിക്കാശിന് ഒറ്റിക്കൊടുക്കപ്പെട്ടിട്ട്, യേശുതമ്പുരാനെ നാടുവാഴിയായിരുന്ന പീലാത്തോസിന്റെ മുമ്പിൽ വിചാരണയ്ക്കായി, മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും ബന്ധനസ്ഥനാക്കി കൊണ്ടുപോയത് വിശുദ്ധ വേദപുസ്തകത്തിലെ നാല് സുവിശേഷങ്ങളിലും നമുക്ക് കാണാൻ കഴിയുന്നു. യേശുവിന്റെ പീഡാനുഭവവും ക്രൂശുമരണവും ഉയിർപ്പും വളരെ വിശദമായി ഈ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയുമിരിക്കുന്നു. യേശു താൻ തിരഞ്ഞെടുത്ത പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരുവനായിരുന്ന യൂദാ സ്ക്കറിയാത്തോ, യഹൂദ പ്രമാണികളിൽ നിന്നും പാരിതോഷികമായി മുപ്പത് വെള്ളിക്കാശ് കൈപ്പറ്റിക്കൊണ്ട്, ചുംബനത്താൽ ഗുരുവിനെ ഒറ്റിക്കൊടുക്കുകയും ഒടുവിൽ താൻ ചെയ്തത് മഹാപരാധം എന്ന് തിരിച്ചറിഞ്ഞ്, ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞുകളഞ്ഞ്, കെട്ടിഞാന്ന് ചത്തുകളഞ്ഞു എന്നും വി. വേദപുസ്തകം സാക്ഷിക്കുന്നു. ശിഷ്യൻ ഒറ്റിക്കൊടുത്തപ്പോഴും ശിഷ്യൻ തള്ളിപ്പറഞ്ഞപ്പോഴും തന്റെ നിയോഗത്തെപ്പറ്റി നന്നായി തിരിച്ചറിവുണ്ടായിരുന്ന യേശു പരാതിയോ, പരിഭവമോ കൂടാതെ തന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ സ്വയം ഏല്പിച്ചുകൊടുത്തു. പരിഹാസിതനായപ്പോഴും അപമാനിതനായപ്പോഴും ശാരീരികമായും മാനസികവുമായി പീഡനങ്ങൾ ഏല്ക്കേണ്ടി വന്നപ്പോഴും പിതാവിന്റെ ഹിതം നിറവേറാൻ പ്രാർത്ഥിച്ച്, തന്നെത്തന്നെ സമർപ്പിച്ചു, അതായിരുന്നു യേശു.

പീലാത്തോസിന്റെ മുമ്പിൽ കരുണയ്ക്കായി യാചിക്കാമായിരുന്നു, അവൻ യാചിച്ചില്ല. ആരുടേയും ഔദാര്യത്തിന് അവൻ കാത്തില്ല. യഹൂദന്മാരുടെ രാജാവോ താൻ എന്ന പീലാത്തോസിന്റെ ചോദ്യത്തിന് മുമ്പിൽ പതറാതെ, അതെ ഞാൻ യഹൂദന്മാരുടെ രാജാവ് എന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ അവൻ പറഞ്ഞു. ശിരസ്സിൽ മുള്ളുകൊണ്ടുള്ള കിരീടം അടിച്ചിറക്കിയപ്പോഴും മുഖത്ത് തുപ്പലേറ്റപ്പോഴും ഭാരമേറിയ കുരിശ് ചുമക്കേണ്ടി വന്നപ്പോഴും ആരും അവനോട് കരുണ കാട്ടാതിരുന്നപ്പോഴും ആരുടേയും സഹതാപം അവന് ആവശ്യമായിരുന്നില്ല. നീതിപീഠത്തേയും ന്യായാധിപനേയും അവൻ ബഹുമാനിച്ചു. പരിഹസിച്ചിട്ടും പ്രഹരിച്ചിട്ടും പ്രകോപിപ്പിച്ചിട്ടും അവൻ പ്രകോപിതനായില്ല. ശിഷ്യന്മാർ വിട്ട് ഓടിപ്പോയിട്ടും അവൻ പതറിയില്ല. ദൂരെനിന്ന് കരഞ്ഞുകൊണ്ടിരുന്ന സ്ത്രീകളെ അവൻ സാന്ത്വനിപ്പിച്ചു. തന്നെ ഉപദ്രവിക്കുന്നവർക്കുവേണ്ടി അവൻ പ്രാർത്ഥിച്ചു. തന്റെ മരണം പാപികൾക്ക് പാപമോചനവും മരിച്ചവർക്ക് ഉയിർപ്പും ജീവിച്ചിരിക്കുന്നവർക്ക് പ്രത്യാശയും നൽകുന്നതായിരുന്നു. ഒപ്പം തൂക്കപ്പെട്ട കള്ളന്മാരിൽ വലതുഭാഗത്തെ കള്ളന് തൽക്ഷണം പറുദീസ ഉറപ്പു നൽകിയ ഒരു ദൈവം അത് യേശുക്രിസ്തു അല്ലാതെ മറ്റാരാണ്? മരണത്തിന് തൊട്ടുമുമ്പുപോലും തന്റെ മാതാവിനെ ശിഷ്യനെ ഭരമേല്പിക്കുന്ന മഹത്തായ മാതൃസ്നേഹം മറ്റാരിലാണ് ദർശിക്കാൻ കഴിയുക. "ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ" എന്ന് തന്റെ പിതാവിനോട് പ്രാർത്ഥിക്കുന്ന യഥാർത്ഥ ദൈവീക പൂർണ്ണത, ക്രിസ്തുവിലല്ലാതെ മറ്റാരിൽ കാണാൻ കഴിയും. കുരിശിലെ തന്റെ മരണം ആസ്വദിച്ച യഹൂദന്മാർ ഇവൻ സാക്ഷാൽ ദൈവപുത്രൻ തന്നെയായിരുന്നു എന്ന് സാക്ഷിച്ചത് ചരിത്രസത്യം. പടയാളികൾ കാവൽ നിന്നിട്ടും, കല്ലറ മുദ്ര വച്ചിട്ടും മൂന്നാം നാൾ കല്ലറ ഭേദിച്ച് പുറത്തുവന്ന യേശുക്രിസ്തുവിനെയല്ലോ നാം ആരാധിക്കേണ്ടത്, അവനിലല്ലേ ലോകം വിശ്വാസമർപ്പിക്കേണ്ടത്? അവൻ വീണ്ടും വരും എന്ന് ഉറപ്പ് പറഞ്ഞതുകൊണ്ടും അത് വിശ്വാസയോഗ്യമായ സത്യമായതുകൊണ്ടും അവന്റെ വരവോളം നമുക്ക് കാത്തിരിക്കാം, ബുദ്ധിയുള്ള കന്യകമാരെപ്പോലെ, അഥവാ ഏത് നേരവും മടങ്ങിവരുന്ന യജമാനന്റെ വരവും കാത്ത് ഉണർന്നിരിക്കുന്ന വിശ്വസ്ത ദാസനെപ്പോലെ ജാഗ്രതയോടെ.

# 1676 –ാം സിറിയൻ ക്നാനായ വാർഷിക സംഗമം

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1676-ാം സിറിയൻ ക്നാനായ വാർഷിക സംഗമം 2021 മെയ് 29, 30, തീയതികളിൽ ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ കോവിഡ് നിയന്ത്രണങ്ങളോടെ നടത്തുന്നു. ആയതിന്റെ സ്വാഗതസംഘം രൂപീകരണ യോഗം പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളത്തിന്റെ അദ്ധ്യക്ഷതയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ഫാ.ജോൺ മാത്യു മൂലംകുളം, ഫാ. ഷിബിൻ മണിമലേത്ത്, റോയി പുത്തൻ പുരക്കൽ, അനീഷ് തകിടിയിൽ, കൊച്ചുമോൻ, ഒറ്റത്തൈയ്ക്കൽ, ബിനു കല്ലേമണ്ണിൽ, കെ.കെ. ചാക്കോ കൂർക്കക്കാലായിൽ, ജോബി കാരിക്കോട്ട്, സജി താന്നിക്കൽ, അനീഷ് കെ.ജെ., മജേഷ് മാത്യു, ഏബ്രഹാം ചാങ്ങയിൽ, ബിബിൻ കൊല്ലംപറമ്പിൽ, സുമിത്ത് മാക്കോന്ത്ര, ബിജു വഴിയിൽ, വിനോദ് പുലുത്തുരുത്തിൽ, ബെന്നി കരിയിൽ, റ്റി.എസ്. മാത്തുക്കുട്ടി എന്നിവർ പ്രസംഗിച്ചു. സമുദായ അംഗങ്ങൾക്കായി ആരാധനഗീതം, പുരാതനഗീതം, സുറിയാനി ഗീതം തുടങ്ങിയ വിവിധ കലാമത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. സമ്മേളനങ്ങളിൽ സാമൂഹിക, രാഷ്ട്രീയ രംഗത്തെ പ്രമുഖരും പങ്കെടുക്കുന്നു.

# ആരും അന്യരല്ല

ഓമന സഖറിയാ പുതിയമഠം

ഓരോ മനുഷ്യരും ദൈവത്തിന്റെ പ്രത്യേക സൃഷ്ടിയാണ്. "സ്വന്തം സാദൃശ്യത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചു" എന്ന് ഉൽപ്പത്തി പുസ്തകത്തിൽ പറയുന്നു (ഉൽപ്പത്തി 1:26). ദൈവം ഓരോ മനുഷ്യനിലുമുണ്ട്. ഓരോരുത്തരിലും ദൈവം ഉണ്ടെന്നുള്ള തിരിച്ചറിവ് ഓരോ ജീവിതത്തെയും കൂടുതൽ പ്രകാശമുള്ളതാക്കും. ചുറ്റുമുള്ളവരെല്ലാം ദൈവത്തിന്റെ പ്രതീകമാണെന്ന് വിശ്വസിക്കുന്നിടത്ത് ജീവിതം ആഘോഷമാകും.

എല്ലാവരുടേയും ജീവിതം വിഭിന്നമാണ്, വിശിഷ്ടമാണ്. ഒന്നിനേയും മറ്റൊന്നിനോട് താരതമ്യപ്പെടുത്താനോ, തുല്യമാക്കാനോ കഴിയുകയില്ല. ഓരോരുത്തരും അവരവരുടെ ജീവിതം തങ്ങളുടേത് മാത്രമായ അനുഭവങ്ങളിലൂടെയാണ് നെയ്തെടുക്കുന്നത്. ഒരാൾ സഞ്ചരിക്കുന്ന വഴികളിലൂടെയും വൈകാരിക ഭാവങ്ങളിലൂടെയും വേറൊരാളും സഞ്ചരിക്കുന്നില്ല.

മറ്റുള്ളവരെപ്പോലെ ആയില്ലല്ലോ എന്ന പരാതി വിവരക്കേടാണ്. ദൈവം ഓരോരുത്തർക്കും നൽകിയ പ്രത്യേകതകളോടെ ജീവിക്കുമ്പോഴാണ് അവരവരുടെ അസ്ഥിത്വം പൂർണ്ണമാകുക. നമുക്ക് നമ്മോടുതന്നെ മതിപ്പ് തോന്നണം. മറ്റുള്ളവർക്ക് നമ്മോട് മതിപ്പ് തോന്നണം. ദൈവത്തിന് നമ്മോട് മതിപ്പ് തോന്നണം.

എല്ലാവർക്കും ചില ബലഹീനതകളും കുറവുകളുമൊക്കെയുണ്ട്. ''നീതിമാൻ ആരും ഇല്ല ഒരുത്തൻപോലും ഇല്ല'' (സങ്കീ. 53:3). ബലഹീനതകളിലും ദൈവത്തിന് ഒരു ലക്ഷ്യമുണ്ട്. മനുഷ്യരെ പരിമിതികളോടെ തന്നെ ഉൾക്കൊള്ളുവാൻ പഠിക്കണം. ഉപാധികളില്ലാതെ എല്ലാവരേയും സ്നേഹിക്കണം. "ഓരോരുത്തരും മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് കരുതിക്കൊള്ളുവിൻ" (ഫിലിപ്പിയർ 2:3). "നിന്നെപ്പോലെ തന്നെ നിന്റെ കൂട്ടുകാരനെയും സ്നേഹിക്കണം" എന്നാണല്ലോ ദൈവകല്പന. ആരേയും നമ്മുടെ ജീവിതത്തിൽ നിന്നും മനസ്സിൽ നിന്നും മാറ്റി നിർത്തരുത്. "വീട് പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു" (ലൂക്കോസ് 20:17). നമ്മൾ തള്ളിക്കളഞ്ഞവർ ആയിരിക്കാം ഒരുപക്ഷേ നമുക്ക് മൂലക്കല്ലുകളായിത്തീരുന്നത്. മുൻവിധികളില്ലാതെ ആരേയും വിധിക്കാതെ സ്നേഹിക്കാൻ നമുക്ക് കഴിയണം. "സഹോദരന്മാരേ അന്യോന്യം ദുഷിക്കരുത്" (യാക്കോബ് 4:11). "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളേയും വിധിക്കും" (മത്തായി 7:1).




**നമ്മുടെ അഹങ്കാരം എപ്പോഴും നമ്മോട് പറയും "നാം ശരിയാണ് മറ്റുള്ളവർക്കാണ് തെറ്റ് പറ്റിയതെന്ന്." ചില അവസരങ്ങളിൽ നാം മറ്റുള്ളവരെ കുറ്റപ്പെടുത്താറുണ്ട്. നമ്മൾ തന്നെ കുറേക്കൂടി നന്നാകുന്നതാണ് നല്ലത്. അങ്ങനെയാണെങ്കിൽ മാത്രമേ മറ്റുള്ളവരുടെ ഹൃദയത്തിൽ നമുക്ക് സ്ഥാനം ഉണ്ടാവുകയുള്ളു.**

മറ്റുള്ളവരോട് നമുക്ക് എപ്പോഴും ഇടപെടേണ്ടതാണ്. അവരുടെ സമീപനം എപ്പോഴും നമ്മോട് പൊരുത്തപ്പെടണമെന്നില്ല. അവർ പല സ്വഭാവക്കാരായിരിക്കും. നമുക്ക് ആരേയും വ്യത്യാസപ്പെടുത്താൻ സാധിക്കുകയില്ല. അവർക്ക് അവരുടേതായ പ്രശ്നങ്ങളും പ്രയാസങ്ങളും ഉണ്ടായിരിക്കും. ഒരുപക്ഷെ അവരുടെ സാഹചര്യം അവരെ ആ നിലയിൽ ആക്കിയിരിക്കാം. നമ്മെ ആര് എത്രതന്നെ പ്രശംസിച്ചാലും അഹങ്കരിക്കരുത്. എത്രതന്നെ പരിഹസിച്ചാലും പ്രയാസപ്പെടരുത്. മറ്റുള്ളവർ നമ്മെക്കുറിച്ച് നല്ലത് പറയുമ്പോൾ നാം അഭിമാനിക്കാറുണ്ട്. അത് ചിലപ്പോൾ അഹങ്കാരത്തിലേക്ക് വഴുതിവീണെന്ന് വരും. നമ്മുടെ അഹങ്കാരം എപ്പോഴും നമ്മോട് പറയും "നാം ശരിയാണ് മറ്റുള്ളവർക്കാണ് തെറ്റ് പറ്റിയതെന്ന്." ചില അവസരങ്ങളിൽ നാം മറ്റുള്ളവരെ കുറ്റപ്പെടുത്താറുണ്ട്. നമ്മൾ തന്നെ കുറേക്കൂടി നന്നാകുന്നതാണ് നല്ലത്. അങ്ങനെയാണെങ്കിൽ മാത്രമേ മറ്റുള്ളവരുടെ ഹൃദയത്തിൽ നമുക്ക് സ്ഥാനം ഉണ്ടാവുകയുള്ളു. ഏകനായിരിക്കുന്നതിനേക്കാൾ നല്ലത് ആൾക്കൂട്ടത്തിലൊരാളായി മനുഷ്യബന്ധത്തിലെ ഊഷ്മളതയും സ്വച്ഛതയും അനുഭവിച്ച് ജീവിക്കുന്നതാണ്.

ആരും ഒന്നും സ്വന്തമാക്കുന്നില്ല. ഒന്നിന്റെയും അവകാശിയാകുന്നുമില്ല. ഒരു വാടകക്കാരന്റെ ചുമതല ഭംഗിയായി നിറവേറ്റി പോകുക എന്നതാണ് എല്ലാവരുടേയും ഉത്തരവാദിത്തം. ജനിക്കുന്നതിന് മുൻപും, മരണശേഷവും മറ്റാരുടെയോക്കെയോ ആണ് ഇപ്പോൾ ജീവിക്കുന്ന സ്ഥലവും വീടും തൊഴിലും കൈവരിക്കുന്ന നേട്ടങ്ങളുമെല്ലാം. ആരാണ് ഒരു നിശ്ചിത കാലത്തിനപ്പുറം എന്തെങ്കിലും കൈവശം വച്ചിട്ടുള്ളത്? അങ്ങനെയെങ്കിൽ നമ്മളെല്ലാവരും ഒരു അർത്ഥത്തിൽ തുല്യരല്ലേ.

ദൈവം പഠിപ്പിച്ച പ്രാർത്ഥനയിൽ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!" എന്ന് വിളിക്കുമ്പോൾ നമുക്കെല്ലാവർക്കും ഒരു പിതാവും നാമെല്ലാം സഹോദരീസഹോദരന്മാരും ആണെന്നുള്ള ചിന്തയോടുകൂടി ജീവിക്കണം. എല്ലാവരിലും ദൈവചൈതന്യം കാണുവാനും സ്നേഹിക്കാനും ബഹുമാനിക്കാനും നമുക്ക് കഴിയണം. "നമുക്ക് ആരും അന്യരല്ല."

# 19-ാമത് ക്നാനായ കൺവൻഷൻ 2021

**റ്റി.കെ. കുര്യൻ (മോൻ) തൈക്കുറിഞ്ഞിയിൽ**

മലങ്കര സുറിയാനി ക്നാനായ സുവിശേഷ സമാജം നേതൃത്വം നല്കുന്ന 19-ാമത് ക്നാനായ കൺവൻഷൻ ഫെബ്രുവരി 17 മുതൽ 21 വരെ കറ്റോട് സെന്റ് മേരീസ് പള്ളിയങ്കണത്തിൽ നടത്തപ്പെട്ടു. മുൻ വർഷങ്ങളെപ്പോലെ തിരുവല്ല മുനിസിപ്പൽ സ്റ്റേഡിയത്തിൽ കൺവൻഷൻ നടത്താൻ സാധിക്കില്ല എന്ന് മനസ്സിലാക്കിയ സുവിശേഷ സമാജത്തിന്റെ കേന്ദ്രകമ്മിറ്റി പ്രസിഡന്റ് അഭി: കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടി കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ട് വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ കോർ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഫെബ്രുവരി 17-ന് നോമ്പിന്റെ ആദ്യ ബുധനാഴ്ച സന്ധ്യാപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ അഭി: കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ നോമ്പും ഉപവാസവും നമ്മിൽ വരുത്തേണ്ട കാതലായ മാറ്റങ്ങളെക്കുറിച്ച് ആഴമായി ചിന്തിക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. കൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് അഭി: കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത വിശ്വാസ ജീവിതം ദൈവസേവനത്തിലേക്കും സഹോദരങ്ങളെ ശുശ്രൂഷിക്കുന്നതിലേക്കും പ്രാർത്ഥനാ ജീവിതത്തിലേക്കും നയിക്കപ്പെടണം എന്നു പറഞ്ഞു. ആദ്യ യോഗത്തിൽ വചന പ്രഘോഷണം നടത്തിയ റവ. ഫാ. ജേക്കബ് മഞ്ഞളി ഒരു ക്രിസ്ത്യാനി എന്തു വില കൊടുത്തും സഹോദരനോട് ക്ഷമിക്കേണ്ടത് അനിവാര്യമാണെന്ന് പറഞ്ഞു.

റവ. ഫാ. ഷാജി തോമസ് ചാത്തന്നൂർ, ജോസഫ് ഫലപ്രദമായ വൃക്ഷം എന്ന മനോഹരമായ ചിന്തയിൽ ജോസഫിനോട് കൂടെ എല്ലാ സാഹചര്യങ്ങളിലും ചേർന്ന് നിന്ന ദൈവസ്നേഹത്തെയാണ് രണ്ടാം ദിവസത്തെ യോഗത്തിൽ പങ്ക് വച്ചത്. മൂന്നാം ദിവസം വചനപ്രഘോഷണം നടത്തിയ റവ.ഫാ. ഷാജി കരിപ്ലാനിൽ മുറിവേറ്റ് കിടക്കുന്നവന്റെ വേദന ഉൾകൊണ്ട് അവൻ ആരെന്നുപോലും ചോദിക്കാതെ അവനെ സഹായിക്കുവാൻ തന്റെ എല്ലാ തിരക്കുകളും മാറ്റി വച്ച് തയ്യാറാകുന്ന നല്ല ശമര്യാക്കാരൻ ആണ് നല്ല സ്നേഹിതൻ എന്ന് നമ്മെ ഉദ്ബോധിപ്പിച്ചു. നാലാം ദിവസം ബ്ര. ചെറി ജോർജ് ചെറിയാൻ പ്രതിസന്ധികളെ അതിജീവിക്കുവാൻ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കണമെന്നും അങ്ങനെയുള്ളവർക്ക് ശരിയായ ആത്മീയതയിലേക്ക് വളരുവാൻ സാധിക്കും എന്നും പറഞ്ഞു.

സമാപന സന്ദേശം നല്കിയ അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത ഓരോരുത്തരും ഒരു ക്രിസ്തുവായി മാറേണ്ടതിന്റെ ആവശ്യകത ഊന്നി പറഞ്ഞു. നിലവിളിക്കുന്ന ഭക്തന്റെ കണ്ണുനീരിനെ മറികടക്കാത്ത ദൈവത്തിന്റെ കരുതലിനെക്കുറിച്ച് വെരി. റവ. ഇ.സി. വർഗ്ഗീസ് കോർ എപ്പിസ്കോപ്പ സമാപന ദിവസത്തെ വചനപ്രഘോഷണത്തിൽ നമ്മെ ഓർമ്മിപ്പിച്ചു.

സുവിശേഷ സമാജം നടത്തി വരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി 2019-വരെ ഭവന രഹിതർക്ക് 100 വീടുകൾ പൂർത്തീകരിച്ച് നല്കുവാൻ സർവ്വശക്തൻ സഹായിച്ചു. 2020-ൽ ആരംഭിച്ച 10 വീടുകളുടെ പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. 2021-ൽ കേരള സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതിയിൽ പെടുത്തി 7 വീടുകൾ പണിയുവാൻ നമുക്ക് അനുവാദം ലഭിച്ചിട്ടുണ്ട്. അതിനായി സുവിശേഷ സമാജം 14 ലക്ഷം രൂപ അടയ്ക്കുമ്പോൾ മറ്റൊരു 14 ലക്ഷം ഭവനനിർമ്മാണത്തിനായി സർക്കാർ നമുക്ക് ലഭ്യമാക്കുന്നു. അങ്ങനെ ഈ വർഷം 7 വീടുകൾ കൂടി പൂർത്തിയാക്കുവാനാണ് ശ്രമിക്കുന്നത്. അത് കൂടാതെ 140-ഓളം നിർദ്ധനരായ വിധവകൾക്ക് മാസംതോറും ധനസഹായം കൊടുക്കുന്നതിന് നാം ഗണ്യമായ തുക ചിലവിടുന്നു. നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്തുകൊടുക്കുന്നു. നിർദ്ധനരായ സുവിശേഷകർക്കുള്ള സഹായനിധി നാം ഏറ്റെടുത്തിരിക്കുന്ന മറ്റൊരു പദ്ധതിയാണ്. ഇങ്ങനെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും സ്വദേശത്തു നിന്നും വിദേശങ്ങളിൽ നിന്നും ഉള്ള സമുദായ സ്നേഹികൾ നല്കുന്ന അകമഴിഞ്ഞ സഹായത്താൽ ആണ് സാധ്യമാകുന്നത്.

സുവിശേഷ സമാജത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുന്ന അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തയോടൊപ്പം മിഷൻ ഡയറക്ടർ റവ. ഫാ. ഡോ. എ.റ്റി. ഏബ്രഹാം ആലുമൂട്ടിൽ, സമാജം ജനറൽ സെക്രട്ടറി ശ്രീ. ബാബു കൊന്നയിൽ പള്ളത്ത്, ട്രസ്റ്റി ശ്രീ. കെ.സി. ഏബ്രഹാം കടയ്ക്കാവുങ്കൽ കാലായിൽ തുടങ്ങിയവരുടെ പ്രതിഫലേച്ഛയില്ലാത്ത പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. കൺവൻഷന്റെ സുഗമമായ നടത്തിപ്പിന് എല്ലാ വിധ സഹകരണവും നല്കിയ കറ്റോട് സെന്റ് മേരീസ് പള്ളി വികാരി റവ.ഫാ. എ.ഒ.ജോൺ അമ്മനംകുന്നത്തിനും ട്രസ്റ്റി, സെക്രട്ടറി, നിർവ്വാഹക സമിതി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ●




## വരനെ ആവശ്യമുണ്ട്

**M. 611**

MSW കഴിഞ്ഞ് PHD ക്ക് ഒരുങ്ങുന്ന (NET, JRF ഉള്ള) Bangalore-ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/156cm) അനുയോജ്യരായ ദൈവഭയമുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 6282265314, 00966531250596

**M. 612**

B.Sc Nursing കഴിഞ്ഞ് ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/153cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (വിദേശത്തോ, USA) ജോലിയുള്ള നേഴ്സ്മാർക്ക് മുൻഗണന. Computer Engineer, B.Tech., M.Tech പരിഗണിക്കും.

Ph. 9605008186

**M. 613**

B.Sc Fashion Designing കഴിഞ്ഞ ക്നാനായ യുവതിയ്ക്ക് (24/160cm) അനുയോജ്യരായ വിദ്യാസമ്പന്നരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9496490644, 9605059904

**M. 614**

Knanaya parents inviting proposal for their daughter (28/154cm) working as a Rehabilitation Therapist. Seeking suitable alliance from parents of God fearing and professionally qualified boys. Ph. 9495145552

**M. 615**

Audiologist and Speech Language Pathologist ബിരുദമുള്ള ക്നാനായ യുവതിയ്ക്ക് (24/156cm) ദൈവഭയമുള്ള അനുയോജ്യരായ വിദ്യാഭ്യാസ യോഗ്യതയുള്ളതും വിദേശത്തു ജോലി ഉള്ളതുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9567518855, 8547708638

**M. 616**

Knanaya parents invite proposals for their daughter MBBS (25) Currently Preparing for P.G. Seeking suitable alliance from parents of professionally qualified boys. Ph. 9544517304, +918921927576

**M. 617**

B. Pharm കഴിഞ്ഞ് UAE MOH പാസ്സായി നിൽക്കുന്ന ക്നാനായ യുവതിയ്ക്ക് (26/161cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ദുബായിലുള്ളവർക്ക് മുൻഗണന.)

Ph. 9188862815, 9447681511

**M. 618**

Knanaya parents invites proposals for their daughter (B.Tech ECE, 26/172 cm) currently working as a Systems Engineer in Infosys. Seeking alliance from parents of God-fearing and professionally qualified boys. Ph: 9747855660

**M. 619**

M.Com കഴിഞ്ഞ് കോളേജിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ക്നാനായ യുവതിയ്ക്ക് (25) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9562047252

**M. 620**

Knanaya parents invite proposals for their daughter (24/5'4'', B.Tech Computer Science). Seeking alliance from parents of God-fearing and professionally qualified boys.

Ph. 9847891666

**M. 621**

Knanaya parents invite proposals for their daughter (27/167 cm, BHMS, doing private practice) currently pursuing M.Sc in Counselling. Seeking alliance from parents of qualified and employed boys. Ph:- 9544923055

**M. 622**

Knanaya parents inviting proposals for their daughter (27/5'3'', M.Com) working as a lecturer in reputed College. Seeking Suitable alliances from parents of Godfearing and professionally qualified boys.
Ph. 9495672435, 8301960273

## വധുവിനെ ആവശ്യമുണ്ട്

**M. 623**

B.E. Electronics and Instrumentation കഴിഞ്ഞ് അനലൈസർ ടെക്നീഷ്യൻ ആയി മസ്ക്കറ്റിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/172cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 9605103930, 9567491686

**M. 624**

ഹോട്ടൽ മാനേജ്മെന്റ് കഴിഞ്ഞ് ദുബായിൽ Star Hotel -ഷെഫ് ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/160cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9847081552, +91 6238886475

**M. 625**

മെക്കാനിക്കൽ ഡിപ്ലോമ പാസായി ദുബായിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (26/175cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഫാമിലിവിസ ഉണ്ട്, നേഴ്സ്മാർക്ക് മുൻഗണന.)
Ph. 09744492715, 09947604877

**M. 626**

മസ്ക്കറ്റിൽ സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമാ പാസ്സായി ഒരു പ്രമുഖ കമ്പിനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ആഗസ്റ്റിൽ നാട്ടിൽ വരുന്നതാണ്).
Ph. 9947063314, 7025754017

**M. 627**

Bachelor in Hotel Management കഴിഞ്ഞ് ഇപ്പോൾ കുവൈറ്റിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/6') അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (വിദേശത്തുള്ള നേഴ്സ്മാർക്ക് മുൻഗണന.
Ph.9188352660, 7558833871

**M. 628**

ഇന്ത്യയിൽ Pharm-Dകഴിഞ്ഞ് അമേരിക്കയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (26/5'6'') അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.(B.Sc.നേഴ്സ്മാർക്ക് മുൻഗണന.)
Ph.+1346 754 2376, +919544884211

**M. 629**

BCA കഴിഞ്ഞ് ഖത്തറിൽ Accountant ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (30/175cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 8547372526, 9497202713

**M. 630**

കോട്ടയത്ത് MRF-ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/5'9'') അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഡിമാന്റ് ഒന്നും ഇല്ല).
Ph. 9496250989, 8281332133

**M. 631**

Synthite spices കമ്പനിയിൽ forklift operator ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/174cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 9207028626, 9747941753

**M. 632**

Knanaya parents invite proposal for their son (29, 176 cm, B-tech) working as Mechanical engineer in a reputed company in Qatar. Seeking suitable alliance from parents of professionally qualified God fearing Knanaya girl.
Ph: +91 8939365544.
Email Id: knanayathomas@gmail.com

**M. 633**

B.Sc. Anesthesia Technology കഴിഞ്ഞ അബുദാബിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/186cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph:9061105323, 99955427565

**M. 634**

Knanaya parents invite proposals for their son (28/180cm), working as a Registered Nurse in U.S.A. Seeking alliance from parents of professionally qualified and god fearing girls. Ph. :267-776-3243(USA)
7736650038(India), 7133644553 (what's app)

**M. 635**

MEp Engineer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9526305082,7306115302

**M. 636**

Knanaya parents invite proposals for their son (26/172cm, PharmD) born and brought up in Kerala and residing in USA since 2010, seeking suitable alliance from parents of God-fearing and professionally qualified girls.
Ph. 9496951740, USA +12149715415

**M. 637**

B.Tech Mechanical Engineering കഴിഞ്ഞ് നാട്ടിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/173cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 8547841992, 8606192297

**M. 638**

Electrical Diploma കഴിഞ്ഞ് ബഹ്റിനിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/175cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph.9961718192

**M. 639**

Civil Diploma പാസ്സായി 4 വർഷമായി കുവൈറ്റിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/170cm ഏക മകൻ) മെയ്മാസം പകുതിയിൽ നാട്ടിൽ വരും. ഫാമിലിവിസ ഉണ്ട്. അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാ

പിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണി ച്ചുകൊള്ളുന്നു. Ph. 9846431782, 7025301782

**M. 640**

നാട്ടിൽ പ്രൈവറ്റ് കമ്പനിയിൽ സൂപ്പർവൈസറായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/176cm, ഇടത്തരം കുടും ബം) ദൈവഭയമുള്ള അനുയോജ്യരായ ക്നാനായ യുവ തികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9961754123, 9605536708

**M. 641**

Knanaya parents inviting proposal for their son (30/168 Cm.), mostly brought up outside of Kerala in relation to education. Mechanical engineer by profession. For the last 7-8 years working in Qatar as "Estimation engineer". Seeking suitable alliance from parents of God-fearing and Professionally qualified daughters.

Ph: 94954 45844 & 99470 04220.

**M. 642**

B.Tech (Electrical&Electronics) കഴിഞ്ഞ് അബുദാബി യിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/180cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്ക ളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (B.Sc. നേഴ്സ്മാർക്ക് മുഗണന.)
Ph: 9495010187, 9497160187, 45844 & 99470 04220.

**M. 643**

B.Com അക്കൗണ്ടന്റായി ഖത്തറിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (26/6') അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോച നകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9495605433, 9544164405

**M. 644**

ബഹറിനിൽ എഞ്ചിനീയറായി ജോലി ചെയ്യുന്ന B. Tech (28/172 cm) യുവാവിന് അനുയോജ്യരായ ക്നാനായ യുവ തികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. B.Sc നേഴ്സിന് മുൻഗണന. (മെഡി ക്കൽ ഫീൽഡുകാരെയും പരിഗണിക്കും).
Ph: 9447895273, 9526016549

**M. 645**

M. Tech (Mechanical) കഴിഞ്ഞ് അബുദാബിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/167 cm) സ്വദേശത്തോ വിദേശത്തോ ജോലി ചെയ്യുന്ന അനുയോജ്യരായ ദൈവഭയ മുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. B.Sc നേഴ്സിന് മുൻഗണന. Ph: 9447455916, 9562065106

## പുനർവിവാഹം

**M. 646**

തന്റേതല്ലാത്ത കാരണത്താൽ വിവാഹബന്ധം വേർപെടു ത്തിയ ക്നാനായ യുവാവിന് (Planter, 37/170cm, Rubber Estate) ദൈവഭയമുള്ള അനുയോജ്യരായ ക്നാനായ യുവ തികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (കുട്ടികൾ ഇല്ല).

Ph. 9496103979, 9447592942

**M. 647**

നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ, കോട്ടയ ത്ത് സ്വന്തമായി ബിസിനസ്സ് ചെയ്യുന്ന ക്നാനായ യുവാവിന് (41) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപി താക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളു ന്നു. (ഒരാൺകുട്ടിയുണ്ട്). Ph. 9495749682, 9447806522

# അമ്മയുടെ വിലാപം

**പ്രൊഫ. ഡോ. അന്നാമ്മ ജേക്കബ്**
**മള്ളുശ്ശേരി,റാന്നി**

കേൾക്കുന്നു ഞാനൊരു ആർത്തനാദം
എങ്ങുന്നു കേൾക്കുന്നീ ആർത്തനാദം
എന്മടിത്തട്ടിൽ നിന്നോമനേ നിന്നെ
ആരിവർ എങ്ങോട്ടുകൊണ്ടുപോയി
എവിടേക്കു കൊണ്ടുപോയി?
എന്തിനായ് കൊണ്ടുപോയി?
തളിരിന്റെ മാർദ്ദവം ഏറ്റ കൈകൾ
മരക്കുരിശേന്തുന്നതെങ്ങനാവോ?
വിറയാർന്ന ചുണ്ടുകൾ മുരളുവതെന്തോ?
വരളുന്ന നാവതു തേടുന്നതെന്തോ?
എന്നിളം പൈതലേ നിനക്കു നോവുകില്ലേ
നിനക്കു ദാഹിക്കുന്നോ?
(കേൾക്കുന്നു ഞാനൊരു..)
തിരുമിഴി പാതി അടഞ്ഞുവല്ലോ
തിരുജീവൻ പാതി നിലച്ചുവല്ലോ
തിരുനിണം ചിന്തി നീ മാനവർക്കായ്
പുതുജീവൻ നൽകാൻ കരുണ കാട്ടി
എന്നിളം പൈതലേ നിനക്കു നേരുന്നു
സ്വസ്തി
അമ്മ നേരുന്നു സ്വസ്തി (കേൾക്കുന്നു
ഞാനൊരു...)

# കരുണ

**നിസ്സി ഏബ്രഹാം,പൂവത്തുംതറയിൽ, കുറ്റൂർ**

അമ്മ തൻ കുഞ്ഞിനോട് തോന്നുന്നത് കരുണ
മനുഷ്യന് തന്റെ ഇരയോടും തോന്നുന്നതും കരുണ
കാടിന്റെ മാർവിലൂടെ ഒരു ചെറു അരുവി
ഒഴുകുന്നതും കാടിന്റെ കരുണ.
രാത്രിക്ക് പകലിനോട് തോന്നുന്നതും കരുണ
ഈ സൽ പ്രപഞ്ചം മുഴുവനും നിൻ
കരുണയാൽ ജീവാംശമാകുമ്പോൾ...
ഈശോയേ നിൻ കരുണ എത്രയോ
ആഴമേറിയതെന്ന് ഞാൻ അറിയുന്നു.
ഓരോ ശലഭത്തിനും ജീവന്റെ
തൂവൽ സ്പന്ദനമേകീടും നിൻ
കരുണ എത്രയോ മാധുര്യം.
ആഴമേറിയൊരാ കരുണയെ സ്പർശിക്കാൻ
ഒരു തൂവൽ തെന്നലായ്....
നാഥ, നീ എന്നെയും ചേർത്തീടണമേ.
ഇമ്പമുള്ള പറുദീസായുടെ വാതിലിൽ
നിൻ മഹാകാരുണ്യം അളവില്ലാതെ
ഞങ്ങൾക്കായ് ചൊരിഞ്ഞീടേണമേ.

**33 –ാം ചരമവാർഷികം**
**26 - 03 - 2021**



## കെ. സി. സ്കറിയ
**കല്ലുകുളം, ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**3-ാം ചരമവാർഷികം**
**22-03-2021**



## സാറാമ്മ മാത്യു
**ഇലഞ്ഞിക്കൽ**
**തലയാർ, കുറ്റൂർ**

സന്തപ്ത കുടുംബാംഗങ്ങൾ

**15 –ാം ചരമവാർഷികം**
**11- 03 - 2021**



## പി.എ. ഐസക്ക്
**കാവനാൽ**
**തിരുവനന്തപുരം**

*സന്തപ്തകുടുംബാംഗങ്ങൾ*

# വിവാഹ ഒരുക്ക സെമിനാർ


2021 ഏപ്രിൽ മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 8, 9, 10 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പുതന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലി ഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

**Fr. Dr. James Jacob Thodathil**
(Director) Ph: 9447456204

**Fr. Jiji Punnoose Puthenpurackal**
(Secretary) Ph: 9447119918

**42 – ാം ചരമവാർഷികം**

**6- 03- 2021**



## വി. യു. ആൻഡ്രൂസ്

**(പാപ്പച്ചൻ)**

**ചെറുനാട്ടായ പല്ലാട്ട്, ചെങ്ങളം**

**സന്തപ്ത കുടുംബാംഗങ്ങൾ**

**31 – ാം ചരമവാർഷികം**

**5- 03 - 2021**



## പി. കെ. ഏബ്രഹാം (കുഞ്ഞവറാച്ചൻ)

**പ്ലാന്തോടത്തിൽ**


**ഇരവിപേരൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ".

*സന്തപ്ത കുടുംബാംഗങ്ങൾ*

**4 – ാം ചരമവാർഷികം**

**6- 03- 2021**




## റ്റി.കെ. ജോയി

**പടിഞ്ഞാറേതോപ്പിൽ, കുറ്റൂർ, തിരുവല്ല**

*ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്തകുടുംബാംഗങ്ങൾ*

**6 – ാം ചരമവാർഷികം**

**3- 03- 2021**



## ഉതുപ്പാൻ മാത്യു

**(കുഞ്ഞുമോൻ)**

**പ്ലാംകൂട്ടത്തിൽ,കോട്ടയം**

**സന്തപ്ത കുടുംബാംഗങ്ങൾ**

20-3-2021 **First Death Anniversary** 17-4-2021



## Mariamma Kuriakose

Kozhimattam, Chingavanam

## Suja Zachariah

Mulackanchira, Chingavanam

Those who are righteous will be long remembered (Psalm 112:6)

Lots of Love & Prayers- Nikhil & Rohan

---

## 40 – ാം ചരമദിനം

10 – 3 – 2021



Advt - S

## എ. യു. ഏബ്രഹാം (അനിയച്ചൻ)

ചെറുവേലിലായ അയ്മനത്ത്, കുറിച്ചി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ "

സന്തപ്ത കുടുംബാംഗങ്ങൾ

---

## 4 – ാം ചരമവാർഷികം

1 – 4 – 2021



Advt - O

## K.I.ഏബ്രഹാം

കൊടിഞ്ഞൂർ, ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5 – ാം ചരമവാർഷികം
26 – 03 – 2021



Advt - O

# അന്നമ്മ ഇസ്രായേൽ
വേലുകിഴക്കേതിൽ, കുറ്റൂർ, തിരുവല്ല

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1– ാം ചരമവാർഷികം
10-03-2021



**P.T Abraham (Baby )**
**PalantharaKunnathumannil (H)**
**Vallamkulam East P.O**
**Thiruvalla**

*" നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ "*

Advt -R



## 40 – ാം ചരമദിനം
19 – 03 – 2021

# തങ്കമ്മ തോമസ്
കൈതാരം,
ചിങ്ങവനം



"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 4th Death Anniversary

30-3-2021



25-03-1938 - 30-03-2017

## E.T.ABRAHAM (Avarachen)

Ezhumayil, Chingavanam

**Sorrowing Family**-Valsa Abraham
Dr Manoj, Dr Sina, Irene & Abigail
Dr Manju, Santhosh, Lydia & Asher

Advt -O

## 40 –ാം ചരമദിനം

8 –03 –2021



## തോമസ് സ്കറിയ (65)

കടവിൽ, മൂലവട്ടം

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 40 –ാം ചരമദിനം

15 –03 –2021



## കെ.എം. ജോസഫ് (95)

തമ്പിച്ചായൻ

കുറ്റിയിൽ, ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## ഒന്നാം ചരമവാർഷികം

18 –03 –2021



## കെ.സി. എബ്രഹാം

കൈതോലിൽ, ഇരവിപേരൂർ

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*


Advt -O

3 –ാം ചരമവാർഷികം

16–4–2021

6 –ാം ചരമവാർഷികം

4–3–2021





**K. S. Mathew (Tomy)**

**Litto K. Mathew**

**Kdaithara, Chingavanam**

By Sorrowing Family

Advt - R

7 –ാം ചരമവാർഷികം

31–3–2021



**ആനി ഏബ്രഹാം**

w/o ഫാ. കെ. സി. ഏബ്രഹാം

കട്ടത്തറ, നീലംപേരൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ് നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R



## 2nd Death Anniversary

10–03–2021

# Annamma Abraham

**(Suja Konamala)**

**CHICAGO**

Love you always Amma

Roymon Konamala,
Shon, Emil and Sheethel

Advt -O

**14 –ാം ചരമവാർഷികം**
**28- 03- 2021**



**ഇ.എം. തോമസ്**
**ഇടയപറമ്പിൽ**
**അഞ്ചാനി, റാന്നി**

*നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
**സന്തപ്ത കുടുംബാംഗങ്ങൾ**

**4 –ാം ചരമവാർഷികം**
**3 - 03 - 2021**

**11 –ാം ചരമവാർഷികം**
**16 - 10 - 2021**




**A.O.Chandy** **Thankamma Chandy**

**Edasseril, Ranny**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ".
*സന്തപ്ത കുടുംബാംഗങ്ങൾ*


**12 –ാം ചരമവാർഷികം**
**20 - 03 -2021**



**ഷാജി ഏബ്രഹാം**
**ഇരണയ്ക്കൽ,**
**തുരുത്തിക്കാട്, മല്ലപ്പള്ളി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
**സന്തപ്ത കുടുംബാംഗങ്ങൾ**

**19 –ാം ചരമവാർഷികം**
**20 -03- 2021**





**പി.റ്റി. സ്റ്റീഫൻ (ബേബി)**
**ഇടശ്ശേരിൽ, നടുക്കേമുറിയിൽ**
**ഒഴുവൻപാറ, റാന്നി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്ത കുടുംബാംഗങ്ങൾ*

**28-ാം ചരമവാർഷികം**
**25-03-2021**

**7 – ാം ചരമവാർഷികം**
**26 - 04 - 2021**





**Saji Kuriakose**
(Forest Contractor)

**Baby Kuriakose**
(Forest Contractor)

**Kavumkal, Angadi, Ranny**


*ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ*
*തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*
*സന്തപ്തകുടുംബാംഗങ്ങൾ*

**10 – ാം ചരമവാർഷികം**
**9- 03 - 2021**



**കെ. സി. ഏബ്രഹാം (പാപ്പച്ചൻ)**
**കരിപ്പാൽ**
**ചെറുകുളഞ്ഞി, അഞ്ചാനി, റാന്നി**
*ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി*
*നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ*
*സന്തപ്തകുടുംബാംഗങ്ങൾ*

**17 – ാം ചരമവാർഷികം**
**18-03-2021**



**എ.എം. ഫിലിപ്പ്**
**ഇരണയ്ക്കൽ,**
**തുരുത്തിക്കാട്, മല്ലപ്പള്ളി**
*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
**സന്തപ്ത കുടുംബാംഗങ്ങൾ**

***kt\ l kacWb¡***

**16 – ാം ചരമവാർഷികം**
**26 - 03 - 2021**

**20 – ാം ചരമവാർഷികം**
**29 - 03 - 2021**



**M. K. Abraham Sosamma Abraham**

**Maliyil**
**Vadasserikara**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ".
*സന്തപ്ത കുടുംബാംഗങ്ങൾ*

**6 – ാം ചരമവാർഷികം**

**06- 03- 2021**



## Ligi Thomas

**Ottathycal**

**Chingavanam**

*നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*

*സന്തപ്തകുടുംബാംഗങ്ങൾ*

**10 – ാം ചരമവാർഷികം**

**07 - 03 - 2021**



## മേരി കുര്യൻ

**കുന്നിരിക്കൽ പുത്തൻവീട്, വള്ളംകുളം, തിരുവല്ല**

*നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ"*

*സന്തപ്ത കുടുംബാംഗങ്ങൾ*



## 34th Death Anniversary

**21-03-2021**

# P. T. ZACHARIAH

## MARY GIRI ESTATE

**VADAKKENCHERRY, PALAKKAD**

**(Peedikaparambil)**

**Chingavanam**

**BY SORROWING FAMILY**



പാവനസ്മരണയ്ക്ക്

25 –ാം ചരമവാർഷികം

22 - 03 - 2021

## V. Rev. K.C. Mathews Cor-Episcopa

### Konnackal, Thuruthicad

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

*സന്തപ്തകുടുംബാംഗങ്ങൾ*

**34th Death Anniversary**
3–04–2021



## M.I. George (Pappachan)
**(Retd. Asst. Exe. Engineer KSEB)**

**42nd Death Anniversary**
29–10–2021



## Thankamma George
**(Retd.Teacher)**

## Moozhical (Valel) Mundapuzha, Ranny

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

Sorrowing Family

**10 – ാം ചരമവാർഷികം**
**09 - 02 - 2021**

**4 – ാം ചരമവാർഷികം**
**18 - 03 - 2021**



**പി.എം. തോമസ് ജെയിനമ്മ തോമസ്**

**പുല്ലംപള്ളിൽ,**
**റാന്നി**

*സന്തപ്തകുടുംബാംഗങ്ങൾ*

---

**ഒന്നാം ചരമവാർഷികം**
**18 - 03 - 2021**




**പി.എ. തോമസ്**

**പടിഞ്ഞാറേ മുറിയിൽ**
**ഐത്തല, റാന്നി**

*സന്തപ്തകുടുംബാംഗങ്ങൾ*

---

**40 – ാം ചരമദിനം**
**15- 03 - 2021**



**ശോശാമ്മ സ്കറിയ**

**കോക്കാംപാടം (മുണ്ടയ്ക്കൽ), ഈര**
**"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"**

*സന്തപ്തകുടുംബാംഗങ്ങൾ*

---

**36 – ാം ചരമവാർഷികം**
**4 - 03 - 2021**



**കെ.സി. ഏബ്രഹാം**

**മാലീകറുകയിൽ, മാന്നാർ**
*നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*

*സന്തപ്തകുടുംബാംഗങ്ങൾ*

**14th Death Anniversary**

11 – 03 – 2021



# T. P. KURIAN


Thekkummuriyil House
St. Ignatius Church
Thiruvananthapuram

Inserted by Wife, Children, Grand Children, Family Members

---

**43 – ാം ചരമവാർഷികം**
**2- 02- 2021**

**36 – ാം ചരമവാർഷികം**
**30-03-2021**





**മാത്യു തോമസ്** **അച്ചാമ്മ തോമസ്**


**മണലേൽചിറയിൽ**

**ചെങ്ങളം**

സന്തപ്ത കുടുംബാംഗങ്ങൾ

---

**25 – ാം ചരമവാർഷികം**
**3- 04 - 2021**



## ജയിംസ് തോമസ്


**മുരിങ്ങശ്ശേരിൽ, കല്ലിശ്ശേരി (അറയ്ക്കൽ, കാവാലം)**

**"നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൻ വലഭാഗത്തിൽ"**

*സന്തപ്തകുടുംബാംഗങ്ങൾ*

---

**18 – ാം ചരമവാർഷികം**
**12 - 03 - 2021**



## എം. റ്റി. ഏബ്രഹാം (തങ്കച്ചൻ)

**മൂഴിപ്പെരുമേത്ത്**

**തിരുവനന്തപുരം**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*


*സന്തപ്തകുടുംബാംഗങ്ങൾ*

**11 – ാം ചരമവാർഷികം**
**20 - 03 - 2021**



**കുര്യൻ തോമസ്**
**ഉതിനിൽക്കുന്നതിൽ**
**കുറ്റൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**5th Death Anniversary**
**24-03-2021**




**P. C. ABRAHAM**
**(PAPPACHEN)**
**Puthuparampil**
**Aythala, Ranny**
*സന്തപ്ത കുടുംബാംഗങ്ങൾ*

**15 – ാം ചരമവാർഷികം**
**19- 03- 2021**




**തോമസ് ചാണ്ടി**
**നെയ്പള്ളിയൂഴത്തിൽ**
**ഇരവിപേരൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**9 – ാം ചരമവാർഷികം**
**23 - 03 - 2021**



**പി.സി. ചാക്കോ**
**പുതുപ്പറമ്പിൽ**
**ഐത്തല, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**11 – ാം ചരമവാർഷികം**
**27 - 03 - 2021**



**V.J.Joseph**(Kunjumon)
**Vadakemuriyil**
**Ranni**
*സന്തപ്ത കുടുംബാംഗങ്ങൾ*

**25 – ാം ചരമവാർഷികം**
**23 - 03 - 2021**



**പുന്നൂസ് (കുഞ്ഞച്ചൻ)**
**കടുങ്ങോത്ത്**
**പഴയകളം, കുറിച്ചി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**12 – ാം ചരമവാർഷികം**
**24 - 03 - 2021**



**കെ.സി. പീറ്റർ (പത്രോച്ചൻ)**
**കരോട്ട്**
**ചിങ്ങവനം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**2 – ാം ചരമവാർഷികം**
**31 - 03 - 2021**



**പി.സി. സണ്ണിക്കുട്ടി**
**ഇലവനാടിയിൽ**
**പഴവങ്ങാടി, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**11 – ാം ചരമവാർഷികം**
**25 - 03 - 2021**




**കെ.സി. തോമസ്**
**(പാപ്പൂട്ടി)**
**കീച്ചേരിൽ, ചാന്നാനിക്കാട്**
*സന്തപ്ത കുടുംബാംഗങ്ങൾ*

**10 – ാം ചരമവാർഷികം**
**20 - 02 - 2021**



**റ്റി.സി. തോമസ്**
**(ജോസ്)**
**തുണ്ടത്തിൽ, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*


**20 – ാം ചരമവാർഷികം**
**17 - 03 - 2021**



**എം. ഏബ്രഹാം (ജോയ്)**
**മുണ്ടുച്ചിറയിൽ,**
**നീലംപേരൂർ, കുറിച്ചി**
*സന്തപ്ത കുടുംബാംഗങ്ങൾ*

*നല്ല പോർ പൊരുതി, ഓട്ടം തികച്ചു വിശ്വാസം കാത്തു നീതി യുടെ കിരീടം എനിക്കായ് ഒരു ക്കിവച്ചിരിക്കുന്നു.*

**1 –ാം ചരമവാർഷികം**
**4-03-2021**




**പി.റ്റി. ഏബ്രഹാം**
**(അവറാച്ചൻ)**
**പുന്നാപറമ്പിൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**സ്വർഗ്ഗത്തിലെ**
**ഒന്നാം പിറന്നാൾ**
**24-02-2021**



**ഇ.പി. ഏബ്രഹാം**
**ഇളംപള്ളിൽ**
**തിരുവൻവണ്ടൂർ**

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, കൊച്ചുകൊച്ചുമക്കൾ*

---

**17 –ാം ചരമവാർഷികം**
**29-03-2021**



**എൻ.പി. ചാണ്ടി (ജോയി)**
**നെയ്ച്ചേരിൽ**
**കുടമാളൂർ, കോട്ടയം**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**18th Death Anniversary**
**25-02-2021**



**Thankamma Kuruvila**
**Onattu**
**Chalukunnu,Kottayam**

Sorrowing Family

---

**4 –ാം ചരമവാർഷികം**
**5-03-2021**




**ജെസ്സി തോമസ്**
**പാറയിൽ**
**ഞാലിയാകുഴി, വാകത്താനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**2 –ാം ചരമവാർഷികം**
**2-03-2021**




**എം.എ. ജോസ്**
**മാലിയ്ക്കൽ,**
**പുളിമുക്ക്, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**23 –ാം ചരമവാർഷികം**
**21-03-2021**



**റ്റി.പി. ഏബ്രഹാം**
**തോമ്പുമണ്ണിൽ**
**ഇടക്കുളം, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**11 –ാം ചരമവാർഷികം**
**22-03-2021**



**പ്രകാശ് ഏബ്രഹാം**
**(സിവിൽ കോൺട്രാക്ടർ)**
**നടുവിലേപറമ്പിൽ**
**വാകത്താനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**19th Death Anniversary**
**26 - 03 - 2021**




**ഇട്ടിയവിരാ പി.ഐ.**
**(കുഞ്ഞവറാച്ചൻ)**
**തേക്കാട്ടിൽ, മഴുക്കീർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**9 –ാം ചരമവാർഷികം**
**19 - 03- 2021**



**പി.സി ചാക്കോ (തങ്കച്ചൻ)**
**കൈപ്പുഴമുള്ളാനിൽ**
**ഇടക്കുളം, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**സ്വർഗ്ഗത്തിൽ 7 –ാം പിറന്നാൾ**
**23-3- 2021**



**പി.കെ. പുന്നൂസ് (തങ്കച്ചൻ)**
**പ്ലാത്തോടത്തിൽ**
**ഇരവിപേരൂർ, തിരുവല്ല**

*സന്തപ്ത കുടുംബാംഗങ്ങൾ*

---

**40 –ാം ചരമവാർഷികം**
**18 - 03- 2021**



**നൈത്തോ തോമസ്**
**(ഏലിക്കുട്ടി)**
**മടുക്കമുട്ടിൽ**
**പൂവൻതുരുത്ത്**

*സന്തപ്ത കുടുംബാംഗങ്ങൾ*

# 3 – ാം ചരമവാർഷികം

15 – 3 – 2021



# സെലിൻ സജി

**കറുകേലിൽ, തിരുവൻവണ്ടൂർ**

**“ആദം മക്കൾക്കുത്ഥാനം വാഗ്ദത്തം ചെയ്തോൻ മശിഹാ**
**നിൻ ശരണത്തിൽ നിദ്രിതയാം ദാസിക്കേകണമുത്ഥാനം.”**

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

Registered No. KL/CHC/29/2021-23
Published on 15 March 2021

KNANAYA DEEPAM
Chingavanam

RNI No. KERBIL/2006/19210
Vol. 32, Issue: 3 ` 15

# 1676-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം സ്വാഗതസംഘം ഉദ്ഘാടനം



ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ

**1676** –ാം സിറിയൻ ക്നാനായ വാർഷിക സംഗമം

**2021 മെയ് 29,30**
(ശനി, ഞായർ തീയതികളിൽ)

ചിങ്ങവനം
സെന്റ് ജോൺസ് പുത്തൻപള്ളിയിൽ

കോവിഡ് നിയന്ത്രണങ്ങളോടെ

1676 – ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ സ്വാഗതസംഘം ഉദ്ഘാടനം സമുദായ മെത്രാപ്പോലീത്ത **അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** നിർവഹിക്കുന്നു.

വാർഷിക സംഗമത്തിൽ ആരാധനാഗീതം, പുരാതനഗീതം, സുറിയാനിഗീതം തുടങ്ങി വിവിധ കലാമത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. സാമുദായിക രാഷ്ട്രീയ നേതാക്കന്മാർ വിവിധ പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നു



PROJECT BY
WAKE
KNANAYA WEDDINGS.COM

ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി

www.knanayaweddings.com

എറണാകുളം
+91 70254 22022

ചിങ്ങവനം
+91 94461 46000

knanayaweddings@gmail.com



Advt -O

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**